# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




## ഏപ്രിൽ 2020

## ഉയിർപ്പുതിരുനാൾ മംഗളങ്ങൾ

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLIV   No. 4   ഏപ്രിൽ 2020


| | | |
|---|---|---|
| സർക്കുലർ | - | 11 |
| സർക്കുലർ | - | 14 |
| സർക്കുലർ | - | 17 |
| സർക്കുലർ | - | 21 |
| അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് ജനകീയ സ്നേഹാദരവ് | - | 24 |
| കച്ചേരിക്കാര്യം | - | 33 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - | 46 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 56 |
| അജപാലനോത്തേജനവിഭാഗം | - | 57 |
| വിശ്വാസജീവിതപരിശീലനരംഗം | - | 59 |
| ചെറുപുഷ്പ മിഷൻലീഗ് | - | 62 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 63 |
| കുടുംബപ്രേഷിതത്വം | - | 65 |
| മാതൃവേദി | - | 67 |
| വൊക്കേഷൻ ബ്യൂറോ | - | 69 |
| മേരി മാതാ മൈനർ സെമിനാരി | - | 70 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - | 72 |
| നല്ലതണ്ണി മാർത്തോമാശ്ലീഹാ ആശ്രമം | - | 73 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - | 74 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 75 |
| സന്യസ്തർ | - | 77 |
| കത്തോലിക്കാ കോൺഗ്രസ് | - | 83 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 88 |
| ഡി.സി.എം.എസ്. | - | 90 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 91 |
| വിൻസെൻഷ്യൻ വേദി | - | 93 |
| വിമല പബ്ലിക്കേഷൻസ് | - | 95 |
| Special Care Homes & Charitable institution | - | 96 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 101 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 103 |
| രൂപതാവാർത്തകൾ | - | 106 |
| Bishop's Engagements | - | 109 |
| Collection from the Parishes 2019 April to 2020 March 25 | - | 111 |



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No. 4 ഏപ്രിൽ 2020



ഏപ്രിൽ 19-ാം തീയതി ജന്മദിനവും

ഏപ്രിൽ 24-ാം തീയതി നാമഹേതുകത്തിരുന്നാളും

ആഘോഷിക്കുന്ന

**അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് കാർഡിനൽ ആലഞ്ചേരി പിതാവിന്**

കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ.



**ഏപ്രിൽ 24–ാം തീയതി നാമഹേതുകത്തിരുന്നാൾ**

**ആഘോഷിക്കുന്ന തക്കല രൂപത മെത്രാൻ**

**അഭിവന്ദ്യ മാർ ജോർജ് രാജേന്ദ്രൻ പിതാവിന്**

**കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ**

**പ്രാർത്ഥനാശംസകൾ.**




ഏപ്രിൽ 24–ാം തീയതി നാമഹേതുകത്തിരുന്നാൾ
ആഘോഷിക്കുന്ന സിഞ്ചെല്ലൂസ്
പെരിയ ബഹുമാനപ്പെട്ട മോൺ. ജോർജ് ആലുങ്കലച്ചന്
കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ.



**മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയുടെ**
**റെക്ടറായി നിയമിതനായിരിക്കുന്ന**

## റവ. ഡോ. സെബാസ്റ്റ്യൻ പാലമൂട്ടിലച്ചന്

**കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ**
**പ്രാർത്ഥനാശംസകൾ.**



അഭിവന്ദ്യ
മാത്യു അറയ്ക്കൽ
പിതാവിന്
ജനകീയ
സ്നേഹാദരവ്
2020 മാർച്ച് 01 ഞായർ
ജീവന്റെ
സമൃദ്ധി






മാത്യു




AMAL JYOTHI

Prot. No. 0392/2020

# സർക്കുലർ

# വിശുദ്ധവാര തിരുക്കർമ്മങ്ങൾ – 2020

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീസഹോദരന്മാരേ,

ലോകം മുഴുവൻ പടർന്നു പിടിച്ച കൊറോണ വൈറസ് ബാധയുടെ ആഘാതത്തിലാണല്ലോ നാമെല്ലാവരും. ഈ വലിയ ദുരന്തത്തിൽ നിന്ന് നമ്മെയും ലോകം മുഴുവനെയും രക്ഷിക്കണമേയെന്ന് കാരുണ്യവാനായ ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥന തുടരാം. ദുഃഖപൂർണ്ണമായ ഈ പശ്ചാത്തലത്തിലാണ് വിശുദ്ധവാരാചരണം നടക്കേണ്ടത്. നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങളാണല്ലോ ഈ ആഴ്ചയിൽ നാം അനുസ്മരിക്കുന്നത്. ലോകരക്ഷയ്ക്കുവേണ്ടി പീഡസഹിച്ച ഈശോയുടെ സഹനങ്ങളോട് ചേർന്ന് നമുക്കും ദൈവപിതാവിനോട് കരുണയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.

കൊറോണ വൈറസിന്റെ വ്യാപനം തടയുന്നതിനും അതുവഴി മറ്റുള്ളവരുടെയും നമ്മുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന ഇരുപത്തിയൊന്ന് ദിവസത്തെ ലോക്ഡൗണിന്റെയും സംസ്ഥാന സർക്കാരും ജില്ലാ ഭരണകൂടങ്ങളും നിയമപാലകരും നൽകുന്ന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഈ വർഷത്തെ വിശുദ്ധവാരാചരണം പരിമിതപ്പെടുത്തേണ്ടിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ, പൗരസ്ത്യസഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയം നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, ആവശ്യമായ ആലോചനകൾക്കു ശേഷവും സീറോമലബാർ സഭയിലെ രൂപതകളിൽ വിശുദ്ധവാരാചരണവുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ഈ നിർദ്ദേശങ്ങൾ ഏവരും പാലിക്കേണ്ടതാണ്.

1. വൈറസ് വ്യാപനത്തെ ചെറുക്കുന്നതിനുവേണ്ടി നിലവിലുള്ള നിയന്ത്രണങ്ങളുടെ ഭാഗമായി ഈ വർഷത്തെ തിരുക്കർമ്മങ്ങൾ വിശ്വാസികളുടെ പങ്കാളിത്തമില്ലാതെയാണ് നടത്തേണ്ടത്.
2. അഭിവന്ദ്യ പിതാക്കന്മാർ കത്തീഡ്രൽ ദൈവാലയങ്ങളിലും ബഹു.

വൈദികർ ഇടവക ദൈവാലയങ്ങളിലും അവശ്യം വേണ്ട ശുശ്രൂഷ കരുടെ മാത്രം (5 പേരിൽ കൂടാതെ) പങ്കാളിത്തത്തോടെയാണ് തിരു ക്കർമ്മങ്ങൾ നടത്തേണ്ടത്.

3. സാധിക്കുന്നിടത്തോളം കത്തീഡ്രൽ ദൈവാലയങ്ങളിൽ നിന്നോ അതാത് ഇടവകകളിൽ നിന്നോ വിശുദ്ധവാര തിരുക്കർമ്മങ്ങൾ ലൈവ് ആയി വിശ്വാസികൾക്കു വേണ്ടി സംപ്രേഷണം ചെയ്യേണ്ടതാണ്.
4. ഓശാന ഞായറാഴ്ച വൈദികൻ വിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ അന്നത്തെ തിരുക്കർമ്മത്തിൽ പങ്കെടുക്കുന്നവർക്കുവേണ്ടി മാത്രം കുരുത്തോലകൾ (ലഭ്യമെങ്കിൽ) ആശീർവദിച്ചാൽ മതിയാകും. അന്ന് മറ്റുള്ളവർക്ക് കുരുത്തോല വിതരണം നടത്തേണ്ടതില്ല.
5. വി. മൂറോൻ കൂദാശ വിശുദ്ധവാരത്തിൽ നടത്തേണ്ടതില്ല. പിന്നീട് ഒ രു ദിവസം നടത്താവുന്നതാണ് (ഉദാ. പന്തക്കുസ്താ തിരുനാളിനോ ടനുബന്ധിച്ച്).
6. പെസഹാവ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷ ഒഴിവാക്കേണ്ട താണ്.
7. പെസഹാവ്യാഴാഴ്ച ഭവനങ്ങളിൽ നടത്താറുള്ള അപ്പം മുറിക്കൽ ശുശ്രൂഷ ഓരോ ഭവനത്തിലുമുള്ളവർക്കു മാത്രമായി പരിമിതപ്പെടു ത്തേണ്ടതാണ്. കുടുംബക്കൂട്ടായ്മ അടിസ്ഥാനത്തിലോ ബന്ധുവീടു കൾ ഒന്നിച്ചുചേർന്നോ നടത്താറുള്ള അപ്പം മുറിക്കൽ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.
8. പീഡാനുഭവവെള്ളിയാഴ്ചയുള്ള ക്രൂശിതരൂപ/സ്ലീവാചുംബനവും പുറത്തേയ്ക്കുള്ള കുരിശിന്റെ വഴിയും പരിഹാര പ്രദക്ഷിണവും നട ത്താൻ പാടില്ല. ഈ ദിവസത്തെ തിരുക്കർമ്മങ്ങൾ ആവശ്യമെങ്കിൽ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിവസം (സെപ്റ്റംബർ 14 ന്) നടത്താവുന്നതാണ്.
9. വലിയ ശനിയാഴ്ചകളിലെ തിരുക്കർമ്മങ്ങൾ നടത്തുമ്പോൾ ജന ങ്ങൾക്ക് നൽകാൻ വേണ്ടി വെള്ളം വെഞ്ചരിക്കേണ്ടതില്ല. പിന്നീടൊ രവസരത്തിൽ ജനങ്ങൾക്ക് വെള്ളം വെഞ്ചരിച്ച് നൽകാവുന്നതാണ്.

10. ഉയിർപ്പുതിരുനാളിന്റെ കർമ്മങ്ങൾ രാത്രിയിൽ നടത്തേണ്ടതില്ല. പകരം അന്നു രാവിലെ വി.കുർബാനയർപ്പിച്ചാൽ മതിയാകും.

11. വിശുദ്ധവാരത്തിലെ ദിവസങ്ങൾ പ്രാർത്ഥനയുടെ ദിവസങ്ങളാക്കി മാറ്റുന്നതിന് നമ്മുടെ കുടുംബങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എല്ലാവരും ഒരുമിച്ച് കുടുംബപ്രാർത്ഥനകൾ സജീവമായി നടത്തണം. വിശുദ്ധ വാരത്തിലെ ഓരോ ദിവസത്തിനും യോജിച്ച ബൈബിൾ ഭാഗങ്ങൾ അന്നത്തെ കുടുംബപ്രാർത്ഥനയുടെ ഭാഗമായി വായിക്കേണ്ടതാണ്. യാമപ്രാർത്ഥനകൾ, കുരിശിന്റെ വഴി, കരുണ കൊന്ത എന്നിവ കുടുംബാംഗങ്ങൾ ഒരുമിച്ച് ചൊല്ലുന്നത് വിശുദ്ധ വാരത്തിന്റെ ചൈതന്യം നിലനിർത്തുന്നതിന് സഹായിക്കും.

ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ പരിമിതികളെല്ലാം ദൈവഹിതമാണെന്ന് മനസ്സിലാക്കിക്കൊണ്ട് നമ്മുടെ കർത്താവിന്റെ രക്ഷാകരരഹസ്യങ്ങളുടെ അനുഭവം കഴിവതും സ്വന്തമാക്കുവാൻ നമുക്കു പരിശ്രമിക്കാം. കാരുണ്യവാനായ കർത്താവ് നമ്മെയും സഭയെയും ലോകം മുഴുവനെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം

+ GrAlencherry

കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

CL/No.5/2020

# സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ,
സഹോദരീ സഹോദരന്മാരേ,

വിശുദ്ധ വാരത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. വലിയ വേദനകളുടെയും മനോഭാരങ്ങളുടെയും നടുവിലും പ്രത്യാശ നഷ്ടപ്പെടാതെ ക്രൂശിതനായ മിശിഹായുടെ സഹനങ്ങളിൽ യോഗ്യതയോടെ പങ്കുചേർന്ന് തിരുവുത്ഥാനത്തിന്റെ സമാധാനവും കൃപകളും നമുക്കു സ്വീകരിക്കാം.

ഈ വർഷം എല്ലാ അർത്ഥത്തിലും വളരെ വ്യത്യസ്തമായ സാഹചര്യമാണ് നമുക്കുള്ളത്. ദൈവാലയത്തിലെത്തി, തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനാകാത്ത വേദനാജനകമായ ഇപ്പോഴത്തെ അവസ്ഥയിൽ മാധ്യമങ്ങളിലൂടെ തിരുക്കർമ്മങ്ങൾ സംപ്രേഷണം ചെയ്യപ്പെടുന്നത് പ്രാർത്ഥിക്കുവാൻ സഹായകരമാണ്. ഈ അവസരത്തിൽ അതു നമ്മുടെ ആത്മീയജീവിതത്തിനു പോഷണം നൽകുവാൻ ഉപകരിക്കും. എങ്കിലും മാധ്യമങ്ങളിലൂടെയുള്ള തിരുക്കർമ്മാനുഷ്ഠാനങ്ങൾ ദൈവാലയത്തിലെത്തി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നതിനു പകരമാവില്ല എന്ന കാര്യം നമ്മൾ ഓർമ്മിക്കേണ്ടതാണ് (cf. സാമൂഹിക സമ്പർക്കത്തിനുള്ള പൊന്തിഫിക്കൽ കൗൺസിൽ രേഖ, സഭയും ഇന്റർനെറ്റും, 5). ദൈവവചനത്താൽ സംപുഷ്ടമായ നമ്മുടെ യാമപ്രാർത്ഥനകളുടെ ശ്രേഷ്ഠത മനസ്സിലാക്കുവാനും ഭവനങ്ങളിൽ തിരുസഭയുടെ ഈ ഔദ്യോഗിക പ്രാർത്ഥനകൾ ചൊല്ലുവാനും നമ്മൾ ശ്രദ്ധിക്കണം. കാരണം പരിശുദ്ധ കുർബാനയിലൂടെ ആഘോഷിക്കപ്പെടുന്ന മിശിഹായുടെ രഹസ്യം ഓരോ ദിവസത്തിന്റെയും വിവിധ സമയങ്ങളിൽ ഉൾച്ചേർക്കുവാൻ യാമപ്രാർത്ഥനകൾ നമ്മെ സഹായിക്കുന്നു. (cf: കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 1174). അതോടൊപ്പം വചനപാരായണം, ജപമാല, കുരിശിന്റെവഴി, കരുണക്കൊന്ത തുടങ്ങിയ പ്രാർത്ഥനകൾ വഴിയും നമുക്കു ശക്തിനേടാം. കുടുംബം ഒന്നിച്ചു ചിലവഴിക്കുന്ന ഈ സമയത്ത് ഭവനങ്ങളിൽ കുഞ്ഞുങ്ങളെ വിശ്വാസം പരിശീലിപ്പിക്കുവാനും പ്രാർത്ഥനാജീവിതത്തിൽ അവരെ വളർത്തുവാനും നാം ശ്രദ്ധിക്കണം.

വിശുദ്ധ വാരത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ പരിശുദ്ധകുമ്പസാരത്തിലൂടെ ആത്മവിശുദ്ധീകരണം പ്രാപിക്കുവാൻ നാമെല്ലാം ആഗ്രഹിക്കുന്നുണ്ട്. അനുരഞ്ജന കൂദാശയ്ക്കണയുവാൻ പ്രായോഗികമായ ബുദ്ധിമുട്ടുകളുള്ള ഈ സാഹചര്യത്തിലും തന്റെ മക്കളെ സ്നേഹിക്കുന്ന ദൈവം നമ്മോടു കരുണകാണിക്കുന്നു. തിരുസഭയുടെ പ്രബോധനമനുസരിച്ച്, 'ആവുന്നത്ര നേരത്തെ കൗദാശികമായ കുമ്പസാരത്തിനണയുമെന്ന ഉറച്ച തീരുമാനം പൂർണ്ണമനസ്താപത്തോടൊപ്പമുണ്ടെങ്കിൽ നമ്മുടെ എല്ലാ പാപങ്ങളും മോചിക്കപ്പെടുന്നതാണ്' (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, 1452). അനുരഞ്ജന കൂദാശയ്ക്കണയുവാൻ സാധിക്കാത്തത് നമ്മുടെ ഉപേക്ഷകൊണ്ടല്ലല്ലോ. അതിനാൽ, ഇപ്പോഴുള്ള സാഹചര്യം മാറുമ്പോൾ ഏറ്റവും അടുത്തുതന്നെ പരിശുദ്ധ കുമ്പസാരം നടത്തുമെന്നുള്ള പ്രതിജ്ഞയോടും യഥാർത്ഥ അനുതാപത്തോടുംകൂടി ദൈവസന്നിധിയിൽ നമ്മെത്തന്നെ തുറന്നു വയ്ക്കാം. അവിടുന്ന് നമ്മുടെ പാപങ്ങൾ മോചിച്ച്, നമ്മെ സൗഖ്യപ്പെടുത്തും.

പ്രാർത്ഥനയോടൊപ്പം സ്നേഹപ്രവൃത്തികൾവഴിയും സഹോദരങ്ങളെ സഹായിക്കുവാൻ നമുക്ക് കഴിയണം. ഇതിനോടകംതന്നെ സർക്കാരിന്റെ സന്നദ്ധസേനയിൽ അംഗങ്ങളാകുവാൻ തയ്യാറായി നമ്മുടെ ധാരാളം യുവജനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. അവരെ പ്രത്യേകം അനുമോദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ രൂപതയിലെ സംഘടനകളും സോഷ്യൽ സർവ്വീസ് സൊസൈറ്റികളും വിവിധ കർമ്മ പദ്ധതികളുമായി കാര്യക്ഷമമായി രംഗത്തുണ്ട്. നമ്മുടെ അയൽവീടുകളിലുള്ളവരുടെ ആവശ്യങ്ങളറിഞ്ഞ് സർക്കാർ സംവിധാനങ്ങളോടുചേർന്ന് വേണ്ട സഹായമെത്തിക്കുവാൻ കൂടുതൽ ജാഗ്രതയുള്ളവരാകാം.

മുകളിൽ പറഞ്ഞവയ്ക്കൊപ്പം സീറോ മലബാർ സഭയിലെ വിശുദ്ധവാര തിരുക്കർമ്മങ്ങളെക്കുറിച്ച് നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത നൽകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് ഏവരെയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. നമ്മുടെയും ചുറ്റുമുള്ള സഹോദരങ്ങളുടെയും സുരക്ഷിതത്വം നാമോരോരുത്തരുടെയും കടമയാണെന്നത് മറക്കാതിരിക്കാം. സർക്കാർ നിർദേശങ്ങൾ പാലിക്കുവാനും ഭവനങ്ങളിലായിരുന്നുകൊണ്ട് യഥാസമയം

പൂർവ്വാധികം സജീവമായി വിശുദ്ധവാര തിരുക്കർമ്മങ്ങളിൽ പങ്കുചേരുവാനും ഏവരും ശ്രദ്ധിക്കണം.

പ്രിയപ്പെട്ടവരേ, അനുദിന പരിശുദ്ധ കുർബാനയർപ്പണത്തിലും പ്രാർത്ഥനകളിലും നിങ്ങളെയോരോരുത്തരെയും ഞാൻ സ്നേഹപൂർവ്വം അനുസ്മരിക്കുന്നുണ്ട്. പ്രാർത്ഥനയിൽ പരസ്പരം നമുക്ക് ഒത്തുചേരാം.

മിശിഹായിൽ സ്നേഹപൂർവ്വം,

കാഞ്ഞിരപ്പള്ളി
31.03.2020

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

NB :

- അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ ഇതിനോടൊപ്പം ചേർക്കുന്നു.
- നമ്മുടെ പാരമ്പര്യത്തിൽ പെസഹാവ്യാഴാഴ്ച കുരുത്തോല കുരിശാകൃതിയിൽ വച്ച് കുരിശപ്പം പുഴുങ്ങുന്ന പതിവുണ്ടല്ലോ. എന്നാൽ ഈ വർഷം കുരുത്തോലകൾ ആശീർവദിച്ച് വിശ്വാസസമൂഹത്തിനു നൽകുവാൻ സാധിക്കാത്തതിനാൽ കുരിശപ്പം പുഴുങ്ങുമ്പോൾ അതിന്മേൽ പ്രാർത്ഥനാപൂർവ്വം കുരിശടയാളം വരച്ച് അപ്പം പുഴുങ്ങാവുതാണ്.
- രൂപതാധ്യക്ഷന്റെ കാർമ്മികത്വത്തിലുള്ള വിശുദ്ധവാര തിരുക്കർമ്മങ്ങളുടെ ലൈവ്, www.kanjirapallydiocese.com, www.darsakan.in എന്നിവയിൽ ലഭ്യമാണ്.

| | |
|---|---|
| ഓശാനഞായർ | 7.00 am |
| പെസഹാവ്യാഴം | 3.00 pm |
| പീഡാനുഭവ വെള്ളി | 3.00 pm |
| പീഡാനുഭവ ശനി | 7.00 am |
| ഉയിർപ്പുഞായർ | 7.00 am |

- സീറോ മലബാർ സഭയുടെ യാമ പ്രാർത്ഥനകൾ https://smliturgy.app.link എന്ന ആപ്ലിക്കേഷൻ വഴിയും ലഭ്യമാണ്.
- ഇതോടൊപ്പം അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലറും വാട്സ് ആപ്പ്, ഫേസ്ബുക്ക് തുടങ്ങിയ സമൂഹമാധ്യമങ്ങൾ വഴി ഇടവകസമൂഹത്തെ അറിയിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

CL/No.3/2020

# സർക്കുലർ

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കൊറോണ വൈറസ് (കോവിഡ് 19) വ്യാപനം നമ്മുടെ ഭാഗത്തുനിന്നും കൂടുതൽ ജാഗ്രത ആവശ്യപ്പെടുന്നുവെന്ന് നമുക്കേവർക്കും അറിവുള്ളതാണല്ലോ. നമ്മെ പരിപാലിക്കുന്ന നല്ല ദൈവത്തിൽ പ്രത്യാശയർപ്പിച്ചു പ്രാർത്ഥിക്കുവാനും വേണ്ട മുൻകരുതലുകളെടുക്കുവാനും ഒരിക്കൽകൂടി ഓർമ്മിപ്പിക്കട്ടെ. ഈ നോമ്പുകാലത്ത് അനുതപിക്കുന്ന ഹൃദയത്തോടെ ദൈവസന്നിധിയിലേക്ക് തിരിഞ്ഞുകൊണ്ട് മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ നമുക്കാവണം. പ്രാർത്ഥനയിലൂടെയും പരിഹാര പ്രവൃത്തികളിലൂടെയും ലോകത്തെ മുഴുവൻ ദൈവസന്നിധിയിൽ സമർപ്പിക്കേണ്ട സമയമാണിത്. കൊറോണാ ബാധിതരെയും അവരെ ശുശ്രൂഷിക്കുന്നവരെയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

നമ്മുടെ സഹോദരങ്ങളോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വത്തിൽ കായേനെപ്പോലെ (ഉൽപ്പത്തി 4,9) ഒഴിഞ്ഞുമാറുവാനല്ല, മറിച്ച് നല്ല സമറായനെപ്പോലെ (ലൂക്കാ 10, 35) ഒപ്പം നിൽക്കണമെന്നാണ് ക്രിസ്തീയ ആത്മീയത നമ്മെ പഠിപ്പിക്കുന്നത്. അതിനാൽ തന്നെ, നാം ജീവിക്കുന്ന സമൂഹത്തോടുള്ള കടമകൾ വീഴ്ചകൂടാതെ നടപ്പിലാക്കുവാനും സർക്കാർ സംവിധാനങ്ങൾ ഈ പ്രത്യേക സാഹചര്യത്തെ അതിജീവിക്കുവാനെടുക്കുന്ന മുൻകരുതൽ നിർദ്ദേശങ്ങളോട് സർവ്വാത്മനാ സഹകരിക്കുവാനും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. ഇത് ത്യാഗപൂർണ്ണമായ സമർപ്പണം ആവശ്യപ്പെടുന്നുവെന്ന് നമുക്കറിയാം. ആളുകളുടെ ഒത്തുചേരൽ വൈറസ് വ്യാപനത്തെ വേഗത്തിലാക്കുന്ന ഈ സാഹചര്യത്തിൽ ആളുകൾ ഒത്തുകൂടുവാൻ സാധ്യതയുള്ള സമ്മേളനങ്ങളും പൊതുപരിപാടികളും ഒഴിവാക്കണമെന്ന് അറിയിക്കുന്നു.

ദൈവജനം ഒന്നുചേർന്ന് അർപ്പിക്കേണ്ട പരിശുദ്ധ കുർബാനയുൾപ്പെടെ ഈ നിർദ്ദേശത്തിന്റെ പരിധിയിലുൾപ്പെടുത്തേണ്ടി വരുന്നത് വേദനാജനകമായ തീരുമാനമെങ്കിലും ഏവരുടെയും സഹകരണം പ്രതീ

ക്ഷിക്കട്ടെ. ഞായറാഴ്ചയിലെ പരിശുദ്ധ കുർബാനയർപ്പണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് തിരുസഭ ഇപ്രകാരം പഠിപ്പിക്കുന്നു: "ഞായറാഴ്ചയിലെ പരിശുദ്ധ കുർബാന സകല ക്രൈസ്തവാനുഷ്ഠാനങ്ങളുടെയും അടിസ്ഥാനവും സ്ഥിരീകരണവുമാണ്. ഇക്കാരണത്താൽ കടമുള്ള ദിവസങ്ങളിൽ പരിശുദ്ധ കുർബാനയിൽ പങ്കുചേരുവാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു. ഗൗരവമുള്ള കാരണത്താൽ ഒഴിവാക്കപ്പെടുകയോ സ്വന്തം അജപാലകനാൽ ഒഴിവു നൽകപ്പെടുകയോ ചെയ്തില്ലെങ്കിൽ അവർ അതിനു കടപ്പെട്ടിരിക്കുന്നു. ഈ കടമ നിറവേറ്റുന്നതിൽ മനഃപൂർവ്വം വീഴ്ച വരുത്തുന്നവർ ഗൗരവാവഹമായ പാപം ചെയ്യുന്നു" (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം 2181). ഇപ്പോൾ നമ്മൾ അഭിമുഖീകരിക്കുന്ന ഗൗരവമായ കാരണത്താൽ ഞായറാഴ്ച ദൈവാലയത്തിലെത്തി പരിശുദ്ധ കുർബാനയർപ്പിക്കുക എന്ന കടമയിൽ നിന്നും കാഞ്ഞിരപ്പള്ളി രൂപതയിലെ ദൈവജനത്തിന് മാർച്ച് 31 വരെ രൂപതയുടെ പിതാവും മേലധ്യക്ഷനുമെന്ന നിലയിൽ ഞാൻ ഒഴിവു നൽകുന്നു.

എന്നാൽ, ഈ രൂപതയിലെ ദൈവജനത്തിനായി അതാത് ഇടവകകളിൽ വികാരിയച്ചന്മാർ എല്ലാദിവസവും പതിവുസമയം പരിശുദ്ധ കുർബാന അർപ്പിക്കുകയും കുടുംബാംഗങ്ങൾ ആ സമയം ഭവനങ്ങളിലായിരുന്നുകൊണ്ട് ആത്മീയമായി പരിശുദ്ധ കുർബാനയിൽ പങ്കുചേരുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം നല്ല ഒരുക്കത്തോടും ആഗ്രഹത്തോടും കൂടി പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോൾ ആത്മനാ ദിവ്യകാരുണ്യം സ്വീകരിക്കാൻ നമുക്കു കഴിയും. അങ്ങനെ "അർപ്പണം വഴിയും പരിശുദ്ധമായ ഭാഗഭാഗിത്വം വഴിയും എല്ലാവരും അനുഷ്ഠാനത്തിൽ ഒരേ രീതിയിലല്ല, ഓരോരുത്തരും അവരവർക്ക് യോജിച്ച രീതിയിൽ സ്വന്തം ഭാഗം നിർവ്വഹിക്കുന്നു". (ജനതകളുടെ പ്രകാശം : തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖ 11). നമ്മുടേതല്ലാത്ത കാരണത്താൽ പരിശുദ്ധ കുർബാനയർപ്പണം സാധ്യമല്ലാത്ത ഈ സാഹചര്യത്തിൽ തിരുസഭയുടെ പ്രവൃത്തിയായ ദൈവാരാധനയിൽ മിശിഹായുടെ ശരീരത്തിലെ അംഗങ്ങളെന്ന നിലയിൽ നമ്മൾ പങ്കുചേരുന്നു.

ഇതിനുമുമ്പ് നൽകിയ നിർദ്ദേശങ്ങൾക്കൊപ്പം ചില നിർദ്ദേശങ്ങൾ കൂടി ചുവടെ ചേർക്കുന്നു.

1. ഭവനങ്ങളിൽ കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് യാമപ്രാർത്ഥനകൾ, വിശുദ്ധ ഗ്രന്ഥപാരായണം, ജപമാല, കുരിശിന്റെ വഴി, വ്യക്തിപരമായ പ്രാർത്ഥനകൾ എന്നിവയിൽ സജീവമായി പങ്കുചേരുകയും ആശ്രയബോധത്തോടെയും പ്രത്യാശയോടും കൂടി ദൈവത്തിൽ ശരണം വയ്ക്കുകയും ചെയ്യണം. ദൈവകാരുണ്യത്തിനും അത്യുന്നതന്റെ സംരക്ഷണത്തിനും വേണ്ടിയുള്ള സങ്കീർത്തനങ്ങൾ (സങ്കീ. 51, 91) ആവർത്തിച്ചു ചൊല്ലുന്നത് അനുഗൃഹീതമാണ്.

2. ബഹുമാനപ്പെട്ട വൈദികർ കഴിവതും സമയം ദൈവാലയത്തിൽ ഉണ്ടായിരിക്കുകയും ദൈവജനത്തിന് പ്രാർത്ഥനയിലൂടെ ക്രൈസ്തവ സാക്ഷ്യം നൽകുകയും ആത്മവിശ്വാസം പകരുകയും ചെയ്യണം. തിരുസഭയുടെ ശുശ്രൂഷകൾ ഏതു ദുർഘട സാഹചര്യത്തിലും സംലഭ്യമാണെന്ന ബോധ്യം പകരുവാനും ശ്രദ്ധിക്കുമല്ലോ.

3. ഈ ദിവസങ്ങളിൽ സന്ന്യാസഭവനങ്ങളിലുള്ള സഹോദരങ്ങളും തീക്ഷ്ണമായി പ്രാർത്ഥനയിൽ ആയിരിക്കുവാനും ഓർമ്മിപ്പിക്കട്ടെ.

4. ദൈവാലയത്തിൽ വന്ന് വ്യക്തിപരമായി പ്രാർത്ഥനയിൽ സമയം ചിലവഴിക്കുവാൻ ആളുകളെ പ്രോത്സാഹിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

5. അത്യാവശ്യമുള്ള സാഹചര്യങ്ങളിൽ പോലും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന എല്ലാ സമ്മേളനങ്ങളും പൊതുപരിപാടികളും ഒഴിവാക്കുക. ഞായറാഴ്ചയിലെയും ഇടദിവസങ്ങളിലെയും പരിശുദ്ധ കുർബാനയിൽ പോലും ഈ നിർദ്ദേശം പാലിക്കണമെന്ന് പറയേണ്ടി വരുന്നതുകൊണ്ടുതന്നെ ഇതിന്റെ ഗൗരവം ഏവരും ഉൾക്കൊള്ളുമല്ലോ. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളാഘോഷം, ഊട്ടുനേർച്ച തുടങ്ങിയവയെല്ലാം ഈ നാളുകളിൽ ഒഴിവാക്കുക. നമ്മുടെ രൂപതാ കേന്ദ്രത്തിലും തിരുനാളാശംസകൾ അറിയിക്കുവാൻ നേരിട്ടുവരേണ്ടതില്ല. നമുക്ക് പ്രാർത്ഥനയിലൂടെ പരസ്പരം ശക്തിപ്പെടുത്താം.

6. കൊറോണാ വൈറസ് ബാധിതർക്കും നിരീക്ഷണത്തിലായിരിക്കുന്നവർ ഉൾപ്പെടെയുള്ളവർക്കും അജപാലന ശുശ്രൂഷ ലഭ്യമാക്കേണ്ട സാഹചര്യങ്ങളിൽ ബന്ധപ്പെട്ട അധികാരികളോട് ആലോചിച്ച് ശുശ്രൂഷകൾ ലഭ്യമാക്കേണ്ടതാണ്. അനുരഞ്ജനകൂദാശയും ദിവ്യകാരു

ണ്യവും രോഗീലേപനവും അടിയന്തിരമായി ലഭ്യമാക്കേണ്ടതായി വരുന്ന സാഹചര്യങ്ങളിൽ വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

7. മൃതസംസ്കാരത്തിലുൾപ്പെടെ ആളുകളുടെ എണ്ണം കുറയ്ക്കുന്നതിന് ശ്രദ്ധിക്കുകയും അന്ത്യചുംബനമർപ്പിക്കുന്നത് ഒഴിവാക്കുകയും ചെയ്യുക.

8. പതിനഞ്ചു വയസിൽ താഴെയുള്ള കുട്ടികളും 60 വയസ്സിനു മുകളിലുള്ള മുതിർന്നവരും ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരും ഭവനം വിട്ടു പുറത്തുപോകാതിരിക്കാൻ ശ്രദ്ധിക്കുക.

"ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടിയുണ്ട്" സംഭ്രമിക്കേണ്ട, ഞാനാണ് നിന്റെ ദൈവം, ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും" (ഏശയ്യാ 41, 10) എന്നരുൾചെയ്ത ദൈവം നമുക്ക് തുണയായി കൂടെയുണ്ട് എന്ന ബോധ്യത്തിൽ വിഷമഘട്ടങ്ങളെ അതിജീവിക്കുവാൻ നമുക്കാവട്ടെ. പ്രിയ സഹോദരങ്ങളേ, നിങ്ങൾക്കെല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ഞാൻ നിങ്ങളോടൊപ്പമുണ്ടാകുമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. നമുക്കൊരുമിച്ച് ദൈവസന്നിധിയിലായിരിക്കാം. അവിടുന്ന് തന്റെ രക്ഷയുടെ കരം നീട്ടി നമ്മെയും നമ്മുടെ രാജ്യത്തെയും ലോകത്തെ മുഴുവനും ആശീർവദിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
18.03.2020

NB:

- മുകളിൽ നിർദ്ദേശിച്ചിരിക്കുന്നവയെല്ലാം ഇപ്പോൾ നിലവിലുള്ള സാഹചര്യത്തിൽ സ്വീകരിക്കേണ്ട താത്കാലിക ക്രമീകരണങ്ങൾ മാത്രമാണ്.
- ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ 2020 മാർച്ച് 19 മുതൽ മാർച്ച് 31 വരെ നടപ്പിൽ വരുത്തേണ്ടവയാണ്.
- ഈ സർക്കുലർ ഇടവകയിലുള്ള എല്ലാ ഭവനങ്ങളിലും എത്തിക്കുമല്ലോ.

CL/No.4/2020

# സർക്കുലർ

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ,
സഹോദരീ സഹോദരന്മാരേ,

കോവിഡ് – 19 എന്ന മാരകവ്യാധി കൂടുതൽ വ്യാപിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇന്ത്യ മുഴുവൻ അടച്ചുപൂട്ടപ്പെട്ടിരിക്കുകയാണല്ലോ. മനസ്സിൽ നിറയുന്ന ആശങ്കകളും വേദനകളും നമ്മെയൊക്കെ വല്ലാതെ അലോസരപ്പെടുത്തുന്നുണ്ട്. ഇപ്പോൾ ഭയമല്ല, മറിച്ച് ജാഗ്രതയും പ്രാർത്ഥനയുമാണ് അനിവാര്യം. സർക്കാർ നിർദ്ദേശങ്ങളോട് പൂർണ്ണമായും സഹകരിച്ചുകൊണ്ട് ഭവനങ്ങളിൽ ആയിരുന്ന്, നമുക്ക് പരസ്പരം സ്നേഹദൂരം പാലിക്കാം. ഒപ്പം, പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ച് നല്ല അയൽക്കാരായി മാറാം. അങ്ങനെ, ഈ മഹാമാരിയെ അതിജീവിക്കുവാൻ നമുക്ക് കഴിയും. പരിശുദ്ധ പിതാവും കേരള കത്തോലിക്കാ മെത്രാൻ സംഘവും നൽകിയിരിക്കുന്ന ആഹ്വാനത്തിന്റെ വെളിച്ചത്തിൽ തിരുസഭയുടെ കൂട്ടായ്മയോട് ചേർന്നു പ്രാർത്ഥിച്ച് കരുത്തു നേടാൻ ചില നിർദ്ദേശങ്ങൾ.

1. മംഗളവാർത്ത തിരുനാൾ ദിനമായ ഇന്ന് (മാർച്ച് 25) വൈകിട്ട് 4.30 ന് ഫ്രാൻസിസ് മാർപാപ്പയോടു ചേർന്നു “സ്വർഗ്ഗസ്ഥനായ പിതാവേ” എന്ന പ്രാർത്ഥനയിൽ നമുക്ക് സജീവമായി പങ്കുചേരാം. ലോകത്തെ മുഴുവൻ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്തിനു സമർപ്പിച്ചു പ്രാർത്ഥിക്കാം.

2. മാർച്ച് 27 (വെള്ളിയാഴ്ച) രാത്രി 10.30 ന് പരിശുദ്ധ പിതാവിനോട് ചേർന്ന് ദിവ്യകാരുണ്യ ആരാധനയിൽ ഭവനത്തിൽ ആയിരുന്നുകൊണ്ട് നമ്മൾ പങ്കുചേരണം. ആ ദിവസം പ്രാർത്ഥനാദിനമായി നാം ആചരിക്കുന്നുവെന്ന് ഏവരും ഓർക്കുമല്ലോ.

3. നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുന്ന ദൈവസന്നിധിയിലേക്ക് നിരന്തരം കണ്ണുകൾ ഉയർത്താം. നമ്മുടെ പ്രാർത്ഥനാ നിയോഗങ്ങൾ 9447980736 എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് സന്ദേശമായി നൽകിയാൽ, രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ നമ്മുടെ മാതാക്കൾ പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്. അതുപോലെ തന്നെ നമ്മുടെ യുവജനങ്ങളുടെ

(യുവദീപ്തി-എസ്.എം.വൈ.എം.) നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രാർത്ഥനാശൃംഖലയിൽ https://chat.whatsapp.com/CcjnHW1dlL03bqkunjRHdL എന്ന ലിങ്ക് വഴി പങ്കുചേർന്ന് പ്രാർത്ഥിക്കാവുന്നതാണ്.

4. നമ്മുടെ വൈദികരും സന്യസ്ത സഹോദരങ്ങളും ഈ ദിനങ്ങളിൽ തീക്ഷ്ണമായ പ്രാർത്ഥനയിലാണ്. പ്രാർത്ഥന, കൗൺസിലിംഗ് തുടങ്ങിയ കാര്യങ്ങൾക്ക് ഫോൺ വഴി അവരുടെ സഹായം തേടാവുന്നതാണ്.

5. നിസ്സഹായരായ നമ്മുടെ സഹോദരങ്ങളുടെ കണ്ണീർ വീഴാതിരിക്കുവാനും നമുക്ക് ജാഗ്രതയുള്ളവരായിരിക്കാം. നല്ല സമറായൻ കൺട്രോൾ റൂം എന്ന പേരിൽ വിശക്കുന്ന വയറുകൾക്ക് ആഹാരം എത്തിച്ചുകൊടുക്കുന്ന ഒരു പദ്ധതി യുവദീപ്തി - എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. സഹായം ആവശ്യമുള്ളവർക്കും സഹായിക്കാൻ സന്മനസ്സുള്ളവർക്കും 8086465219, 6238193987 എന്നീ നമ്പറുകളിലേക്ക് വിളിക്കാവുന്നതാണ്. നമ്മുടെ സമ്പത്തും സാഹചര്യങ്ങളും പങ്കുവയ്ക്കുവാൻ ഈ അവസരങ്ങൾ നമ്മെ പ്രചോദിപ്പിക്കട്ടെ.

6. നമ്മുടെ അയൽ വീടുകളിൽ ഭക്ഷണമില്ലാതെ ബുദ്ധിമുട്ടുന്നവരും വൃദ്ധരായ ഒറ്റപ്പെട്ട് താമസിക്കുന്നവരും രോഗാവസ്ഥയിൽ മരുന്നില്ലാതെ വിഷമിക്കുന്നവരും കണ്ടേക്കാം. ജാതിമതഭേദമില്ലാതെ ഇവരെയൊക്കെ ഫോൺ വഴി ബന്ധപ്പെട്ട് ആശ്വാസം പകരുവാനും പഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ ആവശ്യമുള്ള സഹായങ്ങൾ എത്തിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. കുടുംബക്കൂട്ടായ്മ തലങ്ങളിൽ ഇതിനാവശ്യമായ സജ്ജീകരണങ്ങൾ ഫോൺ വഴിയും സാമൂഹ്യമാധ്യമങ്ങളുടെ സഹായത്തോടെയും നിർവഹിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

7. അടിയന്തര സാഹചര്യങ്ങൾ കൂടുതലായി വരുന്ന പക്ഷം നമ്മുടെ സ്ഥാപനങ്ങളിലെ സാധ്യമായ ഇടങ്ങൾ രൂപതാകേന്ദ്രത്തിന്റെ അറിവോടെ സർക്കാരിന്റെ ക്രമീകരണങ്ങളോട് സഹകരിക്കേണ്ടതാണ്.

ഈ പ്രതിസന്ധിഘട്ടത്തിൽ ദൈവത്തിൽ പൂർണ്ണമായി വിശ്വാസമർപ്പിച്ച് പ്രതീക്ഷയോടെ സ്നേഹപൂർവ്വം മുന്നേറുന്ന നല്ല അയൽക്കാരായി വർത്തിക്കാം. വലിയ പ്രതിസന്ധികളെ അതിജീവിച്ച ചരിത്രമാണ് നമുക്കുള്ളത്. ദൈവത്തിനു അസാധ്യമായി ഒന്നുമില്ല. നമ്മൾ ഈ പ്രതിസന്ധിയും വിജയകരമായി മറികടക്കും. ദൈവം നമ്മെയെല്ലാം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയിലും സ്നേഹത്തിന്റെ കൂട്ടായ്മയിലും നിങ്ങൾ ഓരോരുത്തരോടും ഒപ്പമായിരുന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ ജോസ് പുളിക്കൽ
കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ

കാഞ്ഞിരപ്പള്ളി
25.03.2020

NB:

- വലിയ ആഴ്ച സംബന്ധിച്ച കാര്യങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.
- ഈ സന്ദേശം വാട്ട്സ്ആപ്പ്, ഫേസ്ബുക്ക് തുടങ്ങിയ സാമൂഹ്യമാധ്യമങ്ങൾ വഴി പങ്കുവച്ച് നമ്മുടെ രൂപതയിലെ ദൈവജനത്തിന് എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

# അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് ജനകീയ സ്നേഹാദരവ്

കാഞ്ഞിരപ്പള്ളി രൂപതയുടെ ത്രിതീയ രൂപതാദ്ധ്യക്ഷനായി സുവിശേഷ തീക്ഷ്ണതയിൽ ശ്ലൈഹിക ശുശ്രൂഷ നിർവ്വഹിച്ച മാർ മാത്യു അറയ്ക്കൽ പിതാവിന് നാടിന്റെ നാനാതുറകളിലുള്ളവർ സ്നേഹാദരവുകളർപ്പിക്കുന്നതിന് 2020 മാർച്ച് 1-ാം തീയതി ഞായറാഴ്ച കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് വേദിയായി. മിശിഹാ വാഗ്ദാനം ചെയ്ത ജീവന്റെ സമൃദ്ധി കരഗതമാകുമ്പോഴേ സുവിശേഷം ജീവിതയാഥാർത്ഥ്യമാവുകയുള്ളുവെന്ന അഭിവന്ദ്യ പിതാവിന്റെ ബോദ്ധ്യം സാമൂഹിക, രാഷ്ട്രീയ, വിദ്യാഭ്യാസ, കാർഷിക രംഗങ്ങളിൽ ഇടപെടലുകൾ നടത്തുന്നതിനും ഈ മേഖലകളിലെ പ്രമുഖരുൾപ്പെടെ പലരുമായും വ്യക്തിബന്ധം പുലർത്തുന്നതിനും കാരണമായിത്തീർന്നു. അതിനാലാണ് ഒരു ജനകീയ സ്നേഹാദരവ് നല്കുന്നത് ഉചിതമാണെന്നും അത് തിരുസഭയുടെ ശുശ്രൂഷകളെ പൊതുസമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിന് പര്യാപ്തമായ വേദിയാകുമെന്നും ചിന്തിക്കുവാൻ പ്രേരണയായത്.

രൂപതാദ്ധ്യക്ഷനായ മാർ ജോസ് പുളിക്കൽ പിതാവിന്റെ നിർദ്ദേശാനുസരണം ഫെബ്രുവരി 14-ാം തീയതി വികാരി ജനറാൾമാരായ പെരിയ ബഹുമാനപ്പെട്ട ജസ്റ്റിൻ പഴേപറമ്പിലച്ചന്റെയും പെരിയ ബഹുമാനപ്പെട്ട കുര്യൻ താമരശ്ശേരിയച്ചന്റെയും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ഷെവ. വി.സി. സെബാസ്റ്റ്യന്റെയും നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിലെ വൈദികരുടെ ഒരു യോഗം ചേർന്ന് ജനകീയ സ്നേഹാദരവിനെക്കുറിച്ച് ആലോചന നടത്തുകയും പ്രാഥമിക രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട പായിക്കാട്ട് മാത്യു അച്ചനും കൊടിമരത്തുംമൂട്ടിൽ ജേക്കബച്ചനും സമ്മേളനവേദിയായ അമൽജ്യോതി കോളജിലെ ക്രമീകരണങ്ങളെക്കുറിച്ച് വിവരിച്ചു. ദീപിക ചീഫ് എഡിറ്റർ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കലച്ചനും യോഗത്തിൽ സന്നിഹിതനായിരുന്നു. കാഞ്ഞിരപ്പള്ളി രൂപതയുൾപ്പെടുന്ന എല്ലാ പ്രദേശങ്ങളിൽ നിന്നുമുള്ള എം.പി. മാർ, എം.എൽ.എ.മാർ, രാഷ്ട്രീയ

സാംസ്കാരിക പ്രമുഖർ, ത്രിതല പഞ്ചായത്തംഗങ്ങളുൾപ്പെടെ എല്ലാ സർക്കാർ ഉദ്യോഗസ്ഥരെയും പോലീസ് അധികാരികളെയും ക്ഷണിക്കുന്നതിനും ഇടവകകളിൽ നിന്നും വൈദികർക്കൊപ്പം കൂട്ടായ്മ ലീഡേഴ്സ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറി സംഘടനാ ഭാരവാഹികൾ എന്നിവരെ ക്ഷണിക്കുന്നതിനും യോഗത്തിൽ തീരുമാനിച്ചു. ജനറൽ കൺവീനറായി അഡ്വ. ഷെവ. വി.സി. സെബാസ്റ്റ്യനെയും ആദരവ് സമ്മേളനത്തിലേക്ക് ക്ഷണിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും ക്ഷണിക്കുന്നതിനുമായി ജനറൽ കോഡിനേറ്ററായ പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ ബഹു. സ്റ്റാൻലി പുള്ളോലിക്കലച്ചനെയും എസ്.എം.വൈ.എം. ഡയറക്ടർ ബഹു. വർഗ്ഗീസ് കൊച്ചുപുരക്കലച്ചനെയും ചുമതലപ്പെടുത്തി. പബ്ലിസിറ്റി ക്രമീകരണങ്ങൾക്കായി ജനറൽ കൺവീനർക്കൊപ്പം ബഹു. മറ്റമുണ്ടയിൽ തോമസച്ചനെയും യോഗം നിശ്ചയിച്ചു. മാദ്ധ്യമവിഭാഗചുമതല അമല കമ്മ്യൂണിക്കേഷൻ ഡയറക്ടർ ബഹു. കൊച്ചുവീട്ടിൽ ജോസഫച്ചനും പി.ആർ.ഒ. ബഹു. മാത്യു പുത്തൻപറമ്പിലച്ചനും നൽകി.

ഫെബ്രുവരി 19-ാം തീയതി ആലോചനാസമിതിയോഗം വീണ്ടും ചേരുകയും അതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. മുഖ്യമന്ത്രി, കേന്ദ്രമന്ത്രി, മന്ത്രിമാർ തുടങ്ങിയ രാഷ്ട്രീയ പ്രമുഖർക്കും മതസാംസ്കാരിക നേതാക്കന്മാർക്കും ക്ഷണക്കത്തുകൾ ഇതിനോടകം തന്നെ അയച്ചിട്ടുണ്ടെന്നും കാഞ്ഞിരപ്പള്ളി രൂപതയുൾപ്പെടുന്ന പ്രദേശങ്ങളിലെ രാഷ്ട്രീയ സാംസ്കാരിക നേതാക്കന്മാർക്കും സർക്കാർ ഉദ്യോഗസ്ഥർക്കും ഇടവക പ്രതിനിധികൾക്കുമുള്ള കത്തുകൾ ഫെബ്രുവരി 21, 22 തീയതികളിൽ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിലെത്തുമെന്നും ജനറൽ കോഡിനേറ്റർ യോഗത്തെ അറിയിച്ചു. രൂപതയിലെ ത്രിതല പഞ്ചായത്ത്, സർക്കാർ, പോലീസ് അധികാരികൾ എന്നിവർക്കുള്ള കത്തുകൾ അവയുടെ സമീപപ്രദേശങ്ങളിലുള്ള പള്ളികളും സ്ഥാപനങ്ങളുമുൾപ്പെടുന്ന 23 മേഖലകളായി ക്രമീകരിച്ച് നൽകിയെന്നും കാഞ്ഞിരപ്പള്ളിയിലെ വ്യാപാരികളെ വ്യക്തിപരമായി ക്ഷണിക്കുന്നതിന് രൂപതാ AKCC യുടെയും

ടാക്സി ഡ്രൈവേഴ്സിനെ ക്ഷണിക്കുന്നതിന് സാരഥിയുടെയും ആത്മാർത്ഥമായ സഹകരണം ലഭിച്ചുവെന്നും 7000-ത്തോളം ആളുകൾക്കുള്ള ക്ഷണക്കത്തുകൾ നൽകുന്നുണ്ടെന്നും യോഗത്തിൽ ജനറൽ കോഡിനേറ്റർ അറിയിക്കുകയുണ്ടായി. പത്തനംതിട്ട എം.പി. ശ്രീ. ആന്റോ ആന്റണി, കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ. എൻ. ജയരാജ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സോഫി ജോസഫ്, വൈസ് പ്രസിഡന്റ് ശ്രീ. പി.എ. ഷമീർ, കാഞ്ഞിരപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ഷക്കീല നസീർ, വൈസ് പ്രസിഡന്റ് ജിജോ വാളന്തറ, NSS, SNDP, മുസ്ലീം ഉൾപ്പെടെയുള്ള മതസാംസ്കാരിക പ്രതിനിധികൾ, വ്യാപാരി വ്യവസായി പ്രതിനിധി, സമ്മേളന വേദിയായ അമൽജ്യോതി കോളജിനോടടുത്തുള്ള ഇടവകകളായ എരുമേലി, കാഞ്ഞിരപ്പള്ളി, കൂവപ്പള്ളി, പൊടിമറ്റം പള്ളികളിലെ ഏറ്റം ബഹുമാനപ്പെട്ട വികാരിയച്ചന്മാരായ യഥാക്രമം കൊല്ലംകുന്നേൽ സെബാസ്റ്റ്യനച്ചൻ, പരിന്തിരിക്കൽ വർഗീസച്ചൻ, മടുക്കക്കുഴി ഇമ്മാനുവേലച്ചൻ, വെള്ളമറ്റം ജോസഫച്ചൻ എന്നിവരെയും രൂപതയിലെ വിവിധ സംഘടനാ ഡയറക്ടർമാർ, പത്തനംതിട്ട, കുമളി, കട്ടപ്പന മേഖലകളെ പ്രതിനിധീകരിച്ച് രാഷ്ട്രീയ സാമൂഹിക രംഗത്തുള്ള അഡ്വ. അലക്സ് കോഴിമല, ശ്രീ. ആന്റണി ആലഞ്ചേരി, ശ്രീ. ജയിംസ് കുഴിക്കാട്ട് എന്നിവരെയും ഉൾപ്പെടുത്തി സംഘാടക സമിതി വിപുലീകരിക്കുവാനും ഫെബ്രുവരി 26-ാം തീയതി ചൊവ്വാഴ്ച വിപുലമായ സംഘാടക സമിതിയുടെ യോഗം ചേരുവാനും തീരുമാനിച്ചു.

ആതിഥ്യമരുളുന്ന അമൽജ്യോതി കോളേജിലെ സ്റ്റാഫ് അംഗങ്ങളും രൂപതാ പ്രതിനിധികളും തമ്മിൽ ആശയവിനിമയം നടത്തുന്നതിനും തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനും വികാരി ജനറാളുമാരായ ഏറ്റം ബഹുമാനപ്പെട്ട ജസ്റ്റിൻ പഴേപറമ്പിലച്ചന്റെയും കുര്യൻ താമരശ്ശേരിയച്ചന്റെയും അമൽ ജ്യോതി കോളജ് മാനേജർ പായിക്കാട്ട് മാത്യു അച്ചന്റെയും അസിസ്റ്റന്റ് മാനേജർ കൊടിമരത്തുംമൂട്ടിൽ ജേക്കബച്ചന്റെയും കോളജിലെ ബഹു. വൈദികരുടെയും ജനറൽ കൺവീനർ അഡ്വ. ഷെവ. വി.

സി. സെബാസ്റ്റ്യന്റെയും ജനറൽ കോഡിനേറ്ററുടെയും നേതൃത്വ ത്തിൽ ഫെബ്രുവരി 24 തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് കോളേജിൽ വച്ച് യോഗം ചേരുകയും ഒരുക്കങ്ങളെപ്പറ്റി വിശദ മായി ചർച്ച ചെയ്യുകയും ചെയ്തു.

മുൻ നിശ്ചയമനുസരിച്ചുള്ള വിപുലമായ സംഘാടക സമിതിയുടെ യോഗം ഫെബ്രുവരി 25 ചൊവ്വാഴ്ച വൈകുന്നേരം 4-മണിക്ക് പാസ്റ്ററൽ സെന്റർ കോൺഫ്രൻസ് ഹാളിൽ ചേരുകയും സമ്മേളനദിവസമെത്തുന്ന പ്രമുഖരുൾപ്പെടെയുള്ളവരെ സ്വീകരി ക്കുന്നതിന് രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മതമേഖലക ളിലുള്ള സംഘാടകസമിതി അംഗങ്ങളുടെ സേവനം പ്രയോജന പ്പെടുത്തുന്നതിന് നിശ്ചയിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ജോസ് പുളിയ്ക്കൽ പിതാവ് സ്വാഗതം ആശംസിച്ച യോഗത്തിന് വികാരി ജനറാൾമാരായ ഏറ്റം ബഹുമാനപ്പെട്ട പഴേപറമ്പിൽ ജസ്റ്റി നച്ചനും താമരശ്ശേരി കുര്യനച്ചനും മോൺസിഞ്ഞോർ ആലുങ്കൽ ജോർജ്ജച്ചനും ജനറൽ കൺവീനർ അഡ്വ. ഷെവ.. വി.സി. സെബാസ്റ്റ്യനും നേതൃത്വം നൽകി. അന്നേദിവസം തന്നെ 5.30 ന് പാസ്റ്ററൽ സെന്റർ മിനി കോൺഫ്രൻസ് ഹാളിൽ മീഡിയ കമ്മറ്റി യുടെ യോഗം ചേരുകയും ഫെബ്രുവരി 28-ാം തീയതി വെള്ളി യാഴ്ച പ്രസ് കോൺഫ്രൻസ് വിളിക്കുന്നതിന് നിശ്ചയിക്കുകയും ചെയ്തു. തുടർന്ന് 28-ാം തീയതി വെള്ളിയാഴ്ച 11.30-ന് എല്ലാ മാദ്ധ്യമ പ്രതിനിധികളും പങ്കെടുത്ത പ്രസ് കോൺഫ്രൻസ് അമൽജ്യോതി കോളേജിൽ വച്ച് നടത്തപ്പെട്ടു. ജനറൽ കൺവീ നർ അഡ്വ. ഷെവ. വി.സി. സെബാസ്റ്റ്യൻ, രൂപതയുടെ വക്താവ് ഫാ. മാത്യു പുത്തൻപറമ്പിൽ ജനറൽ കോഡിനേറ്റർ എന്നിവർ കാര്യങ്ങൾ വിശദീകരിച്ചു.

ഏറ്റവും അടുത്ത ഒരുക്കമെന്ന നിലയിൽ ഫെബ്രുവരി 29-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അമൽജ്യോതി കോളേജിൽ വച്ച് കോളേജ് പ്രതിനിധികളും രൂപതയിൽ നിന്നുള്ള പ്രതിനിധികളുമുൾപ്പെടുന്ന വിവിധ കമ്മറ്റികളുടെ വിപുലമായ യോഗം ചേരുകയുണ്ടായി. ട്രാഫിക് നിയന്ത്രണം, സ്വീകരണം, ഭക്ഷണം, സ്റ്റേജ് ക്രമീകരണം, പന്തൽ ക്രമീകരണം, സാങ്കേതിക

സംവിധാന ക്രമീകരണം എന്നിവയെപ്പറ്റിയുള്ള വിശദാംശങ്ങൾ അമൽജ്യോതി കോളേജിൽ നിന്നുള്ള ബഹു. പുല്ലംപ്ലായിൽ സിജു അച്ചൻ, ശ്രീ. ജിതിൻ ദേവസ്യ, ശ്രീമതി മിനി മാത്യു, ശ്രീമതി റിനോ ലാലി, ശ്രീ. തോമസുകുട്ടി ജോസ്, ശ്രീ. റോഷൻ കുരുവിള, ശ്രീ. മാത്യു ജോർജ്, ശ്രീ. അജയ് മാത്യു എന്നിവർ വിശദീകരിച്ചു. തുടർന്ന് എസ്.എം.വൈ.എം. അംഗങ്ങളുൾപ്പെടുന്ന സ്വീകരണ കമ്മറ്റിയും മാതൃവേദി, AKCC അംഗങ്ങളുൾപ്പെടുന്ന പന്തൽ & സ്റ്റേജ് കമ്മറ്റിയും ട്രാഫിക് കമ്മറ്റിയും പ്രത്യേകമായി യോഗം ചേരുകയും ചെയ്യേണ്ട കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. ബഹു. അറയ്ക്കപറമ്പിൽ ജോസഫച്ചൻ തയ്യാറാക്കിയ കോളേജിന്റെയും ക്യാമ്പസിന്റെയും രേഖാചിത്രം കാര്യങ്ങൾ വിശദീകരിക്കുന്നതിന് സഹായകമായി.

## മാർച്ച് 1 ജനകീയ സ്നേഹാദരവ് ദിനം

അതിഥികളെ സ്വീകരിക്കുവാൻ എല്ലാ തയ്യാറെടുപ്പുകളോടും കൂടി ഒരുങ്ങിയ അമൽജ്യോതി കോളേജിൽ വിവിധ കമ്മറ്റികളിലുള്ള വോളന്റിയേഴ്സ് ഉച്ചകഴിഞ്ഞ് 2.15-ന് പന്തലിൽ ഒരുമിച്ചുകൂടുകയും, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ജനറൽ കോഡിനേറ്റർ വിശദീകരിക്കുകയും ചെയ്തു. തുടർന്ന് 2.45-ഓടു കൂടി വോളന്റിയേഴ്സ് നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ അതിഥികളെ സ്വീകരിക്കുന്നതിന് തയ്യാറായി അണിനിരന്നു.

ഏകദേശം മൂന്നുമണിയോടുകൂടി അതിഥികളെത്തി തുടങ്ങുകയും നാല് മണിക്ക് മുമ്പു തന്നെ പന്തലും പരിസരവും നിറയുകയും ചെയ്തു. വിശിഷ്ടാതിഥികൾ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, മീഡിയ & പ്രസ് എന്നിങ്ങനെ പ്രത്യേകം ഇരിപ്പിടങ്ങൾ പന്തലിൽ ക്രമീകരിച്ചിരുന്നു. അതിഥികളെത്തിച്ചേർന്നതോടെ പന്തലിൽ ക്രമീകരിച്ചിരുന്ന LED Wall-ൽ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെക്കുറിച്ച് ബഹു. കന്നാലിൽ സോബിയച്ചൻ തയ്യാറാക്കിയ ഡോക്യുമെന്ററി പ്രദർശനം ആരംഭിച്ചിരുന്നു. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, അഭിവന്ദ്യ പിതാക്കന്മാർ, എം.പി.മാർ, എം.എൽ.എ. മാർ എന്നിവരുൾപ്പെടുന്ന ജന

പ്രതിനിധികളെ കാഞ്ഞിരപ്പള്ളി ആശാനിലയം സ്പെഷ്യൽ സ്കൂൾ ബാന്റിന്റെ അകമ്പടിയോടെ സമ്മേളനവേദിയിലേയ്ക്കാനയിച്ചു. കുമാരി നിയാ പത്യാല ആലപിച്ച പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച ജനകീയ ആദരവ് സമ്മേളനത്തിന് സംഘാടകസമിതി കൺവീനർ അഡ്വ. ഷെവ. വി.സി. സെബാസ്റ്റ്യൻ സ്വാഗതമാശംസിച്ചു.

എല്ലാവരെയും സമഭാവനയോടെ ഉൾക്കൊണ്ട് പ്രതിസന്ധികളിൽ അവരെ കൈപിടിച്ചുയർത്തുന്ന മാർ മാത്യു അറയ്ക്കൽ പിതാവ് അമ്പൂരിയിലും പീരുമേട്ടിലും കാഞ്ഞിരപ്പള്ളി രൂപത മുഴുവനിലും അത്ഭുതങ്ങൾ സൃഷ്ടിച്ച് അനേകർക്ക് ആശ്വാസമായിരുന്നുവെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. അഭിവന്ദ്യ അറയ്ക്കൽ പിതാവിന്റെ ജനസമൂഹത്തിനിടയിലെ ഔന്നത്യവും അംഗീകാരവുമാണ് പ്രൗഢഗംഭീരമായ സദസ്സ് തെളിയിക്കുന്നതെന്നും ഒരു സമ്മേളനം കൊണ്ടോ വാക്കുകൾ കൊണ്ടോ നിർവചിക്കാവുന്നതോ അടയാളപ്പെടുത്താവുന്നതോ അല്ല പിതാവിന്റെ സംഭാവനകളെന്നും അഭിവന്ദ്യ പുളിക്കൽ പിതാവ് അനുസ്മരിച്ചു. അഭിവന്ദ്യ പിതാവിനോടുള്ള ആദരസൂചകമായി അമൽജ്യോതി കോളേജിൽ പണി പൂർത്തിയാക്കിയ റിസേർച്ച് സ്ക്വയർ കെട്ടിടത്തിന് മാർ മാത്യു അറയ്ക്കൽ റിസേർച്ച് സെന്റർ എന്നു നാമകരണം ചെയ്യുന്നതായും മാർ ജോസ് പുളിക്കൽ അറിയിച്ചു.

ശ്രീ. പിണറായി വിജയൻ നിലവിളക്ക് തെളിച്ച് ഉദ്ഘാടനം നിർവ്വഹിച്ച് നൽകിയ സന്ദേശത്തിൽ പ്രേഷിത വൃത്തിയിൽ ഈശോയുടെ മാതൃക പിന്തുടർന്ന് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടുപോയവരെ തിരികെയെത്തിക്കുവാൻ മാർ മാത്യു അറയ്ക്കൽ പിതാവിന് സാധിച്ചുവെന്നും പലർക്കും സ്വപ്നം കാണാനാവാത്ത സത്പ്രവൃത്തികൾ ഏറ്റെടുത്തു പ്രാവർത്തികമാക്കിയെന്നും സദസ്സിനെ ഓർമ്മിപ്പിച്ചു. വില്ലേജ് ഓഫീസ് മുതൽ ലോകബാങ്കുവരെയുള്ള ബന്ധങ്ങൾ ജനോപകാരപ്രദമായ പദ്ധതിയാവിഷ്കരിക്കുവാൻ ഉപയോഗിച്ച അഭിവന്ദ്യ പിതാവ് സഭയുടെ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം തികഞ്ഞ

പക്വതയോടെ മദ്ധ്യസ്ഥ ചുമതല വഹിച്ചുവെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു. ആശയങ്ങൾ പ്രസംഗിക്കാനുള്ളതല്ല പ്രായോഗികമാക്കണമെന്ന അടിസ്ഥാന പാഠം പകർന്നു നൽകിയ ഇടയശ്രേഷ്ഠനായ അഭിവന്ദ്യ പിതാവിന്റെ മാതൃക അനുകരണീയമെന്നും മുഖ്യമന്ത്രി പ്രസ്താവിച്ചു. അഭിവന്ദ്യ പിതാവ് രൂപതാദ്ധ്യക്ഷസ്ഥാനത്തുനിന്ന് വിരമിച്ചുവെന്നത് അദ്ദേഹത്തിന്റെ ശുശ്രൂഷകളിൽ നിന്നുള്ള വിരമിയ്ക്കലല്ലെന്നും അത് അനസ്യൂതം തുടരുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. പൗരാവലിയുടെ ഉപഹാരം മുഖ്യമന്ത്രി, മാർ മാത്യു അറയ്ക്കൽ പിതാവിന് സമ്മാനിച്ചു.

കേരളത്തിന്റെ വിദ്യാഭ്യാസ, കാർഷിക, സാംസ്കാരിക രംഗങ്ങളിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാഴ്ചവച്ച അഭിവന്ദ്യ പിതാവ് ഭാരതസഭയുടെ അഭിമാനസ്തംഭമാണെന്ന് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. പെരുമാറ്റത്തിൽ ആദരവും സംസാരത്തിൽ ഔന്നത്യവും എപ്പോഴും എല്ലാവരോടും പുലർത്തുന്ന പിതാവിന്റെ ശുശ്രൂഷകൾ എക്കാലവും സ്മരിക്കപ്പെടുമെന്നും ആയുർവേദചികിത്സയിലും കൃഷിയിലും അദ്ദേഹം കാണിച്ച മാതൃക അനുകരണീയമെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സുവിശേഷം ജീവിതത്തിലൂടെ പ്രഘോഷിച്ച മനുഷ്യസ്നേഹിയായ ആത്മീയ നേതാവാണ് മാർ മാത്യു അറയ്ക്കലെന്ന് കേന്ദ്രമന്ത്രി വി. മുരളീധരനെ പ്രതിനിധീകരിച്ച് സംസാരിച്ച ബി.ജെ.പി. മുൻ സംസ്ഥാനദ്ധ്യക്ഷൻ സി.കെ. പത്മനാഭൻ പറഞ്ഞു. ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നതെന്ന വചനം അന്വർത്ഥമാക്കിയ അഭിവന്ദ്യ അറയ്ക്കൽ പിതാവിന് നൽകുന്ന സ്നേഹാദരവ് രാഷ്ട്രം നൽകുന്ന ആദരവാണെന്നും തന്റെ സാന്നിദ്ധ്യം രാഷ്ട്രത്തിന്റെ പ്രധാനമന്ത്രിയുടെ പ്രാതിനിധ്യമായി ഉൾക്കൊള്ളണമെന്നും അദ്ദേഹം പറഞ്ഞു. പാവപ്പെട്ടവരെയും അശരണരെയും കൈപിടിച്ചുയർത്തിയ അഭിവന്ദ്യ പിതാവിന്റെ പ്രവർത്തനങ്ങൾ രാജ്യത്തിനും പൊതുസമൂഹത്തിനും മാതൃകയാണെന്നും ഇത്തരത്തിൽ പാവപ്പെട്ടവർക്കായി ഒരു പുരോഹിതൻ സ്വയം സമർപ്പിച്ചതിൽ താൻ അഭിമാനം കൊള്ളുന്നതായും മുൻ കേന്ദ്ര പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ. നായർ പറഞ്ഞു. ഫാ. ഡാമിയൻ കുഷ്ഠ

രോഗികളെയാണ് ശുശ്രൂഷിച്ചതെങ്കിൽ അറയ്ക്കലച്ചൻ പാവപ്പെട്ടവരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും ശുശ്രൂഷിച്ച ഗാന്ധിയൻ വീക്ഷണം പുലർത്തുന്ന വൈദികശ്രേഷ്ഠനാണെന്നും തനിക്ക് സഹോദരനും മാതൃകയുമായ വ്യക്തിത്വമാണ് അഭിവന്ദ്യ പിതാവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബ്രിട്ടനിലെ ബ്രാഡ്‌ലി സ്റ്റോക്ക് മേയർ ശ്രീ. ടോം ആദിത്യ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ (കൂരിയ ബിഷപ്പ്), ഡോ. സിറിയക് തോമസ് (മുൻ വൈസ് ചാൻസലർ), ശ്രീ. ആന്റോ ആന്റണി എം.പി., ശ്രീ. ഡീൻ കുര്യാക്കോസ് എം.പി., ശ്രീ. ജോസ് കെ. മാണി എം.പി., ശ്രീ. പി.സി. ജോർജ് എം.എൽ.എ., ശ്രീ. പി. ജെ. ജോസഫ് എം.എൽ.എ., ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ. എ., ശ്രീ. രാജു എബ്രാഹം എം.എൽ.എ., ഡോ. എൻ. ജയരാജ് എം.എൽ.എ., ശ്രീ. ചന്ദ്രശേഖരൻ I.N.T.U.C. സംസ്ഥാനപ്രസിഡന്റ്, അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്), ശ്രീ. ജോയിസ് ജോർജ് (മുൻ എം.പി.), ശ്രീ. ജോർജ് ജെ. മാത്യു (മുൻ എം.പി.), ശ്രീ. പി.സി. തോമസ് (മുൻ എം.പി.), ശ്രീ. ജോയി എബ്രാഹം (മുൻ എം.പി.), ശ്രീ. വി.എൻ. വാസവൻ (മുൻ എം.എൽ.എ), ശ്രീ. കെ.ജെ. തോമസ് (മുൻ എം.എൽ.എ), ശ്രീ. ജോണി നെല്ലൂർ (മുൻ എം.എൽ.എ), ശ്രീ. ജോസഫ് വാഴക്കൻ (മുൻ എം.എൽ.എ), ശ്രീ. വി.വി. അഗസ്റ്റിൻ (മുൻ കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ മെമ്പർ), ശ്രീമതി സോഫി ജോസഫ് (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്), ശ്രീമതി ഷക്കീല നസീർ (കാഞ്ഞിരപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ്), ശ്രീ. ജോയി വട്ടക്കുഴി (കട്ടപ്പന മുനിസിപ്പൽ ചെയർപേഴ്സൺ) എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

ഈ മണ്ണിന്റെ മകനായ തനിക്ക് യാത്രയയപ്പോ ആദരവോ അപ്രസക്തമാണെന്നും ജനങ്ങൾക്കുവേണ്ടി സമർപ്പിച്ച ജീവിതത്തിന്റെ സമർപ്പണം തന്റെ അവസാനശ്വാസം വരെ തുടരുമെന്നും നാടിനെ സംരക്ഷിക്കാൻ മണ്ണിൽ അദ്ധ്വാനിക്കുന്ന കർഷകരുടെ വേദനകൾ തനിക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ലെന്നും അഭിവന്ദ്യ പിതാവ് മറുപടി പ്രസംഗത്തിൽ പറഞ്ഞു. രാഷ്ട്രത്തിന്റെ പ്രധാനമന്ത്രിമാരും സംസ്ഥാന മുഖ്യമന്ത്രിമാരുമുൾപ്പെടെ സാമൂഹിക

രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ തനിക്കു നൽകിയ പിന്തുണ നന്ദിയോടെ സ്മരിക്കുന്നതായും അഭിവന്ദ്യ പിതാവ് പ്രത്യേകം അനുസ്മരിച്ചു.

അഭിവന്ദ്യ അറയ്ക്കൽ പിതാവിനെക്കുറിച്ച് രൂപത തയ്യാറാക്കിയ സ്മരണിക മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ടി.കെ. അയ്യപ്പൻ നായർക്കും അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് 20-ാം വർഷ സ്മരണിക മുൻ വൈസ് ചാൻസിലർ ശ്രീ. സിറിയക് തോമസിനും കോപ്പി നൽകി പ്രകാശനം ചെയ്തു. അമൽജ്യോതി കോളേജ് 20-ാം വർഷ ലോഗോയുടെ പ്രകാശനവും മുഖ്യമന്ത്രി നിർവ്വഹിച്ചു. സംഘാടക സമിതി ചെയർമാൻ പെരിയ ബഹുമാനപ്പെട്ട ജസ്റ്റിൻ പഴേപറമ്പിലച്ചൻ കൃതജ്ഞത അർപ്പിച്ച യോഗം ദേശീയ ഗാനത്തോടെ പൂർത്തിയായി.

കോളേജ് റിസേർച്ച് സ്ക്വയറിൽ തയ്യാറാക്കിയ സ്നേഹവിരുന്നോടെ സ്നേഹാദരവ് സമ്മേളനത്തിന് പരിസമാപ്തിയായി. വൈകുന്നേരം 4-മണിക്ക് ഡോക്യുമെന്ററിയോടെ ആരംഭിച്ച സമ്മേളനം 5.30-ന് കൃത്യസമയത്ത് പൂർത്തിയാക്കുവാൻ സാധിച്ചുവെന്നത് പ്രത്യേകം സ്മരണീയമാണ്.

3500 മുതൽ 4000 പേരോളം പങ്കെടുത്ത യോഗം സമംഗളം പര്യവസാനിപ്പിക്കുവാൻ സാധിച്ചുവെന്നത് ദൈവപരിപാലനയുടെ അനുഭവമായിരുന്നു. വിവിധ തലങ്ങളിൽ അത്യദ്ധ്വാനം ചെയ്തവരെയെല്ലാം നന്ദിയോടെ സ്മരിക്കുകയും ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**

**ജനറൽ കോഡിനേറ്റർ**

# കച്ചേരിക്കാര്യം

### 1. പീഡാനുഭവ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

മാരകപകർച്ചവ്യാധിയായ കോവിഡ്-19 മൂലം രാജ്യം മുഴുവൻ അടച്ചുപൂട്ടിയതിനാൽ പതിവു തിരുക്കർമ്മങ്ങൾ വലിയ ആഴ്ചയിൽ ജനപങ്കാളിത്തത്തോടെ നടത്തുന്നില്ല. പകരം അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി നൽകിയിരിക്കുന്ന സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാവരും പാലിക്കേണ്ടതാണ്.

### 2. പ്രത്യേക ശുശ്രൂഷയുടെ അലവൻസ് സംബന്ധിച്ച്

ഇടവകയിൽ പ്രത്യേക ശുശ്രൂഷ ചെയ്യുന്ന ദൈവാലയ ശുശ്രൂഷി, കണക്കൻ എന്നിവരുടെ വേതനം നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ഇടവകയിലും എത്തിച്ചിട്ടുണ്ട്. അതനുസരിച്ച് വേതനം നിശ്ചയിച്ച് വാർഷിക പൊതുയോഗത്തിൽ അവതരിപ്പിച്ച് യോഗനിശ്ചയം ചെയ്ത് വാർഷിക കണക്കിന്റെ ഓഡിറ്റ് സമയത്ത് രൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാത്തവർക്ക് രൂപതാക്കച്ചേരിയിൽ നിന്ന് ഇത് ലഭിക്കുന്നതാണ്.

### 3. വൈദികക്ഷേമനിധിയിലേക്കുള്ള അലവൻസും സംഭാവനയും

സാമ്പത്തികവർഷത്തെ ആണ്ടുതിരട്ട് സമർപ്പിക്കുമ്പോൾ വൈദികക്ഷേമനിധിയിലേക്ക് അതത് ഇടവകകളിൽ ജോലിചെയ്യുന്ന ഓരോ വൈദികനുംവേണ്ടി ഒരു മാസത്തെ അലവൻസ് ഇടവക അടയ്ക്കേണ്ടതാണ്. അതിനോടൊപ്പം 2012 ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതുപോലെ മാസം തോറും 125 രൂപ ഓരോ വൈദികനും 250 രൂപ ഓരോ ഇടവകയും രൂപതാകച്ചേരിയിൽ അടയ്ക്കേണ്ടതാണ്.

സ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന വൈദികരുടെ ഒരു മാസത്തെ അലവൻസ്, സ്ഥാപനങ്ങളും വൈദികക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ടതാണ്.

**4. Appointments**

Rev. Fr. Thomas Kunnathupurayidam - Executive Director, PDS

**Relieved**

Rev. Fr. Hubby Mathew Maliakal MST - Executive Director, PDS

**5. ഇടക്കാല ശുശ്രൂഷകർ (Regents)**

രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഇടക്കാല ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന ബ്രദർ ആലപ്പാട്ട് എബി (ബേത്‌ലഹേം ആശ്രമം), ഏറത്ത് അഖിൽ (കെ.സി.എസ്.എൽ, മിഷൻലീഗ്, വൊക്കേഷൻ ബ്യൂറോ), കളപ്പുരയ്ക്കൽ നോയൽ (വികെയർ), കളപ്പുരയ്ക്കൽ മെൽവിൻ (സിറ്റാഡൽ സ്കൂൾ, റാന്നി), കൽക്കുഴി ആൽബിൻ (സാരഥി), മണ്ണഞ്ചേരിൽ ജിതിൻ (സുവാറ, ലൈബ്രറി), മറ്റക്കരത്തുണ്ടിയിൽ ഡോൺ (എസ്.എം.വൈ.എം), മുളങ്ങാശ്ശേരിൽ ടോണി (കൂരിയ, ട്രൈബ്യൂണൽ, ബുള്ളറ്റിൻ), നിരവത്ത് മജു (പി.എ.സി. അണക്കര), പാലുക്കുന്നേൽ ബിബിൻ (ഫാമിലി അപ്പോസ്റ്റലേറ്റ്), തടത്തിൽപുരയിടം എമിൽ (പാസ്റ്ററൽ ആനിമേഷൻ, വിമലാ പബ്ലിക്കേഷൻസ്), തെക്കേവയലിൽ ജോയ്സ് (മരിയൻ റിട്രീറ്റ് സെന്റർ, അണക്കര), വള്ളിയാംതടത്തിൽ ടോണി (മൈനർ സെമിനാരി), വെട്ടുകല്ലാംകുഴി ജോയൽ (അമല കമ്മ്യൂണിക്കേഷൻ, ദർശകൻ, ലൈബ്രറി) എന്നിവരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**6. ഇടക്കാല ശുശ്രൂഷകർക്കു നന്ദി**

രൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ കഴിഞ്ഞ ഒരു വർഷക്കാലം ഇടക്കാല ശുശ്രൂഷകൾ നടത്തിയ ബ്രദർ ചാത്തനാട്ട് ജിതിൻ (സുവാറ, കെ.സി.എസ്.എൽ), ചേനപ്പുരയ്ക്കൽ റ്റിബിൻ (ബേത്‌ലേഹം ആശ്രമം, മൈനർ സെമിനാരി), ഇരുപ്പക്കാട്ട് എബിൻ (പി.എ.സി. അണക്കര), കണ്ടത്തിൽ റ്റോമിൻ (വികെയർ), വടക്കേകാരിക്കാട്ടിൽ ജിജോ (കൂരിയ, ട്രൈബ്യൂണൽ, ബുള്ളറ്റിൻ), വെള്ളാപ്പള്ളി നോബി (എസ്.എം.വൈ.എം, ദർശകൻ, അമല കമ്മ്യൂണിക്കേഷൻ) എന്നിവർക്കു സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

# രൂപതാകുടുംബത്തിന്റെ നന്ദി



നീണ്ട 20 വർഷങ്ങൾ പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയെ വളർച്ചയിലേക്ക് നയിച്ചതിനുശേഷം പടിയിറങ്ങുന്ന ബഹുമാനപ്പെട്ട ഹബി മാത്യു മാളിയേക്കൽ MST അച്ചനെ രൂപതാകുടുംബം നന്ദിയോടെയും സ്നേഹത്തോടെയും അഭിമാനത്തോടെയും അനുസ്മരിക്കുന്നു. പാലാ രൂപതയിലെ നീലൂർ ഇടവകയിൽ മാളിയേക്കൽ മാത്യു – ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1957 നവംബർ 14–ാം തീയതി ജനിച്ച ഹബി തന്റെ സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം MST സഭയിൽ ചേർന്ന് 1986 ഏപ്രിൽ 5–ാം തീയതി പൗരോഹിത്യപട്ടം സ്വീകരിച്ചു. ബോംബയിലെ റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ നിന്നും MSW-യും പിന്നീട് സോഷ്യൽ സയൻസിൽ ഡോക്ടറേറ്റും കരസ്ഥമാക്കി.

PDS എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ഫാ. മാത്യു അറയ്ക്കലിന്റെ ക്ഷണപ്രകാരം 2000-ത്തിൽ PDS - ന്റെ പ്രോഗ്രാം കോർഡിനേറ്ററായി ഹബിയച്ചൻ ചുമതലയേറ്റു. 2009 മുതൽ എക്സിക്യൂട്ടീവ് ഡയറക്ടറായി ഹബിയച്ചൻ പ്രവർത്തിക്കുന്നു. അറയ്ക്കലച്ചൻ തുടങ്ങിവച്ച വിവിധങ്ങളായ പ്രവർത്തനങ്ങളെ വിപുലീകരിച്ച് സ്ഥിരവികസനത്തിലേക്ക് സൊസൈറ്റിയെ നയിച്ചത് ബഹുമാനപ്പെട്ട ഹബിയച്ചനാണ്. ദേശീയ, അന്തർദേശീയ തലത്തിൽ അംഗീകാരം ലഭിക്കുന്ന തരത്തിൽ PDS - നെ വളർത്തിയത് ഹബിയച്ചന്റെ നേതൃത്വപാടവവും അറിവും വ്യക്തിബന്ധങ്ങളുമാണെന്നതിൽ സംശയമില്ല. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ NGO ആയി മാറിയ PDS കേന്ദ്രഗവൺമെന്റിന്റെ Centre of Relevance and Excellence അംഗീകാരം നേടിയതു വഴി രാജ്യത്തെ

പല ഗവേഷണ പഠനങ്ങൾക്കും ചുക്കാൻ പിടിക്കുവാൻ സാധിച്ചു. പല അന്തർദേശീയ ഏജൻസികളുടെയും പദ്ധതികളുടെ മേൽനോട്ടചുമതല PDS- ന് ലഭിച്ചതും, ഇന്ത്യാ ഗവൺമെന്റിന്റെ Department of Scientific and Industrial Research, PDS–നെ ശാസ്ത്രീയ ഗവേഷണ സ്ഥാപനമായി അംഗീകരിച്ചതും, Kerala State Bio-diversity Board -ന്റെ അവാർഡ് 2018–ൽ ലഭിച്ചതും, NABARD-ന്റെ Farmer Producer Organization's (FPO's) State Level Consultative Committee - യിലെ അംഗമായി PDS -നെ തിരഞ്ഞെടുത്തതുമെല്ലാം ഹബിയച്ചന്റെ ധീരമായ നേതൃത്വപാടവം കൊണ്ടാണ്. Organic spices - ന്റെ ഇന്ത്യയിലെ ഏറ്റവും വലിയ കയറ്റുമതിക്കാരായി PDS -നെ വളർത്തുന്നതിനും സഹ്യാദ്രി ആയുർവേദ ഫാർമസ്യൂട്ടിക്കൽസിനെ ഉയർച്ചയിലേക്കു നയിക്കുന്നതിനും ശക്തി പകർന്നത് ഹബിയച്ചനാണ്.

ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലുള്ള സാമൂഹിക വികസന പ്രവർത്തനങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും കൃഷി വികസനത്തിനും അച്ചൻ മികച്ച നേതൃത്വം നല്കി. ഒരു സാമൂഹിക പ്രവർത്തകൻ എന്ന നിലയിൽ ആയിരത്തിയഞ്ഞൂറിൽ പരം സ്വാശ്രയ സംഘങ്ങളിലൂടെ ജനങ്ങളോടൊപ്പം പ്രവർത്തിക്കുവാൻ അച്ചന് സാധിച്ചിരുന്നു. Rajagiri College of Social Science ഏർപ്പെടുത്തിയ പ്രമുഖ സാമൂഹിക പ്രവർത്തകനുള്ള ഫാ. ജോസ് അലക്സ് അവാർഡ് 2017–ൽ ഹബിയച്ചന് ലഭിച്ചിരുന്നു.

രൂപതയിലെ എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിയാവുകയും അഭിവന്ദ്യ പിതാക്കന്മാരോടും ബഹു. വൈദികരോടും ദൈവജനത്തോടും ചേർന്ന് പ്രവർത്തിക്കുകയും ചെയ്ത ഹബിയച്ചൻ കാഞ്ഞിരപ്പള്ളി രൂപതാഗം എന്നാണ് എല്ലാവരും കരുതിയിരുന്നത്. നിസ്തുലമായ ശുശ്രൂഷകൾക്ക് ശേഷം തന്റെ പ്രേഷിതസമൂഹമായ MST യുടെ സേവനമേഖലയിലേക്ക് സ്ഥലം മാറുന്ന ബഹു. ഹബി മാത്യു മാളിയേക്കൽ അച്ചന് രൂപതാകുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം രേഖപ്പെടുത്തുന്നു. അച്ചന്റെ സേവനം ഇരുപതു വർഷക്കാലം കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് വിട്ടു നൽകിയ MST സഭയോടും നന്ദി അറിയിക്കുന്നു. അച്ചന്റെ പുതിയ ശുശ്രൂഷ മേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

# 2019 – 2020 സാമ്പത്തികവർഷത്തിലെ പള്ളിക്കണക്കുകൾ രൂപതാക്കച്ചേരിയിൽ സമർപ്പിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ

*കൈക്കാരന്മാർ, കണക്കൻ, ഇന്റേണൽ ഓഡിറ്റേഴ്സ് എന്നിവരെ ഇവ അറിയിച്ചു വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതാണ്.*

1. പള്ളിക്കണക്കുകൾ രൂപതാക്കച്ചേരിയിൽ ഹാജരാക്കുമ്പോൾ ഇവിടെ അടയ്ക്കേണ്ട വിഹിതം, പിരിവുകൾ തുടങ്ങിയവ സംബന്ധിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ കത്തു കൊടുത്തുവിടേണ്ടതാണ്.

2. നിയമാനുസൃതം വിളിച്ചുകൂട്ടിയ ഇടവകയോഗം പാസ്സാക്കിയ കണക്കുകൾ മാത്രമേ രൂപതാക്കച്ചേരിയിൽ സ്വീകരിക്കുകയുള്ളൂ.

3. കണക്കുകൾ യോഗത്തിൽ സമർപ്പിക്കുന്നതിനു മുൻപായി നിയമാനുസൃതം തെരഞ്ഞെടുത്ത ഇന്റേണൽ ഓഡിറ്റർമാർ കണക്കുകൾ ഓഡിറ്റു ചെയ്തിരിക്കേണ്ടതാണ്. അവരുടെ ഓഡിറ്റുറിപ്പോർട്ടും സ്റ്റേറ്റുമെന്റും അതിനെ സംബന്ധിച്ച കൈക്കാരന്മാരുടെ വിശദീകരണവും ആണ്ടുതിരട്ടോടുകൂടി യോഗത്തിൽ വായിച്ചിരിക്കണം.

4. ആണ്ടുതിരട്ട് പാസ്സാക്കുന്നതോടുകൂടെ അടുത്ത സാമ്പത്തികവർഷത്തേക്കുള്ള കൈക്കാരന്മാരുടേയും ഇന്റേണൽ ഓഡിറ്റർമാരുടേയും തെരഞ്ഞെടുപ്പ് നടത്തിയിരിക്കണം.

5. രൂപതാക്കച്ചേരിയിൽനിന്ന് അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ കൈക്കാരന്മാരും ഓഡിറ്റർമാരും ജോലിയിൽ പ്രവേശിക്കാവൂ.

6. ഇടവകപ്പള്ളിയിലെ പൊതുക്കണക്കിൽ ഉൾപ്പെടുത്താത്ത കുരിശുപള്ളികളുടെ കണക്കുകൾ, ഇടവകയിൽനിന്നു നേരിട്ടു നടത്തുന്ന വികസനപദ്ധതികളെ സംബന്ധിച്ച കണക്കുകൾ, നിർമ്മാണ കണക്കുകൾ എന്നിവ പള്ളിയുടെ പൊതു

ക്കണക്കിനോടൊപ്പം ഇന്റേണൽ ഓഡിറ്റേഴ്സ് ഓഡിറ്റു ചെയ്യേണ്ടതും പൊതുക്കണക്കിനോടൊപ്പം ആണ്ടുതിരട്ടുയോഗത്തിൽ പാസ്സാക്കി രൂപതാക്കച്ചേരിയിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പ്രത്യേക കണക്കുകൾ ഇതുവരെ രൂപതക്കച്ചേരിയിൽ പാസ്സാക്കിയിട്ടില്ലെങ്കിൽ പ്രസ്തുത കണക്കിന്റെ തുടക്കം മുതൽ 2020 മാർച്ച് 31 വരെയുള്ള കണക്കുകൾ മേൽപ്പറഞ്ഞവിധം തയ്യാറാക്കി ഈ വർഷത്തെ ആണ്ടുതിരട്ടിനോടൊപ്പം ഇവിടെ സമർപ്പിക്കണം. കെട്ടിടംപണി, പദ്ധതികൾ മുതലായവ പൂർത്തീകരിച്ചാലും ഇല്ലെങ്കിലും 2020 മാർച്ച് 31 വരെയുള്ള അവയുടെ കണക്കുകൾ മേൽപ്പറഞ്ഞ വിധം രൂപതാക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

7. ആണ്ടുതിരട്ടു തയ്യാറാക്കുന്നതിനു മുൻപായി സ്ഥിരനിക്ഷേപരസീതുകൾ, പാസ്സ്ബുക്കുകൾ എന്നിവ ബാങ്കിൽ കൊടുത്ത് സാമ്പത്തികവർഷാവസാനംവരെയുള്ള ഇടപാടുകൾ പതിപ്പിക്കുകയും 31.03.2020 ലെ Bank Balance Confirmation Certificate വാങ്ങി അതനുസരിച്ച് കണക്കുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

8. പൊതുക്കണക്കിന്റെ പേരെടിൽ പള്ളിക്ക് ഈ സാമ്പത്തികവർഷാവസാനംവരെയുള്ള എല്ലാ കടബാധ്യതയുടെയും പൂർണ്ണവിവരം രേഖപ്പെടുത്തിയിരിക്കണം.

9. പള്ളിയുടെ ബാലൻസ്ഷീറ്റിൽ കാണുന്ന ആസ്തിബാദ്ധ്യതകൾ പൊതുക്കണക്കുമായി ഒത്തുനോക്കി വ്യത്യാസമുണ്ടെങ്കിൽ അവ ഈ സാമ്പത്തികവർഷത്തെ ആണ്ടുതിരട്ടു തയ്യാറാക്കുമ്പോൾ ശരിയാക്കേണ്ടതാണ്.

10. മുൻവർഷങ്ങളിലെ ഓഡിറ്റു റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളും രൂപതാക്കച്ചേരിയിൽ കണക്കു പരിശോധിച്ചപ്പോൾ നല്കിയ നിർദ്ദേശങ്ങളും നമ്മുടെ ചാർട്ടേർഡ് അക്കൗണ്ടന്റ് ക്ലാസ്സ് എടുത്തപ്പോൾ നല്കിയ നിർദ്ദേശങ്ങളും പ്രത്യേകം പഠിച്ച് ആണ്ടുതിരട്ട് തയ്യാറാക്കുക.

11. രൂപതാക്കച്ചേരിയിലേക്ക് സമർപ്പിക്കുന്ന എല്ലാ റിക്കാർഡുക

ളിലും സ്റ്റേറ്റുമെന്റുകളിലും റിപ്പോർട്ടിലും ബഹുമാനപ്പെട്ട വികാരിയച്ചന്റെ ഒപ്പുണ്ടായിരിക്കേണ്ടതാണ്.

12. രൂപതാക്കച്ചേരിയിൽ കണക്കു സമർപ്പിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന തീയതിക്ക് 7 ദിവസം മുൻപ് ആണ്ടുതിരട്ട് പാസാക്കിയിരിക്കേണ്ടതാണ്.

**രൂപതാക്കച്ചേരിയിൽ കണക്കുകൾ സമർപ്പിക്കുമ്പോൾ കൊണ്ടുവരേണ്ട റിക്കാർഡുകൾ**

1. പൊതുക്കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്.
2. കൃഷിക്കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്.
3. പള്ളിയുടെ പൊതുക്കണക്കിൽപ്പെടാത്ത പ്രത്യേക കണക്കുകളുണ്ടെങ്കിൽ അവയുടെ നാൾവഴി, പേരേട്, തിരട്ട്.
4. ആണ്ടുതിരട്ടിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ.
5. ബാങ്കു പാസ്സ് ബുക്കുകൾ, ഡിപ്പോസിറ്റ് രസീതുകൾ (31.03.2020 വരെയുള്ള ഇടപാടുകൾ രേഖപ്പെടുത്തിയത്)
6. തന്നാണ്ടു പുതുക്കിയ മുറിച്ചാർത്ത്.
7. നിത്യക്കുർബാനധർമ്മം, സ്കോളർഷിപ്പ്ഫണ്ടുകൾ മുതലായവ എഴുതിസൂക്ഷിക്കുന്ന രജിസ്റ്റർ, തന്നാണ്ട് അതിന്റെ ബാധ്യതകൾ നിറവേറ്റിയതിന് ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷിപ്പ്.
8. ആണ്ടുതിരട്ടും ബഡ്ജറ്റും പാസ്സാക്കിയ പൊതുയോഗനിശ്ചയത്തിന്റെ സാക്ഷ്യപ്പെടുത്തിയ രണ്ടു കോപ്പികൾ.
9. ഇന്റേണൽ ഓഡിറ്റുറിപ്പോർട്ടും അതിനെപ്പറ്റി കൈക്കാരന്റെ വിശദീകരണമടങ്ങുന്ന ഓഡിറ്റ് റിപ്പോർട്ട് ബുക്കും തന്നാണ്ടത്തെ ഓഡിറ്റു റിപ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു കോപ്പിയും.
10. ഇന്റേണൽ ഓഡിറ്റേഴ്സ് പൂരിപ്പിക്കുന്ന സ്റ്റേറ്റ്മെന്റിന്റെ ഒരു കോപ്പി.
11. നിയമാനുസൃതം പാസ്സാക്കിയ 2020-2021 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിന്റെ സാക്ഷ്യപ്പെടുത്തിയ രണ്ടു കോപ്പികൾ.
12. ഇടവകയിലെ തൻവർഷത്തെ പ്രവർത്തനറിപ്പോർട്ട്.
13. പള്ളിവക സ്ഥാവരവസ്തുക്കളുടെ ആധാരത്തിന്റെ കോപ്പി

കൾ (രൂപതാക്കച്ചേരിയിൽ ഇതുവരെ ഏല്പിച്ചിട്ടില്ലാത്തവ).

14. 2019-20 വർഷത്തെ കരം അടച്ച രസീതിന്റെ /രേഖയുടെ കോപ്പി.

15. 31.03.2020 ലെ Bank Balance Confirmation Certificate (F.D A/cs., S.B.A/cs.,m Loan A/cs. etc. )

NB:

1. രൂപതാക്കച്ചേരിയിൽ കണക്കു സമർപ്പിക്കുന്നതിന് ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള തീയതി താഴെക്കൊടുക്കുന്നു.
2. ബഡ്ജറ്റ്, ഇടവകറിപ്പോർട്ട്, ഇന്റേണൽ ഓഡിറ്റേഴ്സ് സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള ഫോറങ്ങൾ രൂപതാക്കച്ചേരിയിൽ നിന്ന് ഏപ്രിൽ ബുള്ളറ്റിനോടൊപ്പം എത്തിക്കുന്നതാണ്.

| Name of Church | Date | Time |
|---|---|---|
| Kanjirappally St.Dominic's Cathedral | 25.07.20 | P.M. |
| Alampally St.Dominic's | 24.06.20 | A.M. |
| Amalagiri St.Thomas | 12.05.20 | A.M. |
| Amaravathy St.Josephs | 19.06.20 | A.M. |
| Anakallu St.Antonys | 27.05.20 | P.M. |
| Anakkara St.Thomas Forane | 04.05.20 | A.M. |
| Anavilasam St.George | 27.05.20 | A.M. |
| Anchilippa St.Pius X | 14.05.20 | P.M. |
| Angelvalley St.Marys | 25.05.20 | P.M. |
| Anickadu St.Marys | 13.05.20 | P.M. |
| Aniyartholu St.Thomas | 15.07.20 | A.M. |
| Arayanjalmannu St.Joseph | 07.07.20 | P.M. |
| Azhangadu St.Antonys | 18.06.20 | A.M. |
| Bethany Hills St.Marys | 16.07.20 | A.M. |
| Chakkupallom Carmel Matha | 16.06.20 | A.M. |
| Chamampathal Fathima Matha | 23.06.20 | P.M. |

| | | |
|---|---|---|
| Chellarcoil Mar Sleeva | 02.06.20 | A.M. |
| Chemmannu St.Thomas | 28.05.20 | A.M. |
| Chembalam St.Marys | 27.04.20 | A.M. |
| Chempanoly St.Sebastians | 16.05.20 | A.M. |
| Chengalam St.Antonys | 24.06.20 | P.M. |
| Cheenkalthadam(Mailapara)St.Josephs | 17.07.20 | P.M. |
| Chenkal Sacred Heart | 29.04.20 | P.M. |
| Chennakunnu St.George | 26.06.20 | P.M. |
| Cheruvallikulam St.George | 05.05.20 | P.M. |
| Cheruvally St.Marys | 08.05.20 | P.M. |
| Chinnar St.George | 09.07.20 | P.M. |
| Chottupara St.Gianna | 13.07.20 | A.M. |
| Cumbummettu St.Josephs | 26.05.20 | A.M. |
| Edakunnam Velankanni Matha | 28.04.20 | P.M. |
| Edamon St.Marys | 16.06.20 | P.M. |
| Elamgulam St.Marys | 30.05.20 | A.M. |
| Elangoi Holy Cross | 02.06.20 | P.M. |
| Elappara St.Alphonsa | 04.07.20 | A.M. |
| Elikulam Infant Jesus | 15.06.20 | PM. |
| Elivalikara St.Antonys | 10.07.20 | A.M. |
| Eruthuapuzha Infant Jesus | 15.07.20 | P.M. |
| Erumely Assumption Forane | 06.06.20 | P.M. |
| Grace Mount Grace Matha | 24.04.20 | A.M. |
| Greenvalley Infant Jesus | 21.07.20 | A.M. |
| Inchiyani Holy Family | 21.05.20 | P.M. |
| Kalthotty Holy Family | 25.05.20 | A.M. |
| Kanamala St.Thomas | 30.04.20 | P.M,. |
| Kanayankavayal St.Marys | 21.05.20 | A.M. |
| Kanchiyar St.Marys | 08.05.20 | A.M. |
| Kannampally St.Marys | 06.06.20 | A.M. |
| Kannimala St.Josephs | 30.05.20 | P.M. |

| | | |
|---|---|---|
| Kappadu Holy Cross | 12.05.20 | P.M. |
| Karikattoor St.Antonys | 18.06.20 | P.M. |
| Karikulam Fathima Matha | 23.05.20 | P.M. |
| Karunapuram St.Marys | 01.05.20 | A.M. |
| Kattappana St.George Forane | 19.05.20 | A.M. |
| Keerikara St.Antonys | 20.07.20 | P.M. |
| Kizhakkemattukatta St.Thomas | 23.07.20 | A.M. |
| Kochera St.Josephs | 01.06.20 | A.M. |
| Kochuthovala St.Josephs | 05.06.20 | A.M. |
| Kollamula St.Maria Goretti | 20.06.20 | P.M. |
| Konni St.Jude | 08.07.20 | A.M. |
| Koovappally St.Josephs | 05.06.20 | P.M. |
| Koothattukulam Assumption | 09.07.20 | P.M. |
| Koratty Puthenpalli St.Josephs | 29.05.20 | P.M. |
| Koruthodu St.George | 25.04.20 | P.M. |
| Kozhencherry Holy Family | 20.07.20 | A.M. |
| Kumily(Attapallom)St.Thomasl | 30.06.20 | A.M. |
| Kunnumbhagom St.Josephs | 06.05.20 | P.M. |
| Kurumpanmoozhy St.Thomas | 07.05.20 | PM. |
| Kuttikanam St.Mathew | 25.07.20 | A.M. |
| Kuzhitholu St.Sebastians | 28.04.20 | A.M. |
| Madukka St.Mathews | 27.06.20 | P.M. |
| Mangappara Nityasahaya Matha | 16.07.20 | P.M. |
| MangapettaSt.Thomas | 13.07.20 | P.M. |
| Manipuzha Christ Raj | 04.07.20 | P.M. |
| Mariagiri St.Sebastian | 15.05.20 | A.M. |
| Marykulam St.George | 10.06.20 | A.M. |
| Meenkuzhy Little Flower | 09.07.20 | P.M. |
| Melorem St.Sebastians | 06.05.20 | A.M. |
| Meppara Lourdu Matha | 06.07.20 | A.M. |
| Mlamala Fathima Matha | 14.05.20 | A.M. |

| | | |
|---|---|---|
| Mukkoottuthara St.Thomas | 22.05.20 | P.M. |
| Mukkulam St.George | 01.05.20 | P.M. |
| Mulamkunnu Infant Jesus | 06.07.20 | P.M. |
| Mundakayam Our Lady of Dolours Forane | 22.06.20 | P.M. |
| Mundakayam St.John Paul II | 09.06.20 | P.M. |
| Mundiyeruma Assumption | 30.04.20 | A.M. |
| Murinjapuzha(Christunagar)St.George | 15.06.20 | A.M. |
| Nallathanny Holy Family | 23.07.20 | P.M. |
| Nariampara Holy Cross | 09.06.20 | A.M. |
| Nasranipuram St.Mathews | 13.05.20 | A.M. |
| Nettithozhu St.Isidor | 05.05.20 | A.M. |
| Neyyattusserry St.George | 04.06.20 | P.M. |
| Nilackal Thulappally Mar Thoma Sleeha | 16.05.20 | P.M. |
| Niravu St.Marys | 30.06.20 | P.M. |
| Nirmalagiri St.Antonys | 02.07.20 | A.M. |
| Nirmalapuram Holy Family | 15.07.20 | A.M. |
| Padanilam St.Sebastians | 10.06.20 | P.M. |
| Palampra Gathsemene | 28.05.20 | P.M. |
| Palapra Vimala Matha | 18.05.20 | P.M. |
| Paloorkavu St.George | 02.05.20 | P.M. |
| Pampadumpara St.George | 22.06.20 | A.M. |
| Panapilavu St.Josephs | 25.06.20 | A.M. |
| Pathanamthitta Mary Matha Forane | 17.07.20 | A.M. |
| Pazhayakoratty St.Marys | 26.06.20 | A.M. |
| Pazhayidom St.Michaels | 03.06.20 | P.M. |
| Peermedu St.Marys | 10.07.20 | P.M. |
| Periyar Vallakadavu St.Josephs | 23.06.20 | A.M. |
| Perunadu St.Jude | 16.07.20 | A.M. |
| Perumthenaruvi St.Josephs | 22.07.20 | P.M. |
| Peruvanthanam St.Josephs | 11.05.20 | A.M. |
| Pezhumpara Sacred Heart | 11.05.20 | P.M. |

| | | |
|---|---|---|
| Placherry Fathima Matha | 01.07.20 | P.M. |
| Podimattam St.Marys | 17.06.20 | P.M. |
| Ponkunnam Holy Family Forane | 8.06.20 | P.M. |
| Poomattam St.Thomas | 18.07.20 | A.M. |
| Pulinkatta St.George | 12.06.20 | A.M. |
| Pulianmala St.Antonys | 22.05.20 | A.M. |
| Pullanithakady St.Ritas | 21.07.20 | P.M. |
| Pullikanam St.Thomas | 20.06.20 | A.M. |
| Punchavayal St.Sebastians | 27.06.20 | A.M. |
| Purakayam St.Josephs | 05.05.20 | P.M. |
| Puttady Velankanni Matha | 18.05.20 | A.M. |
| Rajagiri Christu Raj | 29.04.20 | A.M. |
| Ramakalmettu Sacred Heart | 03.06.20 | A.M. |
| Ranni Infant Jesus Forane | 25.06.20 | P.M. |
| Santhigiri St.George | 08.06.20 | A.M. |
| Sanyasioda Infant Jesus | 01.07.20 | A.M. |
| Seethathodu St.George | 18.07.20 | P.M. |
| Swaraj St.Pauls | 07.07.20 | A.M. |
| Thachapuzha St.Marys | 14.07.20 | P.M. |
| Thamarakunnu St.Ephrems | 20.05.20 | P.M. |
| Thampalakadu St.Thomas | 19.05.20 | P.M. |
| Tharakanattukunnu St.Antonys | 12.06.20 | P.M. |
| Thekkemala St.Marys | 01.06.20 | P.M. |
| Third Camp St.Josephs | 17.06.20 | A.M. |
| Uluppooni St.Alphonsa | 22.07.20 | A.M. |
| Umikuppa Lourdu Matha | 25.04.20 | A.M. |
| Upputhara St.Marys Forane | 29.05.20 | A.M. |
| Vadakkemala St.Sebastians | 02.07.20 | P.M. |
| Vakayar Infant Jesus | 08.07.20 | P.M. |
| Valiathovala Christ Raj | 07.05.20 | A.M. |
| Vallakadavu St.Antonys | 23.05.20 | A.M. |

| | | |
|---|---|---|
| Vanchimala St.Antonys | 11.06.20 | P.M. |
| Vandanmmedu St.Antonys | 20.05.20 | A.M. |
| Vandanpathal St.Pauls | 27.04.20 | P.M. |
| Vechoochria St.Josephs | 26.05.20 | P.M. |
| Velichiyani St.Thomas | 15.05.20 | P.M. |
| Vellaramkunnu St.Marys | 02.05.20 | A.M. |
| Wallardy Holy Cross | 04.06.20 | A.M. |
| Yendayar St.Jude | 04.05.20 | P.M. |

**Chapels/Shrines/Mission Stations etc.**

| | | |
|---|---|---|
| Anakuthymedu St.George,Kattappana | 19.05.20 | A.M. |
| 116 Colony St.Thomas, Koruthodu | 19.06.20 | P.M. |
| Anachari St.Marys, Peruvanthanam | 11.05.20 | A.M. |
| Kalaketty St.Martin de Porus Shrine | 27.07.20 | A.M. |
| Karithodu St.Josephs,Erumely | 27.07.20 | P.M. |
| Kayyoori St.Sebastins, Anickadu | 28.07.20 | A.M. |
| Kizhakkechemmannu St.George, Chemmannu | 28.05.20 | A.M. |
| Koinad St.Antonys, Kanayakavayal | 21.05.20 | A.M. |
| Kochukavu St.Thomas, Elikulam | 15.06.20 | P.M. |
| Manjookulam Sacred Heart, Kappad | 12.05.20 | P.M. |
| Manthara St.Antonys Pilgrimage Centre | 28.07.20 | P.M. |
| Mettukuzhy Velamkanni Matha ,Kattappana | 24.07.20 | A.M. |
| Pachakadu St.Jude,Mlamala | 14.05.20 | A.M. |
| Parumthumala St.Josephs,Thamarakunnu | 24.07.20 | P.M. |
| Sleevamount Mar Sleeva, Keerikara | 20.07.20 | P.M. |
| Thengumpally Infant Jesus | 29.07.20 | A.M. |
| Valakayam St.George | 29.07.20 | P.M. |
| Pious Mount Valiathovala | 07.05.20 | A.M. |



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: കൂട്ടായ്മ പരിപോഷിപ്പിക്കുന്നവൻ
### (തിരുവചനഭാഗം: ശ്ലീഹ 27,1–44)

സീസറിന്റെ മുമ്പിൽ വിചാരണ ആവശ്യപ്പെട്ടതുകൊണ്ട് പൗലോസിനെ റോമിലേക്ക് അയയ്ക്കാൻ ഭരണാധികാരികൾ തീരുമാനമെടുത്തു. അതിനനുസൃതമായി സഹതടവുകാരോടുകൂടിയുള്ള റോമായിലേക്കുള്ള പൗലോസ്ശ്ലീഹായുടെ യാത്രാവിവരണമാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. പൗലോസിനെയും സഹതടവുകാരെയും റോമായിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏല്പിച്ചത് ശതാധിപനായ ജൂലിയൂസിനെയാണ്. ജൂലിയൂസിന്റെ നേതൃത്വത്തിൽ നടത്തുന്ന കപ്പൽയാത്രയുടെ വിവരണമായ ഈ അദ്ധ്യായം ഇപ്രകാരം തിരിക്കാം:

1. ക്രേത്തേയിലേക്കു യാത്ര (27,1–8)
2. മുന്നറിയിപ്പിനെ അവഗണിച്ചു യാത്ര തുടരുന്നു (27,9–12)
3. പൗലോസിന്റെ ദർശനവും ധൈര്യപ്പെടുത്തലും (27,13–26)
4. പൗലോസിന്റെ നേതൃത്വത്തിൽ കപ്പൽയാത്രക്കാർ ഭക്ഷണം കഴിക്കുന്നു (27,27–38)
5. കപ്പൽ നശിക്കുന്നു; യാത്രക്കാർ രക്ഷപെടുന്നു (27,39–44)

ഈ വിവരണത്തിൽ കാണുന്ന പൗലോസിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പൗരോഹിത്യ ആദ്ധ്യാത്മികതയ്ക്ക് ഉതകുന്ന ചിന്തകൾ നമുക്കു ലഭിക്കുന്നുണ്ട്.

## 1. പുരോഹിതൻ: നല്ല ബന്ധങ്ങൾ പുലർത്തുന്നവൻ

*"ഞങ്ങൾ അദ്രാമീത്തിയാത്തിൽ നിന്നുള്ള ഒരു കപ്പലിൽ കയറി. അത് ഏഷ്യയുടെ തീരത്തുള്ള തുറമുഖങ്ങളിലേക്കു പോകുന്നതായിരുന്നു. ഞങ്ങൾ യാത്ര പുറപ്പെട്ടപ്പോൾ തെസലോനിക്കാ നഗരവാസിയും മക്കെദോനിയാക്കാരനുമായ അരിസ്താർക്കൂസും ഞങ്ങളോടുകൂടെ ഉണ്ടായിരുന്നു. പിറ്റേദിവസം ഞങ്ങൾ സീദോനിലിറങ്ങി. ജൂലിയൂസ് പൗലോസിനോട് ദയാപൂർവ്വം പെരുമാറുകയും സ്നേഹിതരുടെ അടുക്കൽ പോകുന്നതിനും അവരുടെ ആതിഥ്യം സ്വീകരിക്കുന്നതിനും അവനെ അനുവദിക്കുകയും ചെയ്തു"* (27,2-3).

യാത്രയിൽ പൗലോസിനോടൊപ്പം അരിസ്താർക്കൂസും ലൂക്കായും ഉണ്ടായിരുന്നതായി വിവരണത്തിൽ കാണുന്നു. അരിസ്താർക്കൂസ് തെസലോനിക്കാ നഗരവാസിയും മക്കെദോനിയാക്കാരനുമായിരുന്നു. അദ്ദേഹത്തെ സഹതടവുകാരനെന്ന് പൗലോസ് വിശേഷിപ്പിക്കുന്നുണ്ട്: "എന്റെ കൂട്ടുതടവുകാരനായ അരിസ്താർക്കൂസ് നിങ്ങളെ അഭിവാദനം ചെയ്യുന്നു" (കൊളോ 4,10). എഫേസോസിൽ പൗലോസിനെതിരായി വെള്ളിപ്പണിക്കാരുടെ ലഹളയുണ്ടായ സന്ദർഭത്തിൽ അദ്ദേഹം വലിച്ചിഴയ്ക്കപ്പെട്ടതായി നടപടിഗ്രന്ഥം രേഖപ്പെടുത്തുന്നുണ്ട് (ശ്ലീഹ 19,29). പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിൽ അരിസ്താർക്കൂസ് സഹപ്രവർത്തകനായിരുന്നു എന്നു സൂചിപ്പിക്കുന്നു. തന്റെ സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വാസികളായിത്തീർന്ന ഗ്രീസിലേയും മക്കദോനിയായിലെയും ആളുകളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്താൻപോയ സന്ദർഭത്തിലും പൗലോസിനോടൊപ്പം അരിസ്താർക്കൂസ് ഉണ്ടായിരുന്നു (ശ്ലീഹ 20,1-4). ലൂക്കാ സുവിശേഷകനും പൗലോസിനോടൊപ്പം ഉണ്ടായിരുന്നു എന്ന വസ്തുത ഇവിടുത്തെ "ഞങ്ങൾ" എന്ന പ്രയോഗം വ്യക്തമാക്കുന്നു.

പൗലോസ്ശ്ലീഹായുടെ സുവിശേഷപ്രഘോഷണം ഒറ്റപ്പെട്ട ഒന്നായിരുന്നില്ല. തന്റെ സഹപ്രവർത്തകരുമായി നിരന്തരം കൂട്ടായ്മ പുലർത്തുന്ന ഒരു ശൈലിയാണ് പൗലോസിനുണ്ടായിരുന്നത്. നടപടിഗ്രന്ഥത്തിലെ 'ഞങ്ങൾ' എന്നു തുടങ്ങുന്ന വിവരണങ്ങൾ പൗലോസിനോടൊപ്പമുള്ള ലൂക്കായുടെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നതാ

ണല്ലോ. പൗലോസിന്റെ മിശിഹാനുഭവമാണല്ലോ ലൂക്കായുടെ സുവിശേഷത്തിൽ പ്രതിഫലിക്കുന്നതും. അതുപോലെതന്നെ പൗലോസ് സീദോനിലിറങ്ങി സ്നേഹിതരുടെ അടുക്കൽപോയി അവരുടെ ആതിഥ്യം സ്വീകരിച്ചതായി പറയുന്നുണ്ട്. പൗലോസ് തന്റെ സുവിശേഷപ്രഘോഷണത്തിൽ സഹപ്രവർത്തകരോടും വിശ്വാസികളോടും നല്ല ബന്ധങ്ങൾ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്തുവെന്ന് ഇതു വ്യക്തമാക്കുന്നു. അതുകൊണ്ട് പുരോഹിതൻ സുവിശേഷപ്രഘോഷണവും അജപാലനശുശ്രൂഷയും നിർവഹിക്കേണ്ടത് ഒറ്റപ്പെട്ടാവരുത്; തന്റെ സഹപ്രവർത്തകരായ പുരോഹിതരോടുള്ള കൂട്ടായ്മ നിലനിർത്തിക്കൊണ്ടും വിശ്വാസികളോടുള്ള നല്ല ബന്ധങ്ങൾ കെട്ടിപ്പടുത്തുകൊണ്ടും ആയിരിക്കണം. ഈശോയുടെ അന്ത്യപ്രാർത്ഥനയിൽ തനിക്കു പിതാവു നല്കിയ ശിഷ്യന്മാരുടെ ഐക്യത്തിനായി അവിടുന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു (യോഹ 17,9-19). പുരോഹിതകൂട്ടായ്മ എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നിതു സൂചിപ്പിക്കുന്നുണ്ട്. അജപാലനശുശ്രൂഷയുടെ ഐകൃത്തിനും തുടർച്ചയ്ക്കും ഫലദായകത്വത്തിനും പൗരോഹിത്യകൂട്ടായ്മ അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് പുരോഹിതൻ പൗരോഹിത്യകൂട്ടായ്മ പരിപോഷിപ്പിക്കുന്നവനും വിശ്വാസികളുമായി നല്ല ബന്ധം പുലർത്തുന്നവനുമായിരിക്കണം.

## 2. പുരോഹിതൻ: വിശ്വാസത്താൽ നയിക്കപ്പെടുന്നവൻ

"*സമയം വളരെയേറെ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. ഉപവാസകാലം അവസാനിക്കുകയും ചെയ്തു. അപ്പോൾ യാത്ര ചെയ്യുക അപകടപൂർണ്ണവുമായിരുന്നു. അതിനാൽ, പൗലോസ് അവരോട് ഇങ്ങനെ ഉപദേശിച്ചു: മാന്യരേ, നമ്മുടെ ഈ കപ്പൽയാത്ര കപ്പലിനും ചരക്കിനുംമാത്രമല്ല നമ്മുടെ ജീവനുതന്നെയും നഷ്ടവും അപകടവും വരുത്തുമെന്ന് ഞാൻ കാണുന്നു. എന്നാൽ, ശതാധിപൻ പൗലോസിന്റെ വാക്കുകളെയല്ല, കപ്പിത്താനെയും കപ്പലുടമയെയുമാണ് അനുസരിച്ചത്*" (27,9-11).

ശതാധിപന്റെ നിർദ്ദേശപ്രകാരം ഇറ്റലിയിലേക്കു പോകുന്ന ഒരു അലക്സാണ്ഡ്രിയൻ കപ്പലിൽ കയറി എല്ലാവരും യാത്ര തുടർന്നു.

മുന്നോട്ടുപോകാൻ കാറ്റ് അനുവദിക്കാത്ത സാഹചര്യം വന്നപ്പോൾ പൗലോസ് യാത്ര അപകടകരമാണെന്ന് മുന്നറിയിപ്പു നല്കിയെങ്കിലും ശതാധിപൻ പൗലോസിന്റെ വാക്കുകളെ കണക്കിലെടുക്കാതെ കപ്പിത്താന്റെയും കപ്പലുടമയുടെയും അഭിപ്രായമനുസരിച്ച് കപ്പൽയാത്ര തുടർന്നു. പൗലോസിന് കപ്പൽയാത്രയെക്കുറിച്ചും കപ്പലപകടസാധ്യതയെക്കുറിച്ചും പരിചയസമ്പത്തുള്ള ആളായിരുന്നു. തന്റെ പ്രേഷിതയാത്രകളെക്കുറിച്ച് എഴുതുന്ന സന്ദർഭത്തിൽ മൂന്നു പ്രാവശ്യം കപ്പലപകടത്തിൽപെട്ടതായി പൗലോസ് പറയുന്നുണ്ട്. മാത്രമല്ല, കടലിൽവച്ച് പല പ്രാവശ്യം അപകടങ്ങളിൽപെട്ടതായും പറയുന്നുണ്ട്: "... മൂന്നു പ്രാവശ്യം കപ്പലപകടത്തിൽപെട്ടു. ഒരു രാത്രിയും ഒരു പകലും കടലിൽ ഒഴുകിനടന്നു. തുടരെത്തുടരെയുള്ള യാത്രകൾക്കിടയിൽ, നദികളിൽവച്ചും ... കടലിൽവച്ചും അപകടങ്ങളിൽ അകപ്പെട്ടു" (2 കൊറി 11,25-26). എന്നാൽ പൗലോസിന്റെ ഉപദേശത്തെ അവഗണിച്ച് കപ്പൽയാത്ര തുടർന്നപ്പോൾ വലിയൊരു കൊടുങ്കാറ്റിൽപെട്ട് കപ്പൽ ആടിയുലഞ്ഞു. കപ്പലപകടത്തെപ്പറ്റിയുള്ള ഭീതിമൂലവും, രക്ഷപെടാനുള്ള അവരുടെ പരിശ്രമങ്ങൾ ഫലപ്രദമല്ലാതെവന്ന സാഹചര്യത്തിലും രക്ഷപെടാമെന്ന ആശതന്നെ കൈവെടിഞ്ഞ് യാത്രക്കാർ നിരാശരാവുകയും ഭക്ഷണംപോലും കഴിക്കാൻ പറ്റാത്ത അവസ്ഥയിലുമായി.

വിശ്വാസജീവിതം ഒരു യാത്രയാണ്. ഈലോകമാകുന്ന കടലിലൂടെ സ്വർഗ്ഗീയതുറമുഖത്തേക്കുള്ള കപ്പൽയാത്രയോട് അതിനെ ഉപമിക്കാം. അതിന്റെ സൂചനകൾ സുവിശേഷങ്ങളിൽത്തന്നെ കാണാൻ കഴിയും. വി. മത്തായിയുടെ സുവിശേഷം 8-ാം അദ്ധ്യായത്തിൽ കൊടുങ്കാറ്റിനെ ശാന്തമാക്കുന്ന അത്ഭുതവിവരണം നാം വായിക്കുന്നുണ്ട്. ആ അത്ഭുതവിവരണം ഇപ്രകാരമാണ്: "ഈശോ തോണിയിൽ കയറിയപ്പോൾ ശിഷ്യന്മാർ അവനെ അനുഗമിച്ചു. കടലിൽ ഉഗ്രമായ കൊടുങ്കാറ്റ് ഉണ്ടായി. തോണി മുങ്ങത്തക്കവിധം തിരമാലകൾ ഉയർന്നു. അവൻ ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ അടുത്തുചെന്ന് അവനെ ഉണർത്തി അപേക്ഷിച്ചു: കർത്താവേ, രക്ഷിക്കണമേ. ഞങ്ങളിതാ നശിക്കുന്നു. അവൻ പറഞ്ഞു: അല്പവിശ്വാസികളെ നിങ്ങളെന്തിനു ഭയപ്പെടുന്നു. അവൻ എഴുന്നേറ്റ് കാറ്റിനെയും കടലിനെയും ശാസി

ച്ചു. വലിയ ശാന്തതയുണ്ടായി" (മത്താ 8,23-26). ഈ അത്ഭുതവിവരണം ആരംഭിക്കുന്ന വാചകം വളരെ സൂചനാത്മകമാണ്: 'ഈശോ തോണിയിൽ കയറിയപ്പോൾ ശിഷ്യന്മാർ അവനെ അനുഗമിച്ചു". സഭ ഈശോയെ അനുഗമിക്കുന്ന ശിഷ്യരുടെ സമൂഹമാണ്. സഭയിൽ ഈശോയുടെ സാന്നിദ്ധ്യമുണ്ട്. ഈലോകയാത്രയിൽ സഭാസമൂഹത്തിനും സഭാംഗങ്ങൾക്കും വിശ്വാസജീവിതത്തിൽ പ്രതിസന്ധികളുണ്ടാവാം. ആ സാഹചര്യങ്ങളിൽ ഈശോയുടെ സാന്നിദ്ധ്യത്തിൽ വിശ്വസിച്ചുകൊണ്ടുവേണം അത് തരണം ചെയ്യുവാൻ. 'അല്പവിശ്വാസികളേ' എന്ന സംബോധന വിശ്വാസത്തിന്റെ അഭാവത്തെ പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ സഭയിൽ ജീവിക്കുന്ന ഈശോയുടെ സാന്നിദ്ധ്യത്തിൽ വിശ്വസിക്കുകയും ആ സാന്നിദ്ധ്യത്തെ ഉണർത്തി ഈശോയുടെ അരൂപിയാൽ നയിക്കപ്പെട്ട് അവയെ നേരിടുകയും ചെയ്യാൻ നമുക്കു കഴിയണം. അതിനു സഹായകരമാകത്തക്കവിധത്തിൽ യുക്തിയെക്കാളുപരി വിശ്വാസത്താൽ നയിക്കപ്പെട്ടും പ്രാർത്ഥനയുടെയും ആദ്ധ്യാത്മികനിയന്ത്രണത്തിന്റെയും സഹായത്തോടുകൂടി ജീവിക്കുവാൻ പുരോഹിതനു കഴിയണം.

### 3. പുരോഹിതൻ: സഭയോടു പ്രതിബദ്ധതയുള്ളവൻ

*"ഇപ്പോൾ ധൈര്യമായിരിക്കണമെന്ന് നിങ്ങളോടു ഞാൻ ഉപദേശിക്കുന്നു. കപ്പൽ തകർന്നുപോകുമെന്നല്ലാതെ നിങ്ങൾക്കാർക്കും ജീവഹാനി സംഭവിക്കുകയില്ല. എന്തെന്നാൽ, ഞാൻ ആരാധിക്കുന്നവനും എന്റെ ഉടയവനുമായ ദൈവത്തിന്റെ ഒരു ദൂതൻ ഇക്കഴിഞ്ഞ രാത്രി എനിക്കു പ്രത്യക്ഷപ്പെട്ടു പറഞ്ഞു: പൗലോസ്, നീ ഭയപ്പെടേണ്ട, സീസറിന്റെ മുമ്പിൽ നീ നില്ക്കുകതന്നെ ചെയ്യും. നിന്നോടൊപ്പം യാത്ര ചെയ്യുന്നവരെയും ദൈവം നിനക്കു വിട്ടു തന്നിരിക്കുന്നു. അതിനാൽ, ജനങ്ങളേ, നിങ്ങൾ ധൈര്യമായിരിക്കുവിൻ. എന്നോടു പറഞ്ഞതെല്ലാം അതുപോലെ സംഭവിക്കും എന്ന് എന്റെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു"* (27,22-25).

വലിയ കൊടുങ്കാറ്റിൽപെട്ട് ആടിയുലഞ്ഞപ്പോൾ കപ്പൽയാത്രക്കാർ ചരക്കുകളും കപ്പൽപായ്കളും കടലിൽ വലിച്ചെറിഞ്ഞ് യാത്ര സുരക്ഷിതമാക്കാൻ ശ്രമിച്ചു. മാത്രമല്ല, സൂര്യനോ നക്ഷത്രങ്ങളോ

പ്രത്യക്ഷപ്പെടാതെ ദിവസങ്ങളായി അന്ധകാരത്തിൽ ആശയറ്റു നീങ്ങിയ കപ്പൽയാത്രക്കാരെ പൗലോസ്ശ്ലീഹാ ധൈര്യമായിരിക്കണമെന്ന് ഉപദേശിക്കുകയും കപ്പൽ തകർന്നുപോയാലും അവർക്കാർക്കും ജീവഹാനി സംഭവിക്കുകയില്ല എന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. ഇപ്രകാരം അവരെ ധൈര്യപ്പെടുത്തുവാൻ പൗലോസിനു കഴിഞ്ഞത് പൗലോസിനുണ്ടായ ഒരു ദൈവാനുഭവത്തിന്റെ ഫലമായിട്ടാണ്: "ദൈവത്തിന്റെ ദൂതൻ പൗലോസിനു പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: "പൗലോസ് നീ ഭയപ്പെടേണ്ട. സീസറിന്റെ മുമ്പിൽ നീ നില്ക്കുകതന്നെ ചെയ്യും. നിന്നോടൊപ്പം യാത്ര ചെയ്യുന്നവരെയും ദൈവം നിനക്കു വിട്ടുതന്നിരിക്കുന്നു" (ശ്ലീഹ 27,23 –24). തന്റെ ഈ ദൈവാനുഭവം അവരുമായി പങ്കുവച്ചുകൊണ്ടാണ് പൗലോസ് അവരെ ധൈര്യപ്പെടുത്തിയത്. "അതിനാൽ ജനങ്ങളേ നിങ്ങൾ ധൈര്യമായിരിക്കുവിൻ. എന്നോടു പറഞ്ഞതെല്ലാം അതുപോലെ സംഭവിക്കും എന്ന് എന്റെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു" (ശ്ലീഹ 27,25) എന്നും പൗലോസ് കൂട്ടിച്ചേർക്കുന്നുണ്ട്. അതോടൊപ്പം നാവികർ കപ്പലിൽനിന്നു രക്ഷപെടാൻ ആലോചിച്ചപ്പോൾ പൗലോസ് ശതാധിപനോടും ഭടന്മാരോടുമായി പറഞ്ഞു: "ഈയാളുകൾ കപ്പലിൽത്തന്നെ നിന്നില്ലെങ്കിൽ ആർക്കും രക്ഷപെടാൻ സാധിക്കുകയില്ല" (ശ്ലീഹ 27,31). സഭാകൂട്ടായ്മയെവിട്ട് ഒരു വിശ്വാസമോ ജീവിതമോ ഉണ്ടാവരുത് എന്നതിന്റെ ഒരു സൂചനയാണിത്. പൗലോസിന്റെ സഭാത്മകമായ വിശ്വാസജീവിതത്തിന്റെയും പ്രാർത്ഥനാജീവിതത്തിന്റെയും വ്യക്തമായ ഒരു ചിത്രമാണ് നാമിവിടെ കാണുന്നത്.

മറ്റു ശ്ലീഹന്മാരൊക്കെ ചരിത്രത്തിൽ ജീവിച്ചിരുന്ന ഈശോയെ കണ്ടവരും കേട്ടവരും അനുഭവിച്ചവരുമായിരുന്നെങ്കിൽ, പൗലോസ്ശ്ലീഹാ സഭയിൽ ജീവിക്കുന്ന ഈശോയെയാണ് കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതും (ശ്ലീഹ 9,1–9). ആ ഈശോയിൽനിന്നാണ് താൻ റോമായിലെത്തുമെന്നും തന്നോടൊപ്പമുള്ളവരെയും ദൈവം രക്ഷിക്കുമെന്നുമുള്ള ഉറപ്പു ലഭിച്ചത്. പൗലോസിന്റെ വിശ്വാസവും പ്രാർത്ഥനയുമെല്ലാം സഭാത്മകമായിരുന്നു എന്നതിന്റെ അടയാളമാണിത്. പുരോഹിതൻ സഭയുടെ മനുഷ്യനാണ്. സഭാശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ പുരോഹിതൻ അഭിഷേകം ചെയ്യപ്പെടുന്നത്. ശുശ്രൂ

ഷാപൗരോഹിത്യം എന്ന പേരുതന്നെ അതാണു സൂചിപ്പിക്കുന്നത്. അതുകൊണ്ട് പുരോഹിതൻ സഭയുടെ വിശ്വാസവും പ്രാർത്ഥനയും സ്വാംശീകരിക്കുന്നവനാകണം. സഭയോടൊത്തു ചിന്തിക്കുവാനും സഭയോടൊത്തു പ്രാർത്ഥിക്കുവാനും പുരോഹിതൻ പ്രത്യേകം ശ്രദ്ധിക്കണം. അപ്രകാരം ചെയ്യുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

**4. പുരോഹിതൻ: ജീവന്റെ അപ്പം പോഷണമാക്കുന്നവൻ**

*"ഇതു പറഞ്ഞിട്ട്, അവൻ എല്ലാവരുടെയും മുമ്പാകെ അപ്പമെടുത്ത് ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് മുറിച്ച് ഭക്ഷിക്കാൻ തുടങ്ങി. അവർക്കെല്ലാം ഉന്മേഷമുണ്ടായി. അവരും ഭക്ഷണംകഴിച്ചു"* (27,35-36).

പതിനാലുദിവസമായി ഭക്ഷണം കഴിക്കാതിരുന്ന കപ്പൽയാത്രക്കാരോട് ഭക്ഷണം കഴിക്കാനും ഉത്ക്കണ്ഠാകുലരാകാതിരിക്കാനും പൗലോസ് ഉപദേശിക്കുന്നു: "പ്രഭാതമാകാറായപ്പോൾ ഭക്ഷണംകഴിക്കാൻ പൗലോസ് എല്ലാവരെയും പ്രേരിപ്പിച്ചു. അവൻ പറഞ്ഞു: നിങ്ങൾ ഉത്ക്കണ്ഠാകുലരായി ഒന്നും ഭക്ഷിക്കാതെ കഴിയാൻ തുടങ്ങിയിട്ട് പതിനാലു ദിവസമായല്ലോ. അതിനാൽ വല്ലതും ഭക്ഷിക്കാൻ നിങ്ങളോടു ഞാൻ അഭ്യർത്ഥിക്കുന്നു. അതു നിങ്ങൾക്കു ശക്തി പകരും. നിങ്ങളിലാരുടെയും ഒരു തലമുടിപോലും നശിക്കുകയില്ല" (ശ്ലീഹ 27,33-34). അപ്രകാരം അവരെ ധൈര്യപ്പെടുത്തിയതിനുശേഷം, "അവരെല്ലാവരുടെയും മുമ്പാകെ അപ്പമെടുത്ത് ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് മുറിച്ചു ഭക്ഷിക്കാൻ തുടങ്ങി" (ശ്ലീഹ 27,35). ഈ വിവരണം പരിശുദ്ധ കുർബാനയിലെ അന്തിമഭോജനാനുസ്മരണകർമ്മം നമ്മെ അനുസ്മരിപ്പിക്കുന്നു. സഭയിലെ കുർബാനയർപ്പണത്തിന്റെ ഓർമ്മയും അത് നമ്മിൽ ഉണർത്തുന്നു. തീർച്ചയായും പൗലോസ്ശ്ലീഹാ കുർബാനയാകുന്ന അപ്പം മുറിക്കൽശുശ്രൂഷ ഇവിടെ നടത്തി എന്നു വിചാരിക്കാൻ ന്യായമില്ല. പക്ഷേ അതേത്തുടർന്ന് കപ്പലിലുണ്ടായിരുന്നവർക്കെല്ലാം ഉന്മേഷമുണ്ടായി. അവരും ഭക്ഷണം കഴിച്ചു (ശ്ലീഹ 27,36).

ഇതെല്ലാം സൂചിപ്പിക്കുന്നത് ജീവന്റെ അപ്പം എന്ന് യോഹന്നാൻ സുവിശേഷകൻ വിശേഷിപ്പിക്കുന്ന കുർബാനയർപ്പണത്തിന്

മനുഷ്യജീവിതത്തിലുള്ള പ്രാധാന്യമാണ്. പരിശുദ്ധ കുർബാനയെ ഈശോ വിശേഷിപ്പിക്കുന്നത് 'ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്' (യോഹ 6,51) എന്നാണ്. ഈശോയുടെ ശരീരരക്തങ്ങളാകുന്ന പരിശുദ്ധ കുർബാന മനുഷ്യകുലത്തിനു മുഴുവനും ജീവൻ പ്രദാനം ചെയ്യുന്ന ഭക്ഷണമാണ് എന്ന യാഥാർത്ഥ്യത്തെ ഓർമ്മിപ്പിക്കുന്ന വിധത്തിലാണ് പൗലോസ്ശ്ലീഹാ ഇവിടെ ഭക്ഷണം കഴിക്കുന്നതും കൂടെയുള്ളവരെ ഭക്ഷിക്കാൻ പ്രേരിപ്പിക്കുന്നതും. പലപ്പോഴും സ്വാഭാവികഭക്ഷണത്തോടനുബന്ധിച്ചാണ് ജീവന്റെ അപ്പമായ ഉത്ഥിതനായ മിശിഹാ സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്: "അവർ പതിനൊന്നു പേർ ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അവർക്കു പ്രത്യക്ഷപ്പെട്ടു" (മർക്കോ 16,14). യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഉത്ഥിതനായ മിശിഹാ ശിഷ്യർക്കു പ്രത്യക്ഷപ്പെടുകയും അവരെ ശിഷ്യത്വത്തിൽ പുനരുത്ഥരിക്കുകയും ചെയ്ത സന്ദർഭത്തിൽ അവർക്കായി അവിടുന്ന് പ്രാതലൊരുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 21,12-14). ഭക്ഷണമാണല്ലോ മനുഷ്യജീവൻ നിലനിർത്തുന്നതും വളർത്തുന്നതും. സഭ മനുഷ്യകുലത്തിന്റെ കൂദാശയാണല്ലോ. അതിനാൽ പരിശുദ്ധ കുർബാനയർപ്പണത്തിൽ കേന്ദ്രീകരിച്ച് കൂട്ടായ്മയായി പടുത്തുയർത്തപ്പെടേണ്ട സഭാസമൂഹം മനുഷ്യകുലത്തിന്റെ ജീവന് നിർണ്ണായകമാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ ആദ്യഭാഗം വചനശുശ്രൂഷയെയും രണ്ടാം ഭാഗം കൂദാശാശുശ്രൂഷയെയും സൂചിപ്പിക്കുന്നു (യോഹ 6,35-59). കുർബാനയിലെ വചനശുശ്രൂഷയും കൂദാശാശുശ്രൂഷയും തനിക്കും സഭാംഗങ്ങൾക്കും ജീവൻ പ്രദാനം ചെയ്യുന്ന ആത്മീയപോഷണമായിതീരത്തക്കവിധം സജീവമായി അർപ്പിക്കുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

### 5. പുരോഹിതൻ: വിശുദ്ധിയിൽ വളരുന്നവനും വളർത്തുന്നവനും

*"തടവുകാർ നീന്തി രക്ഷപെടാതിരിക്കാൻ അവരെ കൊന്നുകളയാനായിരുന്നു ഭടന്മാരുടെ തീരുമാനം. പൗലോസിനെ രക്ഷിക്കണമെന്നാഗ്രഹിച്ച ശതാധിപൻ ആ ഉദ്യമത്തിൽനിന്ന് അവരെ തടഞ്ഞു. നീന്തൽ വശമുള്ളവരെല്ലാം ആദ്യം കപ്പലിൽനിന്ന് ചാടിയും മറ്റുള്ള*

*വർ പലകകളിലോ കപ്പലിന്റെ കഷണങ്ങളിലോ പിടിച്ചും നീന്തി കര പറ്റാൻ അവൻ ആജ്ഞാപിച്ചു. അങ്ങനെ എല്ലാവരും സുരക്ഷിതരായി കരയിലെത്തി"* (27,42-44).

തടവുകാരെ കൊന്നുകളയുവാൻ ഭടന്മാർ തീരുമാനിച്ചപ്പോൾ പൗലോസിനെ രക്ഷിക്കണമെന്ന് ആഗ്രഹിച്ച ശതാധിപൻ എല്ലാവരും ഏതെങ്കിലുംവിധത്തിൽ രക്ഷപെടാൻ ആജ്ഞാപിച്ചു. അങ്ങനെ എല്ലാവരും സുരക്ഷിതരായി കരയിലെത്തി. കപ്പൽ നശിക്കുകയും കപ്പൽയാത്രക്കാർ രക്ഷപെടുകയും ചെയ്തു. മനുഷ്യജീവിതവും ക്രിസ്തീയ ജീവിതവും സഭാജീവിതവുമെല്ലാം സ്വർഗ്ഗോന്മുഖമായ യാത്രയാണല്ലോ. ഇഹലോകജീവിതമാകുന്ന കപ്പൽ നശിച്ചുപോകും. പക്ഷേ കപ്പലിൽ യാത്ര ചെയ്യുന്നവർ രക്ഷിക്കപ്പെടേണ്ടവരാണ്. രക്ഷ ഉണ്ടാകണമെങ്കിൽ ഈ കപ്പൽയാത്രയുടെ ലക്ഷ്യമാകുന്ന വിശുദ്ധിയെ മുന്നിൽകണ്ടുകൊണ്ട് യാത്ര ചെയ്യേണ്ടിയിരിക്കുന്നു. എല്ലാ മനുഷ്യരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട മനുഷ്യകുലത്തിന് പ്രകാശമായിത്തീരുവാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. 'ജനതകളുടെ പ്രകാശം' എന്നാണല്ലോ സഭയെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ വിശേഷിപ്പിക്കുന്നത്. അതുകൊണ്ട് സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്ന് സഭയെപ്പറ്റിയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ എടുത്തുപറഞ്ഞിരിക്കുന്നു (LG അദ്ധ്യായം 5).

സ്വർഗ്ഗീയതുറമുഖത്തേക്കു യാത്ര ചെയ്യുന്ന സഭയാകുന്ന കപ്പലിനെ സുരക്ഷിതമായി വിശുദ്ധിയിൽ നയിക്കുവാൻ പ്രത്യേകം നിയോഗിക്കപ്പെട്ടവനാണ് പുരോഹിതൻ. പൗലോസ്ശ്ലീഹായും കൂട്ടരും യാത്ര ചെയ്ത കപ്പൽ വലിയ കൊടുങ്കാറ്റിൽപെട്ട് ആടിയുലഞ്ഞപ്പോൾ ചരക്കുകളും കപ്പൽപായ്കളും കടലിൽ വലിച്ചെറിഞ്ഞു (ശ്ലീഹാ 27,18-19). അതുപോലെ ഈ യാത്രയിൽ ലക്ഷ്യത്തിലെത്തിച്ചേരുവാൻ തടസ്സമായി നില്ക്കുന്നതെല്ലാം, വിശുദ്ധിയ്ക്കു ചേരാത്തവയെല്ലാം, ഉപേക്ഷിക്കുവാനും വിശുദ്ധി പ്രാപിക്കുവാൻ സഹായകരമായ എല്ലാ ഉപാധികളും ഉപയോഗിച്ച് യാത്ര സുഗമമാക്കുവാനും സഭാംഗങ്ങളെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. വിശുദ്ധിയെ പരിപോഷിപ്പിക്കുന്ന വിശ്വാ

സജീവിതവും കൂദാശാജീവിതവും പ്രാർത്ഥനാജീവിതവും നയിക്കുവാൻ സഭാംഗങ്ങളെല്ലാവരും ശ്രമിക്കണം. അപ്രകാരം ജീവിക്കുവാൻ പുരോഹിതൻ പരിശ്രമിക്കുകയും തന്റെ ശുശ്രൂഷയ്ക്കു ഭരമേല്പിക്കപ്പെട്ട വിശ്വാസികളെ അതിനായി സഹായിക്കുകയും ചെയ്യണം. പൗലോസ്ശ്ലീഹാ കപ്പൽയാത്രക്കാരെ ഒന്നിപ്പിച്ച്, പ്രോത്സാഹിപ്പിച്ചു കൊണ്ടുപോയതുപോലെ സഭാകൂട്ടായ്മയിലുള്ള എല്ലാവരെയും അവരുടെ ജീവിതപ്രതിസന്ധികളിൽ ധൈര്യപ്പെടുത്തുകയും മുന്നോട്ടുപോകുവാൻ പ്രോത്സാഹിപ്പിക്കുകയും വിശുദ്ധിയാകുന്ന ലക്ഷ്യത്തിൽ എത്തിച്ചേരുവാനാവശ്യമായ ശുശ്രൂഷ നല്കുവാൻ നിരന്തരമായി ശ്രദ്ധിക്കുകയും വേണം.

**ജീവിതസൂചിക**

1. പൗരോഹിത്യകൂട്ടായ്മയും സഭാകൂട്ടായ്മയും നിലനിർത്തുന്നതിനും വളർത്തുന്നതിനും ഞാൻ എങ്ങനെയെല്ലാം ശ്രമിക്കുന്നു?
2. ആത്മീയജീവിതത്തിലും അജപാലനശുശ്രൂഷയിലും വിശ്വാസത്താൽ നയിക്കപ്പെടുന്നതിനും ആത്മീയനിയന്ത്രണം തേടുന്നതിനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. സഭയോടൊത്തു ചിന്തിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അപ്രകാരം ജനങ്ങളെ പരിശീലിപ്പിക്കുന്നതിനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?
4. ജീവന്റെ അപ്പമായ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഒരു കൂട്ടായ്മയായി സഭയെ കെട്ടിപ്പടുക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
5. സഭാജീവിതലക്ഷ്യമായ വിശുദ്ധിയിൽ വളരാനും സഭാംഗങ്ങളെ വിശുദ്ധിയിൽ വളർത്താനും ഞാൻ ശ്രമിക്കുന്നുണ്ടോ?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

റവ. ഫാ. അലക്സ് പോൾ ഉറുമ്പക്കൽ 10,00,000/-

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**

---


## സ്നേഹസ്മരണയ്ക്ക്



റവ.ഫാ. ജോസഫ് മടുക്കക്കുഴി
(01-10-1928 - 07-04-1988)



റവ.ഫാ. ജോസഫ് മരുതോലിൽ
(06-02-1929 - 08-04-2009)



റവ.ഫാ. സ്റ്റനിസ്ലാവോസ് ഞള്ളിയിൽ
(15-01-1914 - 23-04-2006)



റവ.ഫാ. തോമസ് ആര്യമണ്ണിൽ
(16-06-1931 - 20-04-2018)

# അജപാലനോത്തേജന വിഭാഗം

**ജീവൻ പദ്ധതി 2020**

പ്രതികൂല സാഹചര്യത്തിലും മാർച്ച് 31 നു മുമ്പ് തന്നെ ജീവൻ ദശാംശ സമാഹരണം നടത്തി തുക ട്രാൻസ്ഫർ ചെയ്യുവാൻ സന്മനസ്സ് കാണിച്ച ബഹു. വികാരിയച്ചന്മാരുടെ നല്ല നേതൃത്വത്തിന് പ്രത്യേകം നന്ദി. ഏതാനും ഇടവകകളിൽ നിന്നു കൂടിയുള്ള ദശാംശതുകകൾ എത്തിയാൽ മാത്രമേ, ദശാംശവിതരണം ആരംഭിക്കുവാൻ സാധിക്കുകയുള്ളു. അതിനാൽ ഇടവകകളിൽ നിന്നും ദശാംശശേഖരണം കഴിവതും വേഗം നടത്തി തുക ട്രാൻസ്ഫർ ചെയ്യുമല്ലോ.

- **ഇടവകകളിൽ സമാഹരിച്ച തുക ബാങ്ക് അക്കൗണ്ട് വഴി ട്രാൻസ്ഫർ ചെയ്തശേഷം, പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ അറിയിക്കുമല്ലോ. Mob : 9645674443**

ജീവൻ ദശാംശം ബാങ്ക് ട്രാൻസ്ഫർ ചെയ്യേണ്ട അക്കൗണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

**Jeevan Account Details**
Diocese of Kanjirapally
(Fr. Martin Velliamkulam & Fr. Stanly Eapen)
A/C No. 10310100237040
Federal Bank , Kanjirapally Branch
IFSC - FDRL0001031, Mob: 96 45 67 4443.

**മാതൃകാ കുടുംബക്കൂട്ടായ്മ**

നമ്മുടെ രൂപതയിൽ മാതൃകാ കുടുംബക്കൂട്ടായ്മകളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ഇടവകകളിലെ കുടുംബക്കൂട്ടായ്മാ സന്ദർശനം ഉൾപ്പെടെയുള്ള വിലയിരുത്തൽ ക്രമീ

കരണങ്ങൾ സാഹചര്യങ്ങൾ അനുകൂലമാകുന്നതിനനുസരിച്ച് കഴിയുന്നത്ര വേഗം നടത്തുന്നതാണ്.

**വൈദിക സന്യസ്തരുടെ അഡ്രസ് ലിസ്റ്റ്**

നമ്മുടെ ഇടവകകളിൽ നിന്നും വൈദിക സന്യസ്ത സമർപ്പിത ശുശ്രൂഷ ചെയ്യുന്ന എല്ലാവരുടെയും പേരും ഇപ്പോഴത്തെ മേൽവിലാസവും (E-mail ഉൾപ്പെടെ) ഫോൺ നമ്പറും ശേഖരിക്കുവാൻ ശ്രമിച്ചു വരികയാണല്ലോ. വിവരശേഖരണാർത്ഥം കൂട്ടായ്മകൾ വഴി എത്തിച്ച ഫോറങ്ങൾ കൃത്യമായി പൂരിപ്പിച്ചു നൽകുവാൻ നേതൃത്വം നൽകിയ എല്ലാവർക്കും നന്ദി. വിവരശേഖരണ ഫോറങ്ങൾ ഇനിയും തിരികെ നൽകുവാനുള്ള ഏതാനും ഇടവകകൾ കൂടി അതു നൽകിയാൽ, ലിസ്റ്റ് എത്രയും വേഗം ക്രമീകരിക്കുവാൻ നമുക്കാവും.

**സ്വാഗതം**

വൈദിക പരിശീലനത്തിന്റെ ഭാഗമായി അജപാലനോത്തേജന വിഭാഗത്തിൽ, ശുശ്രൂഷയ്ക്കായി നിയോഗിതനായിരിക്കുന്ന ബ്രദർ ജെയിംസ് (എമിൽ) തടത്തിൽപുരയിടത്തിലിന് ഹൃദ്യമായ സ്വാഗതം. ആലുവ മംഗലപ്പുഴ സെമിനാരിയിൽ തത്വശാസ്ത്ര പഠനം പൂർത്തിയാക്കിയ കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകാംഗമായ ബ്രദർ എമിലിന്റെ ശുശ്രൂഷകളെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

ഉത്ഥാനോത്സവം ഈ വർഷം ഉണ്ടായിരിക്കുന്നതല്ല. ആ പുസ്തകങ്ങൾ ഉപയോഗിച്ച് അടുത്തവർഷത്തേത് നടത്താം.

മിശിഹാനുഭവ ധ്യാനവും ഈ വർഷം ഉണ്ടായിരിക്കുന്നതല്ല. ഫീസ് തുക ഹെഡ്മാസ്റ്റേഴ്സ് മീറ്റിംഗ് ദിവസം തിരികെ നൽകുന്നതാണ്.

കുട്ടികൾക്ക് ഈ അവധിക്കാലത്ത് ചെയ്യുന്നതിന് ചില പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു.

1. ബൈബിൾ ഒരു വട്ടം ആദ്യന്തം വായിക്കാൻ ശ്രമിക്കാം.
2. കൊറോണകാലത്തെ ഓർമക്കുറിപ്പുകൾ എന്ന പേരിൽ ഓരോ ദിവസവും ഡയറിക്കുറിപ്പെഴുതുക. ആൻ ഫ്രാങ്കിന്റെ കുറിപ്പുകൾ മാതൃകയാക്കാവുന്നതാണ്.
3. വീട്ടിൽ ലഭ്യമായ പുസ്തകങ്ങൾ വായിച്ച് കുറിപ്പു തയ്യാറാക്കാം. പുസ്തകത്തിന്റെ പേര്, രചയിതാവ്, പ്രസാധകർ, വർഷം, ലഭിച്ച തിരിച്ചറിവുകൾ, അഭിപ്രായം എന്നിവ ഉൾപ്പെടുത്തണം.
4. കഴിയുന്നത്ര എല്ലാ ദിവസങ്ങളിലും ഉച്ചത്തിൽ യാമപ്രാർത്ഥനകൾ ചൊല്ലുക.
5. സാധിക്കുന്നത്ര കൊന്ത ചൊല്ലി മഹാമാരിയുടെ അന്ത്യത്തിനായി സമർപ്പിക്കാം.
6. വെള്ളിയാഴ്ചകളിൽ വീടിനു ചുറ്റും നടന്ന് കുരിശിന്റെ വഴി ചൊല്ലാം.
7. വീടും പരിസരവും വൃത്തിയാക്കാം. സാധനങ്ങൾ അടുക്കി വയ്ക്കാം.
8. സ്വന്തം മുറി, കിടക്ക, പഠനസാമഗ്രികൾ, വസ്ത്രങ്ങൾ മുതലായവ ഭംഗിയായി ക്രമീകരിക്കാം.

9. അമ്മയെ പാചകത്തിൽ സഹായിക്കാം. സ്വന്തമായി പാചകപരീക്ഷണങ്ങൾ നടത്താം.
10. മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം കൃഷിയിലേർപ്പെടാം. ചെടിച്ചട്ടികൾ തയ്യാറാക്കാം.
11. പ്രായമായ ബന്ധുക്കളെ ഫോൺ വിളിക്കാം.

**പരീക്ഷാഫലങ്ങൾ**

10, 12 ക്ലാസുകളിലെയും മത്സരപരീക്ഷയുടെയും ഫലം ഏപ്രിൽ 3 ന് പ്രസിദ്ധീകരിക്കുന്നതാണ്. മാർക്ക് ലിസ്റ്റ് അന്നു മുതൽ രൂപതാ വിശ്വാസജീവിതപരിശീലനകേന്ദ്രത്തിന്റെ വെബ്സൈറ്റായ www.suvara.org ൽ നിന്നും സുവാറ ടെക് സപ്പോർട്ടേഴ്സിന്റെ സഹായത്തോടെ ഡൗൺലോഡ് ചെയ്യാവുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷയുടെ മാർക്ക് അന്നു മുതൽ കേന്ദ്രഓഫീസിൽ ലഭ്യമാണ്.

**ആദരം**

കഴിഞ്ഞ 12 വർഷക്കാലവും ഒരു ഹാജർ പോലും മുടങ്ങാത്ത കുട്ടികളുടെയും വിശ്വാസപരിശീലനരംഗത്ത് 25, 50 വർഷങ്ങൾ പൂർത്തിയാക്കിയ അധ്യാപകരുടെയും പേരുവിവരങ്ങൾ മെയ് 10 ന് മുമ്പായി ഫോട്ടോയും ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രവും കേന്ദ്രഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. (Email or Whatsapp മുഖേനയും നല്കാവുന്നതാണ്).

**ഉത്ഥാനോത്സവ അധ്യാപക പരിശീലനങ്ങൾ**

മാർച്ച് 1, 8 എന്നീ തീയതികളിൽ പത്തനംതിട്ട, റാന്നി, കട്ടപ്പന, ഉപ്പുതറ, മുണ്ടിയെരുമ ഫൊറോനകളിലെ ഉത്ഥാനോത്സവ അധ്യാപക പരിശീലനങ്ങൾ പൂർത്തിയാക്കി. അധ്യാപക പരിശീലനം ഭംഗിയായി നടത്തുവാൻ നേതൃത്വം നൽകിയ ഫൊറോന ഡയറക്ടറച്ചന്മാരെയും, ഫൊറോനാ സെക്രട്ടറിമാരെയും, രൂപതാ ആനിമേറ്റേഴ്സിനെയും, ഹെഡ്മാസ്റ്റർമാരെയും നന്ദിയോടെ സ്മരിക്കുന്നു.

വളരെയേറെ ഒരുങ്ങിയും ത്യാഗങ്ങളേറ്റെടുത്തും ഈ വർഷത്തെ ഉത്ഥാനോത്സവ വർക്കുബുക്കുകൾ തയ്യാറാക്കുകയും

അദ്ധ്യാപകപരിശീലനം അഞ്ച് ഫൊറോനകളിൽ വൻവിജയമാക്കിത്തീർക്കുകയും ചെയ്ത രൂപതാ റിസോഴ്സ് ടീം അംഗങ്ങളായ സി. തെരേസ് മരിയ സി.എം.സി., സി. ട്രീസ എസ്.എച്ച്., സി. അനു എസ്.എച്ച്., ബ്രദർ ജിതിൻ ചാത്തനാട്ട്, ശ്രീ. ബിനോ പി. ജോസ് പെരുന്തോട്ടം, ശ്രീ. സാജൻ പാപ്പച്ചൻ, ശ്രീ. ജോബി പാലാപുളിക്കൽ, ശ്രീ. തോമസുകുട്ടി പൂതക്കുഴി, ശ്രീ. ബിനീഷ് കളപ്പുരയ്ക്കൽ, ശ്രീ. ഹാരി ചീരംകുന്നേൽ, ശ്രീ. ജോസ് ജെ. കൊച്ചുപറമ്പിൽ, ശ്രീ. സിജോ പുത്തനങ്ങാടി, ശ്രീ. അനിറ്റ് ജോസ് ഉറമ്പുമാട്ടേൽ, ശ്രീ. ഷെബിൻ കുര്യാക്കോസ് പൂവത്തുങ്കൽ, കുമാരി അഞ്ജു ഫ്രാൻസിസ് അഞ്ചനാട്ട്, കുമാരി അമലു അഗസ്റ്റിൻ കുന്നപ്പള്ളി, ശ്രീമതി മെർലിൻ സാജൻ, കുമാരി ആൻ മരിയ സജി കുരിക്കാട്ട് എന്നിവരോടുള്ള രൂപതാ വിശ്വാസജീവിതപരിശീലനകേന്ദ്രത്തിന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

ഉത്ഥാനോത്സവ അദ്ധ്യാപക പരിശീലനത്തിൽ പരിപൂർണ്ണമായി സഹകരിച്ച എല്ലാ ബ. സിസ്റ്റേഴ്സിനും പ്രഥമാദ്ധ്യാപകർക്കും, വിശ്വാസജീവിതപരിശീലകർക്കും, വിശ്വാസജീവിതപരിശീലനപരിപാടികളിൽ ഏറെ ശ്രദ്ധയോടെ നേതൃത്വം നൽകുന്ന ബ. വൈദികർക്കും ഹൃദയം നിറഞ്ഞ നന്ദി. ഈ വർഷത്തെ ഉത്ഥാനോത്സവത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പിന്നീട് നല്കുന്നതാണ്.

**നന്ദി... ആശംസകൾ... സ്വാഗതം**

കഴിഞ്ഞ ഒരു വർഷം രൂപതാ വിശ്വാസജീവിതപരിശീലന കാര്യാലയത്തിലും ചെറുപുഷ്പമിഷൻലീഗിന്റെ കേന്ദ്ര ഓഫീസിലും റീജന്റായി സ്തുത്യർഹമായ ശുശ്രൂഷ ചെയ്തതിനുശേഷം ദൈവശാസ്ത്രപഠനത്തിനായി പോകുന്ന ബ്രദർ ജേക്കബ് (ജിതിൻ) ചാത്തനാട്ടിന് നന്ദിപൂർവ്വം ആശംസകൾ നേരുന്നു. വിശ്വാസജീവിതപരിശീലനത്തിന്റെ കേന്ദ്രകാര്യാലയത്തിൽ റീജന്റ് ആയി നിയമിതനായിരിക്കുന്ന കുര്യാക്കോസ് (ജിതിൻ) മണ്ണഞ്ചേരിൽ ബ്രദറിന് ഹാർദ്ദമായ സ്വാഗതവും പ്രാർത്ഥനാശംസകളും.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

കുട്ടികളുടെ അവധിക്കാലം ആരംഭിച്ചിരിക്കുകയാണല്ലോ. കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ അവധിക്കാലത്ത് നടത്താനിരുന്ന പരിപാടികളിലേറെയും മാറ്റിവയ്ക്കുകയാണ്. കുട്ടികളെ ആത്മീയ കാര്യങ്ങളിൽ ഉത്സുകരാക്കുവാനും പ്രാർത്ഥനാജീവിതത്തിൽ വളർത്തുവാനും സാധിക്കുന്ന വിധത്തിലെല്ലാം നമുക്കു ശ്രദ്ധിക്കാം. വി. ഗ്രന്ഥം വായിക്കുവാനും വചനങ്ങൾ മനഃപാഠമാക്കുവാനും ആരാധനക്രമ സംബന്ധവും സഭാപരവുമായ കാര്യങ്ങളിൽ അറിവുനേടുവാനും അവർക്കു പ്രോത്സാഹനം നൽകുമല്ലോ.

**രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗ് രൂപതാ ഭാരവാഹികളുടെ (കുട്ടികളുടെ പ്രതിനിധികൾ) തെരഞ്ഞെടുപ്പു ക്യാമ്പ് കോവിഡ് - 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്നതാണ്. എല്ലാ ഫൊറോനാ ഡയറക്ടർ അച്ചന്മാരും, ആനിമേറ്റർമാരും, അദ്ധ്യാപക പ്രതിനിധികളും ഈ വിവരം കുട്ടികളെ അറിയിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**മിശിഹാനുഭവധ്യാനം 2020**

കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മിശിഹാനുഭവധ്യാനം ഉണ്ടായിരിക്കുന്നതല്ല. ഫീസ് തുക ഹെഡ്മാസ്റ്റേഴ്സ് മീറ്റിംഗ് ദിവസം തിരികെ നൽകുന്നതാണ്.

**സ്വാഗതം, നന്ദി**

ചെറുപുഷ്പ മിഷൻലീഗിന്റെ കേന്ദ്ര ഓഫീസിൽ റീജൻസി ആരംഭിച്ചിരിക്കുന്ന ബ്രദർ ജോസഫ് (അഖിൽ) ഏറത്തിന് ഹൃദ്യമായ സ്വാഗതം.

കുഞ്ഞുങ്ങളെ സ്നേഹിക്കുകയും അവർക്കായി ത്യാഗോജ്ജ്വലമായ ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്ത ബ്രദർ ജേക്കബ് ചാത്തനാട്ടിന് ആത്മാർത്ഥമായ നന്ദി.

**ഫാ. സ്കറിയ മറ്റത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**അതിജീവനത്തിന്റെ വാക്കുകൾ - Online പ്രസംഗ മത്സരം**

കൊറോണ വൈറസിന്റെ പശ്ചാത്തലത്തിൽ ഇന്റർനെറ്റിന്റെയും, സോഷ്യൽ മീഡിയയുടെയും, ടെലിവിഷന്റെയും അതിപ്രസരത്തിൽ നിന്നും മാറി അറിവ് സമ്പാദിക്കുവാനും ആത്മവികസനം വർദ്ധിപ്പിക്കുവാനും കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യവുമായി 5 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികൾക്കായി മാർച്ച് 15 മുതൽ 30 വരെ ഇംഗ്ലീഷ് മലയാളം ഭാഷകളിൽ Online പ്രസംഗങ്ങൾ നടത്തി. എല്ലാ ദിവസവും തിരഞ്ഞെടുത്ത 6 പ്രസംഗങ്ങൾ രൂപതയുടെ നസ്രാണി യുവശക്തി ഔദ്യോഗിക യു-ട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്തു. മികച്ച പ്രസംഗങ്ങൾ കാഴ്ചവച്ച കുട്ടികൾക്കും ഏറ്റവും കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിച്ച ഇടവകയ്ക്കും ഫൊറോനയ്ക്കും സമ്മാനങ്ങൾ നൽകി.

**ബ്രേക്ക് ദ ചെയ്ൻ കാമ്പെയിൻ**

കൊറോണ വൈറസിന്റെ വ്യാപനം തടയാൻ കേരളസർക്കാർ കൈക്കൊണ്ട അടിയന്തര നടപടിയായ ബ്രേക്ക് ദ ചെയ്ൻ ക്യാമ്പെയിനിൽ കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. പങ്കാളികളായി. മാർച്ച് 16 തിങ്കളാഴ്ച യാത്രക്കാർ ഏറെയുള്ള രാവിലെ ഒമ്പതു മുതൽ പതിനൊന്നു വരെയുള്ള സമയത്ത് കാഞ്ഞിരപ്പള്ളി ബസ് സ്റ്റാൻഡിൽ കൂടി കടന്നുപോയ ബസ് യാത്രക്കാരുടെ കൈ ശുദ്ധീകരിക്കുവാൻ സാനിറ്റൈസർ വിതരണം ചെയ്തു. കൊറോണ വൈറസ് വ്യാപനം തടയാൻ സർക്കാർ നടപ്പാക്കാൻ ആഗ്രഹിക്കുന്ന ഈ ആശയം യുവജനങ്ങൾ വഴി ജനങ്ങളിലെത്തിക്കാൻ ഈ പദ്ധതിക്കായി. രൂപത ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, പ്രസിഡന്റ് ആൻബിൻ തടത്തേൽ, കൗൺസിലർ ഡാനിയ ബാബു, ബ്രദർ നോബി വെള്ളാപ്പള്ളി, ടോണി സ്രാമ്പിക്കൽ, തോമ്മാച്ചൻ കത്തിലാങ്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**യൂടേൺ**

ഇടവക ഭാരവാഹികൾക്കായി ഫൊറോനാതലത്തിൽ സംഘടിപ്പിക്കുന്ന നേതൃത്വ പരിശീലന പരിപാടിയായ യൂടേൺ മാർച്ച് 8 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെട്ടു. കത്തീദ്രൽ ലൂർദ്ദ് ഹാളിൽ നടന്ന പരിപാടിയിൽ പൊൻകുന്നം കാഞ്ഞിരപ്പള്ളി ഫൊറോനകളിലെ വിവിധ ഇടവകകളിലെ നേതൃനിര അണിനിരന്നു. രൂപത ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, വൈസ് പ്രസിഡന്റ് ജൂലി ജോൺ മറ്റപ്പള്ളി എന്നിവർ നേതൃത്വം നൽകി.

**Placement Readiness Enhancement Program - PREP**

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം., മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച Placement Readiness Enhancement Program ആദ്യഘട്ടം പൂർത്തിയായി. യുവതലമുറയിൽ തൊഴിൽ നൈപുണ്യം വളർത്തുന്നതിനും യുവാക്കളെ അനുയോജ്യമായ ജോലിക്ക് പ്രാപ്തരാക്കുന്നതിനും വേണ്ടി ആരംഭിച്ച ഈ പ്രോഗ്രാം 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ ശനിയാഴ്ചകളിൽ വിവിധ ഫൊറോന കേന്ദ്രങ്ങളിലായി നടന്നു. രൂപതയിലെ വിവിധ PREP കേന്ദ്രങ്ങളിൽ പരിശീലനം നേടിയ വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ കോഴ്സ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

Placement training, Outbond training, English speaking training, Skill development training എന്നിങ്ങനെ പ്രത്യേക പരിശീലനത്തിലൂടെ കടന്നുപോയാണ് നൂറ്റമ്പതോളം യുവജനങ്ങൾ Placement Readiness Enhancement Program പൂർത്തിയാക്കിയത്. അമ്പതിലധികം കമ്പനികൾ കോളേജ് കാമ്പസിനുള്ളിൽ നടത്തിയ തൊഴിൽ മേളയിൽ പങ്കെടുക്കാനുള്ള സുവർണ്ണാവസരവും ഇവർക്കു ലഭിച്ചു. Placement Readiness Enhancement Program-ന്റെ അടുത്തഘട്ടം 2020 ജൂൺ മാസം ആരംഭിക്കും.

**നസ്രാണി യുവശക്തി**

ഏപ്രിൽ മാസത്തിൽ നടക്കേണ്ടിയിരുന്ന നസ്രാണി യുവശക്തി ആദ്യഘട്ടമായ തിരുശേഷിപ്പ് പ്രയാണം, ഫെയ്ത്ത് കോൺഫ്രൻസ് എന്നിവ വർദ്ധിച്ചുവരുന്ന കോവിഡ്-19 ന്റെ സാഹചര്യത്തിൽ മാറ്റിവച്ചിരിക്കുന്നു.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്ക ധ്യാനം**

ഏപ്രിൽ 24, 25, 26 (വെള്ളി - ഞായർ) - പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C.) അണക്കര

മെയ് 1, 2, 3 (വെള്ളി - ഞായർ) - നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം

മെയ് 29, 30, 31 (വെള്ളി - ഞായർ) - പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C.) അണക്കര

ഏപ്രിൽ 2, 3, 4 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന വിവാഹ ഒരുക്കധ്യാനം ഉണ്ടായിരിക്കില്ല.

**മംഗളവാർത്ത ധ്യാനം**

മെയ് 9, 10, 11 (ശനി - തിങ്കൾ) - പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C.) അണക്കര

**Post Marriage Course - മാർച്ച് 1 ഞായർ**

ഒരു വർഷത്തിനുള്ളിൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി Post Marriage Course മാർച്ച് 1-ാം തീയതി ഞായറാഴ്ച പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ (N.R.C.) വച്ച് നടന്നു. രാവിലെ 9 മണിക്ക് വിശുദ്ധ കുർബാനയോടുകൂടെ പ്രോഗ്രാം ആരംഭിച്ചു. ശ്രീ. സജി അറക്കുളം ക്ലാസ് നയിക്കുകയും ദമ്പതികളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

ഉച്ചഭക്ഷണത്തിനുശേഷം പാനൽ ഡിസ്കഷനും കുടുംബങ്ങ

ളുമായുള്ള ആശയവിനിമയവും നടന്നു. പ്രോഗ്രാമുകൾക്ക് ജീസസ് യൂത്ത്, ഫാമിലി സ്ട്രീം അംഗങ്ങൾ നേതൃത്വം നൽകി. ദമ്പതികളെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി അറിയിക്കുന്നു.

ഏപ്രിൽ 18-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ Post Marriage Course-ന്റെ ഫോളോ അപ്പ് പ്രോഗ്രാം പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് ഉണ്ടായിരിക്കും.

അടുത്ത Post Marriage Course ജൂൺ 21-ാം തീയതി നടത്തുന്നതാണ്.

**സ്വാഗതം**

കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ തത്വശാസ്ത്ര പഠനം പൂർത്തിയാക്കി രൂപതാ കുടുംബപ്രേഷിത വിഭാഗത്തിൽ റീജന്റായി ചുമതല ഏറ്റെടുത്തിരിക്കുന്ന ബ്രദർ തോമസ് (ബിപിൻ) പാലുക്കുന്നേലിന് ഹൃദ്യമായ സ്വാഗതം.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

## ലീഡേഴ്സ് മീറ്റ്

### മുണ്ടക്കയം ഫൊറോന

മുണ്ടക്കയം ഫൊറോനാ മാതൃവേദി ലീഡേഴ്സ് മീറ്റ് ഫെബ്രുവരി 25-ാം തീയതി ചൊവ്വാഴ്ച മുണ്ടക്കയം ഫൊറോനാപ്പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ഫൊറോനാ വികാരി പെരിയ ബഹു. ജോസ് മാത്യു പറപ്പള്ളിൽ അച്ചൻ സന്ദേശം നൽകി. ശ്രീ. ഹാരി ചീരംകുന്നേൽ ക്ലാസ് നയിച്ചു. രൂപതാ പ്രസിഡന്റ് ശ്രീമതി ജിജി ജേക്കബ് പുളിയംകുന്നേൽ പ്രവർത്തനവർഷ വിശദീകരണം നടത്തി. രൂപതാ ഫൊറോനാ ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി. സ്നേഹവിരുന്നോടെ ലീഡേഴ്സ് മീറ്റ് സമാപിച്ചു.

### പൊൻകുന്നം ഫൊറോന

പൊൻകുന്നം ഫൊറോനാ മാതൃവേദി ലീഡേഴ്സ് മീറ്റ് ഫെബ്രുവരി 27-ാം തീയതി വ്യാഴാഴ്ച പൊൻകുന്നം ഹോളി ഫാമിലി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ഫൊറോനാ വികാരി പെരിയ ബഹു. ജോണി ചെരിപുറം അച്ചൻ ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. രൂപതാ എസ്.എം.വൈ.എം. ഡയറക്ടർ ബഹു. വർഗ്ഗീസ് കൊച്ചുപുരയ്ക്കലച്ചൻ ക്ലാസ് നയിക്കുകയും രൂപതാ പ്രസിഡന്റ് പ്രവർത്തനവർഷ വിശദീകരണം നടത്തുകയും ചെയ്തു. രൂപതാഫൊറോനാ ഭാരവാഹികൾ സംബന്ധിച്ച ലീഡേഴ്സ് മീറ്റ് ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

### പത്തനംതിട്ട ഫൊറോന

പത്തനംതിട്ട ഫൊറോനാ മാതൃവേദി ലീഡേഴ്സ് മീറ്റ് ഫെബ്രു

വരി 28-ാം തീയതി വെള്ളിയാഴ്ച പത്തനംതിട്ട മേരിമാതാ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. ബഹു. വർഗീസ് കൊച്ചുപുരയ്ക്കലച്ചൻ ക്ലാസ് നയിച്ചു. മാതൃവേദി രൂപതാ സെക്രട്ടറി ശ്രീമതി ബിൻസി നരിപ്പാറ പ്രവർത്തവർഷവിശദീകരണം നടത്തി. ഫൊറോനാ വികാരി പെരിയ ബഹു. ജോർജ് ആലുങ്കൽ അച്ചൻ സമാപനാശീർവാദം നൽകി. സ്നേഹവിരുന്നോടെ സമ്മേളനം സമാപിച്ചു.

**മുണ്ടിയെരുമ ഫൊറോന**

മുണ്ടിയെരുമ ഫൊറോനാ മാതൃവേദി ലീഡേഴ്സ് മീറ്റ് മാർച്ച് 3-ാം തീയതി ചൊവ്വാഴ്ച പുളിയന്മലയിൽ വച്ച് നടത്തപ്പെട്ടു. ശ്രീ. ജെറിൻ പുത്തൻപുരയ്ക്കൽ ക്ലാസ് നയിച്ചു. രൂപതാ ട്രഷറർ ശ്രീമതി ജയ്സി തുണ്ടത്തിൽ പ്രവർത്തനവർഷ വിശദീകരണം നടത്തി. ഉച്ചഭക്ഷണത്തിനുശേഷം ഫൊറോനാ ഭാരവാഹികളുടെയും രൂപതാ ഭാരവാഹികളുടെയും സംയുക്ത സമ്മേളനം നടത്തി.

**അണക്കര ഫൊറോന**

അണക്കര ഫൊറോനാ മാതൃവേദി ലീഡേഴ്സ് മീറ്റ് മാർച്ച് 5-ാം തീയതി വ്യാഴാഴ്ച അണക്കര സെന്റ് തോമസ് ഫൊറോനാപ്പള്ളിയിൽ വച്ച് നടന്നു. ശ്രീ. ജെറിൻ പുത്തൻപുരയ്ക്കൽ ക്ലാസ് നയിക്കുകയും ശ്രീമതി ജയ്സി ജോണി പ്രവർത്തനവർഷ വിശദീകരണം നടത്തുകയും ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം രൂപതാ ഫൊറോനാ ഭാരവാഹികളുടെ സംയുക്ത സമ്മേളനം നടത്തി.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# വൊക്കേഷൻ ബ്യൂറോ

## ദൈവവിളി ക്യാമ്പ്

ഏപ്രിൽ 6-ാം തീയതി മുതൽ 8-ാം തീയതി വരെ നടത്താനിരുന്ന ദൈവവിളിക്യാമ്പ് കൊറോണ വൈറസ് മൂലം നടത്തപ്പെടുന്നതല്ല. അതിനാൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി പാസായ യോഗ്യരായ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ പേരുവിവരങ്ങൾ ബഹു. മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കുക. മൈനർ സെമിനാരിയിലെ വൈദികർ അതാത് ഇടവകകളിൽ എത്തി അവരെ ഇന്റർവ്യൂ ചെയ്യുന്നതാണ്. ഫൊറോനാ ഡയറക്ടറച്ചന്മാർ ഓരോ ഇടവകയിലേയും വികാരിയച്ചന്മാരെ ഇക്കാര്യം ഓർമ്മിപ്പിക്കുമല്ലോ.

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**മാർച്ച്**

04 അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സെമിനാരി സന്ദർശിച്ചു. അഭിവന്ദ്യ പിതാവിന് പിറന്നാൾ മംഗളങ്ങൾ നേർന്നു.

10 പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷ ആരംഭിച്ചു.

14 ഈ വർഷം മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കുന്ന 18 വൈദിക വിദ്യാർത്ഥികൾക്ക് സെമിനാരി കുടുംബം യാത്രയയപ്പ് നൽകി. ഒപ്പം ഈ വർഷം റീജൻസി പൂർത്തിയാക്കിയ ബ്രദർ ചേനപ്പുരയ്ക്കൽ റ്റിബിന് ആശംസകൾ നേരുകയും ചെയ്തു. ബഹുമാനപ്പെട്ട റെക്ടറച്ചൻ ആശംസകൾ നേർന്ന് സംസാരച്ചു.

16 വൈദികവിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ അവസാനിച്ചു.

17 അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് മൈനർ സെമിനാരിയിൽ നിന്നും മേജർ സെമിനാരയിലേക്ക് പ്രവേശനം ലഭിച്ച വൈദിക വിദ്യാർത്ഥികളുമായി സംസാരിച്ചു.

18 ഈ വർഷത്തെ Academic Convocation നടത്തപ്പെട്ടു. സെമിനാരിയിലെ ആദ്യ റെക്ടറായിരുന്ന ബഹുമാനപ്പെട്ട മാത്യു ഏറത്തേടത്തച്ചൻ മുഖ്യാതിഥിയായിരുന്നു. പഠനത്തിൽ മികവു പുലർത്തിയവർക്കുള്ള ക്യാഷ് അവാർഡുദാനവും നടത്തപ്പെട്ടു.

- 2020-21 വർഷത്തെ റീജൻസിക്കായി ബ്രദർ ടോണി വള്ളിയാംതടത്തിൽ സെമിനാരിയിൽ എത്തിച്ചേർന്നു.

19 വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ പിതാവിനും ബഹു. ജോസ് തറപ്പേലച്ചനും ബഹു. ജോസഫ് പന്നലക്കുന്നേലച്ചനും ജോസഫ് നാമധാരികളായ എല്ലാ ബ്രദേഴ്സിനും ആശംസകൾ നേർന്നു.

- മധ്യവേനലവധി ആരംഭിച്ചു.

## ദൈവവിളി ക്യാമ്പ്

ഏപ്രിൽ 6-ാം തീയതി മുതൽ 8-ാം തീയതി വരെ നടത്താനിരുന്ന ദൈവവിളിക്യാമ്പ് കോവിഡ്-19 മൂലം നടത്തപ്പെടുന്നതല്ല. അതിനാൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി പാസായ യോഗ്യരായ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ പേരുവിവരങ്ങൾ ബഹു. മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കുക. മൈനർ സെമിനാരിയിലെ വൈദികർ അതാത് ഇടവകകളിൽ എത്തി അവരെ ഇന്റർവ്യൂ ചെയ്യുന്നതാണ്.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ ദിനം**

പ്രതിമാസ സോണൽ ദിനാഘോഷം 2020 മാർച്ച് 3-ാം തീയതി ചൊവ്വാഴ്ച എരുമേലി ആവേ മരിയാ നിത്യാരാധന ചാപ്പലിൽ 10.00 a.m. മുതൽ നടത്തപ്പെട്ടു. സ്തുതി ആരാധനയ്ക്ക് സോണൽ സേവനസമിതി അംഗം ശ്രീ. ജോസ് കല്ലോലിൽ നേതൃത്വം നല്കി. റവ. ഫാ. മാത്യു ഓലിക്കൽ വചന ശുശ്രൂഷ നടത്തുകയും അംഗങ്ങൾ തങ്ങളെ സ്വാധീനിച്ച വചനഭാഗങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. തുടർന്ന് സബ്സോണുകളുടെയും മിനിസ്ട്രികളുടെയും പ്രവർത്തനങ്ങൾ റിപ്പോർട്ട് ആയി അവതരിപ്പിച്ചു. പിന്നീട് ചർച്ചകൾക്ക് KCCRST വൈസ് ചെയർമാൻ ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ നേതൃത്വം നൽകി. സ്നേഹവിരുന്നോടെ ഉച്ചകഴിഞ്ഞ് 3 മണിക്ക് ശുശ്രൂഷകൾ തീർന്നു.

**ഒറീസ്സാ മിഷൻ**

09.03.2020 ൽ കരിസ്മാറ്റിക് ഓഫീസിൽ കൂടിയ ഒറീസ്സാ മിഷൻ കമ്മറ്റിയുടെ യോഗത്തിൽ സോണിന്റെ സഹായത്താൽ പണിയാൻ ഉദ്ദേശിക്കുന്ന ചാപ്പലുകളുടെ പണികളെക്കുറിച്ച് ചർച്ചകൾ നടത്തി.

**കൊറോണ രോഗനിവാരണ കേരള ചെയിൻ പ്രാർത്ഥന**

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം ആഹ്വാനം ചെയ്ത പ്രകാരം കരിസ്മാറ്റിക് കുടുംബാംഗങ്ങൾ ഭവനങ്ങളിൽ മാർച്ച് 13-ാം തീയതി 6-മണി മുതൽ തിരുവനന്തപുരം സോണിൽ ആരംഭിച്ച് ഏപ്രിൽ 5-ന് കാസർകോട് സോണിൽ



# നല്ലതണ്ണി മാർത്തോമാശ്ലീഹാ ആശ്രമത്തിലെ ആദ്ധ്യാത്മികശുശ്രൂഷകൾ

- SABS കോൺഗ്രിഗേഷനിലെ രജതജൂബിലി ആഘോഷിക്കുന്ന 5 സിസ്റ്റേഴ്സിന്റെ 6 ദിവസത്തെ ഒരുക്കധ്യാനം
- ഒരു വൈദികന്റെ 4 ദിവസത്തെ ധ്യാനം
- ഒരു അത്മായന്റെ 2 ആഴ്ചത്തെ ധ്യാനം
- ഒരു അത്മായന്റെ 5 ദിവസത്തെ ധ്യാനം

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-288207

---

## കാത്തലിക് കരിസ്മാറ്റിക് നവീകരണം

പൂർത്തിയാവുന്ന ചെയിൻ പ്രാർത്ഥനായജ്ഞത്തിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി സോണിൽ നിശ്ചയിച്ചുതന്ന ചെയിൻ ഭവന പ്രാർത്ഥനാദിനം 2020 മാർച്ച് 18 ബുധൻ രാവിലെ 6 മുതൽ 19 വ്യാഴം 6 a.m. വരെ സോണിന്റെ അഞ്ച് സബ് സോണുകളായ എരുമേലി, റാന്നി, പൊൻകുന്നം, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം സബ് സോണുകളിലെ വിവിധ ഭവനങ്ങളിലായി 100 ൽ പരം അംഗങ്ങൾ ഉറച്ച വിശ്വാസത്തോടെ അണിചേർന്ന് പ്രാർത്ഥിച്ചു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# ആവേ മരിയ റിട്രീറ്റ് സെന്റർ

**തമിഴ്നാട് മിഷനുവേണ്ടി പ്രാർത്ഥന**

2020 മാർച്ച് 1-ാം തീയതി കുമളി ആവേ മരിയ ഹാളിൽ വച്ച് തമിഴ്നാട് മിഷനുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തി. തമിഴ്നാട് മേഖലയിൽ ജോലി ചെയ്യുന്ന വ്യക്തികൾക്ക് തമിഴ് ബൈബിളും, തമിഴ് മാസികകളും നൽകുകയും ചെയ്തു.

**ആദ്യവെള്ളി ആചരണം**

2020 മാർച്ച് ആറ് ആദ്യവെള്ളിയാഴ്ച പത്താംക്ലാസ്, പ്ലസ് ടു പരീക്ഷയ്ക്ക് ഒരുങ്ങുന്ന കുട്ടികൾക്കുവേണ്ടി ബ്രദർ സെബാസ്റ്റ്യൻ താന്നിക്കലിന്റെ നേതൃത്വത്തിൽ ഒരുക്കപ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെട്ടു.

**മരിയൻ ധ്യാനം**

ആവേ മരിയ ഭവനത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ആദ്യവെള്ളിയാഴ്ച മുതൽ ഞായറാഴ്ച വരെ നടത്താറുള്ള മരിയൻ ധ്യാനം മാർച്ച് 6, 7, 8 തീയതികളിൽ തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ വച്ച് നടത്തി. ഡയറക്ടറച്ചനും ടീമംഗങ്ങളും നേതൃത്വം കൊടുത്തു.

**പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനാ ശുശ്രൂഷകൾ**

കൊറോണ വൈറസ് ലോകത്തെ മുഴുവൻ പടർന്നു പിടിക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ ആവേ മരിയയിലെ ശുശ്രൂഷകർ ഭവനങ്ങളിൽ ഇരുന്ന് പ്രത്യേക പ്രാർത്ഥനകൾ നടത്തുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**1. കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവൻഷൻ**

2020 മാർച്ച് 07 -നു കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവൻഷൻ നടന്നു. 2020 മാർച്ച് 06 വെള്ളിയാഴ്ച രാത്രി 07.30 മുതൽ ആദ്യശനിയാഴ്ച രാവിലെ 9-മണിവരെ ദിവ്യകാരുണ്യ ആരാധനയും തുടർന്ന് വചനപ്രഘോഷണവും ദിവ്യകാരുണ്യപ്രദക്ഷിണവും ആഘോഷപൂർവകമായ വിശുദ്ധ ബലിയും ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി.എം.ഐ., റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, ബ്രദർ. ജയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, മാനേജർ ബ്രദർ വിമൽ സണ്ണി തുടങ്ങിയവർ ശുശ്രൂഷകളിൽ സഹായിച്ചു.

**2. കൃപാനുഭവധ്യാനം**

2020 മാർച്ച് 08 മുതൽ 12 വരെ, ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ കൃപാനുഭവധ്യാനം നടത്തപ്പെട്ടു. 35 വൈദികരും 76 സിസ്റ്റേഴ്സും 589 അത്മായരും ധ്യാനത്തിൽ പങ്കെടുത്തു.

റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി.എം.ഐ., റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. ലൂക്കാ ചാവറ സി.എം.ഐ., ബ്രദർ. ജയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, മാനേജർ ബ്രദർ വിമൽ സണ്ണി തുടങ്ങിയവർ ശുശ്രൂഷകളിൽ സഹായിച്ചു. കൃപയുടെ നാല്പ

തു മണിക്കൂർ ആരാധന വൈകുന്നേരം 11 മണിയോടെ സമാപിച്ചു.

**3. ഓൺലൈൻ ബൈബിൾ കൺവൻഷൻ**


2020 മാർച്ച് 18 - 22 വരെയും മാർച്ച് 26-29 വരെയും ഓൺലൈൻ ബൈബിൾ കൺവൻഷൻ നടത്തപ്പെട്ടു. വചനപ്രഘോഷണവും ആഘോഷപൂർവകമായ വിശുദ്ധ ബലിയും പരിഹാര ആരാധനയും ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു.

**4. സ്വാഗതം**

2020 മാർച്ച് 19-നു അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ റീജൻസിക്കായി വന്ന ബ്രദർ ജോൺ (ജോയ്സ്) തെക്കേവയലിൽ ന് മരിയൻ കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 04868 253300, 96561 41917

**ഫാ. ഡോമിനിക്ക് വാളന്മനാൽ**
**ഡയറക്ടർ**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- കാഞ്ഞിരപ്പള്ളി സി.എം.സി. അമല പ്രോവിൻസ് സ്ഥാപിതമായതിന്റെ 40 വർഷം പൂർത്തിയാകുന്നു. റൂബി ജൂബിലിയോട് അനുബന്ധിച്ച് പ്രോവിൻസിലെ എല്ലാ മഠങ്ങളെയും ഉൾപ്പെടുത്തി 40 മണിക്കൂർ ആരാധന പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.
- 40 മണിക്കൂർ ആരാധനയിൽ പ്രോവിൻസിലെ സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങൾക്ക് വേണ്ടി ഒരു ദിവസം നടത്തുകയും കുടുംബാംഗങ്ങൾ സംബന്ധിച്ച് ആത്മീയ നിർവൃതി പ്രാപിക്കുകയും ചെയ്തു.
- വനിതാ ദിനത്തോട് അനുബന്ധിച്ച് സോഷ്യൽ വർക്ക് ടീം അംഗങ്ങൾ കാഞ്ഞിരപ്പള്ളി ബസ് സ്റ്റാൻഡിൽ വനിതാ ദിനാഘോഷ പരിപാടികൾ നടത്തി.
- അഭിവന്ദ്യ മാർ ജോസ് പുളിയ്ക്കൽ പിതാവിന് പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകുകയും പിതാവിന്റെ ജന്മദിനത്തിന്റെയും ഫീസ്റ്റിന്റെയും മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു. പിതാവ് വി. കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.
- ഇടവക വികാരി ബഹു. ജോസഫ് വെള്ളമറ്റത്തിന്റെ നാമഹേതുക തിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ ആഘോഷിക്കുകയും അച്ചനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.
- കാഞ്ഞിരപ്പള്ളി CRI യൂണിറ്റിന്റെ അംഗങ്ങൾ പൊൻകുന്നത്ത് മരണമടഞ്ഞ സി. കാതറൈൻ SABS -ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുകയും റീത്ത് സമർപ്പിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു.

- ലോകം മുഴുവനും വ്യാപിച്ചിരിക്കുന്ന കൊറോണ വൈറസ് രോഗത്തിൽ നിന്നും മോചനം നേടുന്നതിനും ഈ രോഗം മൂലം മരണമടഞ്ഞവർക്കും രോഗികളായി കഴിയുന്നവർക്കും വേണ്ടിയും പ്രോവിൻസിന്റെ എല്ലാ ഭവനങ്ങളിലും പ്രൊവിൻഷ്യൽ ഹൗസിലും ജാഗരണപ്രാർത്ഥനകളും ജപമാലയും പ്രത്യേക പ്രാർത്ഥനകളും നടത്തുന്നു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- 8 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ് വി. കുർബാനയർപ്പിക്കുകയും, ആശംസകൾ അർപ്പിക്കുകയും ചെയ്തു.

- തദവസരത്തിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ സാരഥ്യം ഏറ്റെടുത്ത അഭിവന്ദ്യ പിതാവിന് പ്രൊവിൻഷ്യൽ ഹൗസിൽ സ്വീകരണവും പ്രാർത്ഥനാശംസകളും നേർന്നു.

- കൂരീയാ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ വരികയും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

- കാളകെട്ടി നിർമ്മലാ സ്കൂൾ, സെന്റ് ജോസഫ്സ് നേഴ്സറി സ്കൂൾ വാർഷിക സമ്മേളങ്ങളിൽ ബഹു. പ്രൊവിൻഷ്യലമ്മ മുഖ്യ സന്ദേശം നൽകി.

- എല്ലാ സോണുകളിലും നൈറ്റ് വിജിൽ ബഹു. കൗൺസിലേഴ്സിന്റെ നേതൃത്വത്തിൽ നടത്തി. കോവിഡ് – 19 വൈറസ് ബാധയിൽ നിന്നും എല്ലാ മക്കളെയും രക്ഷിക്കുന്നതിനായി പ്രൊവിൻഷ്യൽ ഹൗസിൽ 40 മണി ആരാധന നടത്തി. എല്ലാ ഭവനങ്ങളിലും യാമാരാധന, അഖണ്ഡ ജപമാല എന്നിവ നടത്തി പ്രാർത്ഥിക്കുന്നു.

- 10,12 ക്ലാസ്സുകളിലെ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കായ് പ്രത്യേക ആരാധനയും പ്രാർത്ഥനയും ഭവനങ്ങളിൽ നടത്തി.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സെന്റ് ജോൺ ഓഫ് ഗോഡ് സിസ്റ്റേഴ്സിന്റെ ആയാംകുടി ഓൾഡ് ഏയ്ജ് ഹോം ചാപ്ലയിൻ ആയിരുന്ന ബഹു. ജോസഫ് കാര്യപ്പുറം അച്ചന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും, രാമപുരം പള്ളിയിൽ വച്ചു നടന്ന മൃതസംസ്കാര ചടങ്ങിൽ സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസും സിസ്റ്റേഴ്സും പങ്കെടുക്കുകയും ചെയ്തു.
- സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസസമൂഹത്തിന്റെ ആദ്യകാല സുപ്പീരിയർ ആയിരുന്ന ബഹു. സി. ബറോമിയോ FCC-യുടെ, ചങ്ങനാശ്ശേരി FCC മഠത്തിൽ വച്ചു നടത്തിയ 40-ാം ചരമദിന വി. കുർബ്ബാനയിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- മാർച്ച് 8-ന് St. John of God-ന്റെ Feast സമുചിതമായി ആഘോഷിച്ചു.
- ബാംഗ്ലൂർ St. John's Medical College-ൽ നിന്നും MLT പാസായ സി. അൽഫോൻസാ ജോർജ്ജിന്റെ ബിരുദദാന ചടങ്ങിൽ സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസും സിസ്റ്റേഴ്സും സംബന്ധിച്ചു.
- P.O.C-യിൽ വച്ചു നടത്തിയ 'Seminar on Finance Income Tax, GST, FCRA & Labour Laws for charitable and religion institutions' സെമിനാറിൽ അസി. ജനറൽ സി. റോസിലി ജോൺ, ജനറൽ പ്രൊക്കുറേറ്റർ സി. ആനീസ് ജോസഫ് എന്നിവർ പങ്കെടുത്തു.
- കൊറോണ രോഗബാധ നിയന്ത്രണവിധേയമാക്കുവാനും ദൈവ കരുണ ലഭിക്കുന്നതിനായും അഖണ്ഡ ജപമാലയും ആരാധനയും നടത്തി.
- ഭവന നിർമ്മാണത്തിന് സഹായം നൽകി.
- മേജർ ചികിത്സ ആവശ്യമായ രണ്ടു രോഗികൾക്ക് ചികിത്സാ സഹായം നൽകി.

- വി. യൗസേപ്പിതാവിന്റെ നാമധാരിയായ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ നാമഹേതുക തിരുനാളിൽ പ്രാർത്ഥനാ ശംസകൾ അർപ്പിച്ചു.
- കോറോണ വൈറസിന്റെ ശക്തി നിർവീര്യമാക്കുവാൻ, ലോകം മുഴുവനും കൊറോണ ഭീതിയിൽ നിന്നും രോഗത്തിന്റെ പിടി യിൽ നിന്നും വിമുക്തമാകുന്നതിനും വേണ്ടി പ്രാർത്ഥനാ ദിന ങ്ങൾ ആചരിച്ചു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- കാക്കനാട് പി.ഒ.സി.യിൽ നടന്ന Corporate Managers Meet- ൽ സി. എലിസബത്ത് മേരി എസ്.എച്ച്. പങ്കെടുത്തു.
- കാഞ്ഞിരപ്പള്ളി മുൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് കൂവപ്പള്ളി അമൽജ്യോതി കോളേജിൽ വച്ച് നൽകിയ ജനകീയ ആദരവ് ചടങ്ങിൽ ബഹു. പ്രൊവിൻഷ്യൽ ടീമും മറ്റു സഹോദരിമാരും പങ്കെടുത്തു.
- ആശ്രമശുശ്രൂഷികൾക്കായുള്ള ഒരു ഏകദിന സമ്മേളനം പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. അവർക്കായി ഗെയിംസ് നട ത്തി.
- കൂവപ്പള്ളി നേഴ്സറി സ്കൂളിന്റെ വാർഷികാഘോഷത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേരി ഫിലിപ്പ് എസ്.എച്ച്. പങ്കെടുത്ത് സന്ദേശം നൽകി.
- മേലോരം SMG UP സ്കൂളിന്റെയും പൊടിമറ്റം സെന്റ് ജോസഫ് എൽ.പി. സ്കൂളിന്റെയും വാർഷികാഘോഷത്തിൽ സി. എലി സബത്ത് മേരി എസ്.എച്ച്. പങ്കെടുത്ത് സന്ദേശം നൽകി.
- കട്ടപ്പനയിൽ വച്ച് നടന്ന Corporate School Teachers Gathering - ൽ Education Councillor സി. റോസ് റ്റോം എസ്.എച്ചും. സഹോദരി മാരും പങ്കെടുത്തു.
- തമ്പലക്കാട് സെന്റ് തോമസ് ഇടവകയിൽ സി. ട്രീസാ അല്ലേശ്

എസ്.എച്ച്-ന്റെ നേതൃത്വത്തിൽ രണ്ടു ദിവസത്തെ ഹോം വിസിറ്റ് നടന്നു.

- എസ്.എച്ച്. ജനറലേറ്റിൽ നടന്ന കാരിസം റിട്രീറ്റിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേരി ഫിലിപ്പ് എസ്.എച്ചും. സഹോദരിമാരും പങ്കെടുത്തു.
- തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ റവ. സി. അൽഫോൻസാ തോട്ടുങ്കൽ എസ്.എച്ച്. കാഞ്ഞിരപ്പള്ളി വിമലാ പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക സന്ദർശനം നടത്തി.
- കണയങ്കവയലിൽ പുതിയ 4 തിരുഹൃദയ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു.
- മദ്യവിമുക്തരായവരുടെ രഹസ്യകൂട്ടായ്മയായ മോചന എല്ലാ ആഴ്ചയിലും നടന്നുവരുന്നു. നോമ്പിലേക്കുള്ള ഒരുക്കമായി കുമ്പസാരം നടത്തി.
- കട്ടപ്പന മുനിസിപ്പാലിറ്റിയിലെ ശുചീകരണ തൊഴിലാളികളെ ആദരിച്ചു. അവർക്കായി കരുതൽ സമ്പാദ്യ പദ്ധതി ആരംഭിച്ചു. പ്രസ്തുത പരിപാടിയിൽ 31 പേർ പങ്കെടുത്തു.
- തിരുഹൃദയ സമൂഹത്തിന്റെ കീഴിൽ അടുക്കള തോട്ടം മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മ നടത്തുകയും അവർക്കായി വിവിധങ്ങളായ പരിപാടികൾ നടത്തുകയും, കരുതൽ പദ്ധതി ആരംഭിക്കുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ 46 പേർ പങ്കെടുത്തു.
- ഫെബ്രുവരി രോഗീ സന്ദർശന മാസമായി ആചരിക്കുകയും 20 മഠങ്ങളുടെ നേതൃത്വത്തിൽ 159 രോഗികളുടെ കുടുംബങ്ങൾ സന്ദർശിക്കുകയും, 7 ആതുര സേവനസ്ഥാപനങ്ങൾ സന്ദർശിക്കുകയും, 3 പ്രത്യേക പരിപാടികൾ നടത്തുകയും ചെയ്തു.
- മാർച്ച് 8 ലോക വനിതാ ദിനത്തോടനുബന്ധിച്ചു മേരികുളം, അമലഗിരി, മുണ്ടിയെരുമ, കമ്പംമെട്ട്, വെച്ചൂച്ചിറ, കൊരട്ടി, വലിയ

തോവാള എന്നിങ്ങനെ 7 സ്ഥലങ്ങളിൽ വിവിധങ്ങളായ പരിപാടികൾ നടത്തി. ചേമ്പളം, വെച്ചൂച്ചിറ എന്നിവിടങ്ങളിൽ വിധവകൾക്കായുള്ള നവോമി സംഗമവും നടത്തി.

- കട്ടപ്പന, ചേമ്പളം വെച്ചൂച്ചിറ, മുണ്ടിയെരുമ എന്നിവിടങ്ങളിൽ കുട്ടികൾക്കായുള്ള ബാലസഭകൾ, ബൈബിൾ നേഴ്സറി എന്നീ പരിപാടികൾ നടത്തി.

**സി. റ്റെസി മരിയ FCC**
**സെക്രട്ടറി**

**സി. ജോയി മരിയ S.H.**
**കോഡിനേറ്റർ**

## സ്നേഹസ്മരണയ്ക്ക്



**സി. കാതറൈൻ S.H.**
**വാച്ചാപറമ്പിൽ**

ജനനം : 07.03.1950
ആദ്യവ്രതം : 19.04.1971
നിത്യവ്രതം : 12.11.1977
മരണം : 18.03.2020



**സി. കാതറൈൻ SABS**
**മേലേടത്ത്**

ജനനം : 04.03.1939
ആദ്യവ്രതം : 25.04.1962
നിത്യവ്രതം : 24.05.1966
മരണം : 13.03.2020



**സി. ആനി സൂസോ CMC**
**പാറടിയിൽ**

ജനനം : 17.02.1939
ആദ്യവ്രതം : 17.04.1964
മരണം : 28.02.2020

# കത്തോലിക്കാ കോൺഗ്രസ്
# (A.K.C.C.)

## ഹെൽപ്പ് ഡസ്ക് യോഗം

ഫെബ്രുവരി 21-ന് പാലാരിവട്ടം പി.ഒ.സി.യിൽ കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഗ്ലോബൽ സമിതിയോഗം ഡയറക്ടർ ഫാ. ജിയോ കടവി ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നും പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, വർക്കിംഗ് കമ്മിറ്റിയംഗം ജെയിംസ് പെരുമാകുന്നേൽ എന്നിവർ പങ്കെടുത്തു. തുടർന്നു നടന്ന രൂപതകളിൽ നിന്നുള്ള ഹെൽപ്പ് ഡസ്ക് ഭാരവാഹികളുടെ യോഗത്തിൽ രൂപതാ കോ-ഓർഡിനേറ്റർമാരായ സോണി അലക്സ് കോഴിമല, സിനി ജിബു നീറനാക്കുന്നേൽ എന്നിവർ പങ്കെടുത്തു.

## രൂപതാ സമിതിയോഗം

ഫൊറോന യൂണിറ്റ്, വനിതാ ഫോറം കത്തോലിക്കാ കോൺഗ്രസ് രൂപതാ ഭാരവാഹികളുടെ യോഗം ഫെബ്രുവരി 23 ഞായറാഴ്ച പാസ്റ്ററൽ സെന്റർ അനക്സിൽ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, വർക്കിംഗ് കമ്മിറ്റിയംഗം ജെയിംസ് പെരുമാകുന്നേൽ, വനിതാഫോറം രൂപതാ പ്രസിഡന്റ് മിനി സണ്ണി മണ്ണംപ്ലാക്കൽ, ആൻസമ്മ തോമസ്, സിനി ജിബു നീറനാക്കുന്നേൽ, പി.എം. ജോസഫ് പണ്ടാരക്കളം തുടങ്ങിയവർ പ്രസംഗിച്ചു. യോഗത്തിൽ മാർച്ച് 1-ന് അമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ നടന്ന മാർ മാത്യു അറയ്ക്കൽ പിതാവിനു നൽകുന്ന ജനകീയ സ്നേഹാദരവ് പ്രോഗ്രാമിലേക്ക് കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളെ ക്ഷണിച്ചുകൊണ്ട്

പാസ്റ്ററൽ ആനിമേഷൻ ഡയറക്ടർ ഫാ. സ്റ്റാൻലി പുള്ളോലിക്കൽ സംസാരിച്ചു.

**രൂപതാ ഡയറക്ടർമാരുടെ യോഗം**

ഫെബ്രുവരി 28-ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കത്തോലിക്കാ കോൺഗ്രസ് രൂപതാ ഡയറക്ടർമാരുടെ യോഗം അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ഹെൽപ്പ് ഡസ്ക്, കർഷക-ന്യൂനപക്ഷ അവകാശസംരക്ഷണ കേരളയാത്ര, സംരംഭക വർഷാചരണം തുടങ്ങിയ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. കാഞ്ഞിരപ്പള്ളി രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി സമ്മേളനത്തിൽ പങ്കെടുത്തു.

**ജനകീയ സ്നേഹാദരവ്**

രൂപതാദ്ധ്യക്ഷ സ്ഥാനത്തുനിന്നും വിരമിച്ച അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് മാർച്ച് 1-ന് അമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ നൽകിയ ജനകീയ സ്നേഹാദരവ് പ്രോഗ്രാമിന്റെ വിജയത്തിനായി കത്തോലിക്ക കോൺഗ്രസ് അംഗങ്ങൾ സജീവമായി പങ്കെടുത്തു. ആത്മാർത്ഥമായി സഹകരിച്ച എല്ലാ അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

**കർഷക ന്യൂനപക്ഷ അവകാശ സംരക്ഷണ യാത്ര**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ മെയ് 10 മുതൽ 23 വരെ കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം നേതൃത്വം നൽകുന്ന 'കർഷക ന്യൂനപക്ഷ അവകാശ സംരക്ഷണ കേരളയാത്ര' നടത്തും. ഇതുസംബന്ധിച്ച് കോട്ടയം, പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി രൂപതകളിലെ ഭാരവാഹികളുടെ സംയുക്ത ആലോചനായോഗം ഫെബ്രുവരി 29-ന് കോട്ടയത്ത് കത്തോലിക്കാ കോൺഗ്രസ് കാര്യാലയത്തിൽ നടത്തി. ഗ്ലോബൽ സമിതി സെക്രട്ടറി പ്രൊഫ. ജോസുകുട്ടി ഒഴുകയിലിന്റെ അദ്ധ്യക്ഷതയിൽ ഗ്ലോബൽ വൈസ് പ്രസിഡന്റ് സാജു അലക്സ് ഉദ്ഘാടനം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതയെ പ്രതിനിധീകരിച്ച് ജോമി കൊച്ചുപറമ്പിൽ, ജെയിംസ് പെരുമാക്കുന്നേൽ എന്നിവർ പങ്കെടുത്തു.

## കറിക്കാട്ടൂർ യൂണിറ്റ്

കത്തോലിക്കാ കോൺഗ്രസ് കറിക്കാട്ടൂർ യൂണിറ്റ് യോഗം പ്രസിഡന്റ് റെജി മാത്യു വാളിപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ വികാരി ഫാ. ജോസുകുട്ടി ഇടത്തിനകം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി ജോസഫ് കുളമ്പള്ളിൽ റിപ്പോർട്ട് അവതരിപ്പിച്ചു. കറിക്കാട്ടൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രൂപതാ സമിതിയുടെ സഹകരണത്തോടെ മാർച്ച് 8-ന് ലോക വനിതാദിനാചരണം കറിക്കാട്ടൂർ പാരീഷ് ഹാളിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാകുന്നേൽ, കാഞ്ഞിരപ്പള്ളി ഫൊറോനാ ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, വർക്കിംഗ് പ്രസിഡന്റ് ടോമിച്ചൻ പാലമുറി, രൂപതാ പ്രതിനിധി സണ്ണിക്കുട്ടി അഴകമ്പ്രായിൽ എന്നിവർ പ്രസംഗിച്ചു.

## സ്വാഗതസംഘം

കത്തോലിക്കാ കോൺഗ്രസ് രൂപതാ ഭാരവാഹികളുടെ യോഗം മാർച്ച് 5 ന് രൂപതാസമിതി കാര്യാലയത്തിൽ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. മെയ് മാസത്തിൽ ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കർഷക - ന്യൂനപക്ഷാവകാശ സംരക്ഷണ കേരളയാത്രയുടെ വിജയത്തിനായി 101 അംഗ സ്വാഗതസംഘം രൂപീകരിച്ചു.

## കപ്പാട് യൂണിറ്റ്

കപ്പാട് യൂണിറ്റ് യോഗം മാർച്ച് 6-ന് പ്രസിഡന്റ് ജോബി തെക്കുംചേരിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. മെയ് 19-ന് കാഞ്ഞിരപ്പള്ളിയിൽ നടക്കുന്ന കേരളയാത്ര സ്വീകരണ സമ്മേളനത്തിൽ യൂണിറ്റിൽ നിന്നും 51 അംഗങ്ങളെയും മെയ് 23-ന് തിരുവനന്തപുരത്തു നടക്കുന്ന സമാപനസമ്മേളനത്തിൽ 15 അംഗങ്ങളെയും പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചു. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, ജോജോ തെക്കുംചേരിക്കുന്നേൽ, സാബു വട്ടോത്ത്, ജോയി പാലക്കുടി എന്നിവർ പ്രസംഗിച്ചു.

## ചെങ്ങളം യൂണിറ്റ്

ചെങ്ങളം സെന്റ് ആന്റണീസ് ഇടവകയിലെ കത്തോലിക്കാ

കോൺഗ്രസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകാംഗങ്ങൾക്ക് ചെറുപയർ വിത്ത് വിതരണം നടത്തി. വികാരി ഫാ. വർഗീസ് കുളമ്പള്ളിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് ആന്റണി ഇടപ്പാടിക്കരോട്ട്, റെന്നി ചക്കാലയിൽ, ജോയ് സി. ചെങ്ങളത്തുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

**വനിതാ ദിനാചരണം**

കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെയും കറിക്കാട്ടൂർ യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ വനിതാഫോറം രൂപതാ സമിതിയുടെ സഹകരണത്തോടെ, അന്തരാഷ്ട്ര വനിതാദിനമായ മാർച്ച് 8-ന് കറിക്കാട്ടൂർ സെന്റ് ആന്റണീസ് പാരീഷ് ഹാളിൽ 'വനിതാ സംഗമം' നടത്തി. വനിതാ ഫോറം രൂപതാ പ്രസിഡന്റ് മിനി സണ്ണി മണ്ണംപ്ലാക്കലിന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷനംഗം അഡ്വ. ബിജു എം. തോമസ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ആമുഖസന്ദേശം നൽകി. മണിമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആൻസി സെബാസ്റ്റ്യൻ മുതിർന്ന വനിതകളെ ആദരിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസുകുട്ടി ഇടത്തിനകം, കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, കാഞ്ഞിരപ്പള്ളി സഹകരണ കാർഷിക വികസന ബാങ്ക് പ്രസിഡന്റ് സണ്ണിക്കുട്ടി അഴകമ്പ്രായിൽ, ഗ്രാമപഞ്ചായത്തംഗം പി.കെ. വാസന്തി, കത്തോലിക്ക കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയംഗം ജെയിംസ് പെരുമാക്കുന്നേൽ, രൂപതാ വൈസ് പ്രസിഡന്റുമാരായ ആൻസമ്മ തോമസ്, സിനി ജിബു, സി. മേഴ്സിൻ, ടെസി ബിജു പാഴിയാങ്കൽ, ആൻസി സാജൻ, ക്രിസ്റ്റി ബോബി, റെജീന ബോബി, യൂണിറ്റ് പ്രസിഡന്റ് റെജി മാത്യു വാളിപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു.

കത്തോലിക്കാ കോൺഗ്രസ് ചിറക്കടവ് താമരക്കുന്ന് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വനിതാദിനത്തോടനുബന്ധിച്ച് അഞ്ചിലിപ്പ അഭയഭവനിൽ സ്നേഹക്കൂട്ടായ്മ നടത്തി. ടെസി ബിജു പാഴിയാങ്കലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. വനിതാ ഫോറം രൂപതാ പ്രസിഡന്റ് മിനി സണ്ണി മണ്ണംപ്ലാക്കൽ സന്ദേശം നൽകി. ആൻസമ്മ തോമസ്, ടോമിച്ചൻ പാലമുറി, സജി മുട്ടത്ത് എന്നിവർ പ്രസംഗിച്ചു. അഭയഭവൻ

അന്തേവാസികളോടൊപ്പം സ്നേഹവിരുന്നും നടത്തി അംഗങ്ങൾ അവരോടുള്ള ആദരവ് പ്രകടിപ്പിച്ചു.

**ആനക്കല്ല് യൂണിറ്റ്**

ആനക്കല്ല് സെന്റ് ആന്റണീസ് യൂണിറ്റ് യോഗം മാർച്ച് 9 ന് യൂണിറ്റ് പ്രസിഡന്റ് സോണി ജോർജ് കോഴിമലയുടെ അദ്ധ്യക്ഷതയിൽ വികാരി ഫാ. ഡാർവിൻ വാലുമണ്ണേൽ ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. തോമസ് നരിപ്പാറയിൽ, ജെയിംസ് പെരുമാക്കുന്നേൽ, പ്രൊഫ. റോണി കെ. ബേബി, ജോസ് മടുക്കക്കുഴി, സിബി തൂമ്പുങ്കൽ, എം. ജെ. ഡൊമിനിക് മടുക്കക്കുഴി എന്നിവർ പ്രസംഗിച്ചു.

**നോമിനേറ്റ് ചെയ്തു**

കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാ മീഡിയ കോ- ഓർഡിനേറ്ററായി മനോജ് മറ്റമുണ്ടയിൽ (കപ്പാട്) നെ നോമിനേറ്റ് ചെയ്തു.

